
# സത്യദൂതൻ

2025 മാർച്ച് | ലക്കം 03
വില ₹ 30

100TH YEARS
ഒരു നൂറ്റാണ്ട് പൂർത്തിയാക്കിയ മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



- ഹൃദയം: ചലനാത്മകമായ ദിവ്യാത്ഭുതം
- അത്ഭുതങ്ങൾ സംജാതമാവുക പ്രാർത്ഥനയിലൂടെയാണ്
- ഉക്രെയിൻ യുദ്ധം: റഷ്യക്കനുകൂലുമായി അമേരിക്കയുടെ വൻ മാറ്റം

# ഉടൻ


# പുറത്തിറങ്ങുന്നു!!

## കേവലനീതി
## കാരുണ്യം, ബന്ധുത്വം

### മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ

---

മനുഷ്യബന്ധങ്ങളിൽ പ്രതിഫലിക്കേണ്ട ദൈവ കൽപിതമായ നീതിയുടെയും കാരുണ്യത്തിന്റെയും അദ്ധ്യാപനങ്ങളെ സംബന്ധിച്ച് സൂക്ഷ്മവും സമഗ്രവുമായി പ്രതിപാദിക്കുന്ന ഉജ്ജ്വല ഗ്രന്ഥം.




**വില**
**300 രൂപ**

Hadrath Mirza Tahir Ahmad
(Khalifathul Masih IV)

വിവർത്തനം : ഏ.എം. മുഹമ്മദ് സലീം

**പ്രസാധകർ**

**മജ്‌ലിസ് അൻസാറുല്ലാഹ്, എറണാകുളം ജില്ല**




# അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **ഈദിന്റെ സന്ദേശം ആത്മീയ സന്ദേശം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)
2023 ഏപ്രിൽ 22 ന് ചെയ്ത ഖുത്ബയുടെ സംഗ്രഹം



**10** **അത്ഭുതങ്ങൾ സംജാതമാവുക പ്രാർത്ഥനയിലൂടെയാണ്**
ഹദ്റത്ത് അഹ്മദ് (അ)


**12** **അൽ-കൗസർ ഒരു വിശദീകരണം**
മൗലാനാ മുഹമ്മദ് ഉമർ

**13** **മനുഷ്യശരീരത്തിന്റെ കായിക വളർച്ച**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)



**19** **ക്രിസ്ത്യൻ ഇവാഞ്ചലിസവും യഹൂദ സയണിസവും**
എ. എം. മുഹമ്മദ് സലീം

**24** അനുസ്മരണം




**25** **ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ ഭയപ്പെടണമോ?**
ലവാൽ ഇബ്രാഹിം ഒലാനി, നൈജീരിയ

**29** ചോദ്യോത്തരം
**കലയും സംഗീതവും**



**34** **ഹൃദയം: ചലനാത്മകമായ ദിവ്യാത്ഭുതം**
മൂസ്സാ സത്താർ യു.കെ

**39** **സത്യദൂതൻ 100 വർഷത്തെ പത്രാധിപന്മാർ**
ബി. മൻസൂർ അഹ്മദ് മാത്തോട്ടം




**40** കുറിപ്പുകൾ
**ഉക്രെയിൻ യുദ്ധം: റഷ്യക്കനുകൂലമായി അമേരിക്കയുടെ വൻ മാറ്റം**
മുസാഫിർ


**സത്യദൂതന്റെ പഴയ ലക്കങ്ങൾ ഓൺലൈനിൽ വായിക്കുവാൻ ഈ QR CODE ഉപയോഗിക്കുക.**


لا إله إلا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

2025 – മാർച്ച്
ഹി.ശ. 1405 – അമാൻ
1446 ശഅബാൻ – റമദാൻ
പുസ്തകം 97 ലക്കം 03
വില 30 രൂപ



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**സി.പി.സുൽത്താൻ നസീർ**
**ഫോൺ : 9544 274 240**

മാനേജർ
**ഡോ. സി. സലാഹുദ്ദീൻ**
**ഫോൺ : 9447 424 619**

സർകുലേഷൻ മനേജർ
**കെ.എ.സാജിദ്**
**ഫോൺ : 9995950052**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി – 682018



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.


**Edited by** A.M. Muhammed Salim.

**Design:** HA *Creative Graphics*

## വിശുദ്ധ ഖുർആനിൽ നിന്ന്

സമസ്ത മനുഷ്യർക്കും സൻമാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളു തുമായ ഖുർ ആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് 'റമദാൻ'. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ (ആ മാസത്തിൽ) വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളാരെങ്കിലും (താൽ ക്കാലികമായി) രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റുദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശി ക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സൻമാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടു ത്തുന്നതിനും, നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു (2:185)





## നബിവചനം

അബൂദർദാഅ്[റ]ൽ നിന്ന് നിവേദനം: റസൂൽ തിരുമേനി[സ] ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: നിങ്ങൾ എന്നെ ദുർബലരുടെയും ദരിദ്രരുടെയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങളുടെ ഇടയിലുള്ള ബലഹീനർ നിമിത്തമാണ്. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

ലോകത്ത് ആരും തന്നെ എന്റെ ശത്രുവല്ലായെന്നും സകലമുസ്‌ലിംകളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യാക്കളോടും ഞാൻ തുറന്നു പറഞ്ഞു കൊള്ളട്ടെ! ഒരു മാതാവ് തന്റെ മക്കളോട് എപ്രകാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുതലായുള്ള സ്നേഹമാണ് എനിക്കു മനുഷ്യകുലത്തോ ടുള്ളത്. സത്യത്തെ ഞെക്കിക്കൊല്ലുന്ന വ്യാജവിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യരോടുള്ള സഹാനുഭൂതി എന്റെ കർത്തവ്യധർമ്മമാകുന്നു. കളവും പൊയ്ദൈവപൂജയും അക്രമവും മറ്റെല്ലാ ദുർവൃത്തികളും, അനീതിയും ദുഃസ്വഭാവവും വെറുക്കുക എന്നതും എന്റെ പാഠമാകുന്നു. (അർബയീൻ പേ. 2)



# ഈദുൽ ഫിത്വർ കാരുണ്യത്തിന്റെ മഹാസുദിനം

വ്രതദീക്ഷയാൽ സുകൃത സമ്പന്നമായ ആത്മാവിനുള്ള സ്വർഗ്ഗീയ സന്ദേശവും കൊണ്ട് ഈദുൽ ഫിത്വർ ദിനം വന്നെത്തുകയാണ്. ഒരു മാസക്കാലം വിശ്വാസികൾ വ്രതമെടുത്ത് ആർജ്ജിച്ച ആത്മീയ തേജസ്സിന്റെ വിളംബരമാണ് ഈദുൽ ഫിത്വർ. ജീവിത പരീക്ഷണങ്ങളെ അഭിമുഖീകരിക്കാൻ അത് മനുഷ്യനെ കൂടുതൽ പ്രാപ്തമാക്കുന്നു.

സ്രഷ്ടാവായ ദൈവത്തിന്റെ ഏകത്വവും ഔന്നത്യവും ആവർത്തിച്ചുകൊണ്ട് തക്ബീർ ധ്വനികളോടെ ആരംഭിക്കുന്ന ഈദ് സുദിനം മതപരമായ ആഘോഷങ്ങളുടെ ഉത്തമ മാതൃകയാണ്. സന്തോഷത്തിന്റേയും ആഹ്ലാദത്തിന്റേയും ആ ദിനത്തിൽ ഒരു മനുഷ്യനും പട്ടിണി കിടക്കാനോ ദാരിദ്ര്യത്താൽ ദുഖിതനോ ആയിരിക്കാൻ പാടുള്ളതല്ല. റമദാനിൽ വിശപ്പിന്റെ വേദനയും പാരവശ്യവും അനുഭവിച്ചറിഞ്ഞ വിശ്വാസികളോട് പാവങ്ങൾക്ക് വേണ്ടി ഫിത്വർ സക്കാത്ത് എന്ന നിർബന്ധ ദാനം നൽകാൻ ഇസ്‌ലാം നിഷ്ക്കർഷിച്ചത് അത് കൊണ്ടാണ്. ഇസ്‌ലാമിലെ നിർബന്ധ ദാനമായ സക്കാത്ത് വിതരണത്തിന് വിശുദ്ധ റമദാനെയാണ് വിശ്വാസികൾ തിരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ നോമ്പെടുക്കാൻ കഴിയാത്തവർ പ്രായശ്ചിത്തമായി ഫിദിയ നൽകാനും മറ്റു ദാനധർമങ്ങൾ നിർവഹിക്കാനും ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു. റമദാൻ അവസാന നാളുകളിൽ പ്രചണ്ഡ മാരുതനെപോലെ കാരുണ്യവാന്മാരിൽ കാരുണ്യവാനായ റസൂൽ തിരുമേനി(സ) ഉദാരനാവുമായിരുന്നു. പരിശുദ്ധ ഇസ്‌ലാമിന്റെ സഹജമായ മനുഷ്യ സ്നേഹത്തിന്റെ സന്ദേശം ഈദുൽ ഫിത്വറിനെ കാരുണ്യത്തിന്റെ ഒരു മഹാസുദിനമാക്കി മാറ്റുന്നു.

ആഘോഷ വേളകളിൽ മതിമറന്നുല്ലസിക്കുക എന്നത് മനുഷ്യന്റെ ദൗർബല്യമാണ്. പരിവർജ്ജനവും സന്യസ്ത ജീവിതവും നിരോധിച്ച ഇസ്‌ലാം വിവേചന ബോധത്തോടെയുള്ള വിനോദപ്രദമായ ആസ്വാദനങ്ങളും ആഹ്ലാദങ്ങളെയും അനുവദിക്കുന്നു. പക്ഷേ ദാന ധർമ്മവും സൽപ്രവർത്തിയും ചെയ്യുമ്പോൾ മനുഷ്യാത്മാവ് അനുഭവിക്കുന്ന സന്തോഷവും സംതൃപ്തിയും ആഹ്ലാദവുമാണ് ഇസ്‌ലാം ആത്മാർഥമായും അഭിലഷിക്കുന്ന യഥാർത്ഥ സന്തോഷം. റസൂൽ തിരുമേനി(സ) മദീനയിൽ ആഗതനായപ്പോൾ വിനോദത്തിനും ഉല്ലാസത്തിനും രണ്ട് ദിവസം മാറ്റിവെച്ച് മദീനാ നിവാസികൾ ഉത്സവമായി ആഘോഷിച്ചിരുന്നു. അവിടുന്ന് അവരോട് അരുളി 'നിങ്ങളുടെ ഈ രണ്ട് ദിവസങ്ങൾക്ക് പകരം അല്ലാഹു നിങ്ങൾക്ക് മറ്റു രണ്ട് ദിവസം നിശ്ചയിച്ചു തന്നിരിക്കുന്നു. ഈദുൽ ഫിത്വർ ദിനവും ഈദുൽ അദ്ഹാ ദിനവും' (അബൂദാവൂദ്)

മനുഷ്യന്റെ ആഘോഷങ്ങൾക്ക് സ്നേഹവും ആത്മീയ ചൈതന്യവും പകർന്ന് കൊണ്ട് വീണ്ടും ഈദുൽ ഫിത്ർ സുദിനം വന്നെത്തുകയാണ്.

**വായനക്കാർക്ക് സത്യദൂതന്റെ ഈദ് ആശംസകൾ**



# പശ്ചാത്താപം

**ഹദ്റത്ത് അഹ്മദ് علیہ السلام**

മനുഷ്യൻ പ്രകൃത്യാ ദുർബലനാണെ് വളരെ പ്രകടമാണ്. അതേസമയം നിരവധി ദൈവിക കൽപ്പനകൾ പാലിക്കാൻ അവൻ ഭരമേൽപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. മനുഷ്യന്റെ ദൗർബല്യം കാരണം ദൈവത്തിന്റെ ആജ്ഞകൾ പാലിക്കുന്നതിൽ അവന് വീഴ്ചകൾ സംഭവിക്കുന്നു. ചിലപ്പോൾ തന്റെ സ്വേഛകളിൽ പ്രചോദിതനായി പാപത്തിലേക്ക് വഴുതി വീഴുകയും ചെയ്യുന്നു. മനുഷ്യന്റെ ദുർബല പ്രകൃതി മൂലം അവന്റെ ഓരോ വീഴ്ചയിലും സ്വയം പശ്ചാത്തപിച്ചാൽ, അവൻ നാശത്തിൽ നിന്നുള്ള സംരക്ഷണത്തിന് അർഹനായി തീരുന്നു. ദൈവം പശ്ചാത്താപം സ്വീകരിക്കുന്നവനല്ലായിരുന്നെങ്കിൽ തീർച്ചയായും നൂറു ക്കണക്കിന് മനുഷ്യൻ കല്പനകൾ പാലിക്കാൻ ബാധ്യസ്ഥനാക്കപ്പെടുമായിരുന്നില്ല. ഇത് തെളിയിക്കുന്നത് ദൈവം മനുഷ്യനോട് എപ്പോഴും കാരുണ്യപൂർവ്വം തിരിയുന്നു വെന്നും അവൻ ഏറ്റവും പൊറുത്തുകൊടുക്കുവനാണെുമാണ്. പശ്ചാത്താപം എന്നത് ഒരു ദുശ്ശീലം ഇനി മേൽ വർജിക്കും എന്ന നിശ്ചയത്തിൽ അവ ഉപേക്ഷിക്കലാണ്. അവൻ അഗ്നി യിൽ എറിയപ്പെട്ടാലും ആ ദുശ്ശീലം ആവർത്തിക്കില്ല. മനുഷ്യൻ ആത്മാർത്ഥ ദൃഢമായ തീരുമാനത്താൽ ദൈവത്തിൽ ശരണം തേടുകയാണെങ്കിൽ കരുണാനിധിയായ ദൈവം ആ പ്രത്യേക പാപത്തിന് അവന് പൊറുത്തുകൊടക്കുന്നു. ഒരു പാപിയെ അവന്റെ നാശ ത്തിൽ നിന്നും രക്ഷിക്കുന്നത് ദൈവത്തിന്റെ മഹത്തായ ഗുണമാണ്. മനുഷ്യന് അവന്റെ പശ്ചാത്താപം സ്വീകരിക്കപ്പെടുമെന്ന പ്രതീക്ഷയില്ലെങ്കിൽ പാപകൃത്യങ്ങളിൽ നിന്നും അവന് ഒഴിഞ്ഞു നിൽക്കാൻ സാധ്യമല്ല.

ക്രിസ്ത്യാനികളും പശ്ചാത്താപത്തിൽ വിശ്വസിക്കുന്നുണ്ട്. പക്ഷേ പശ്ചാത്തപിക്കുന്ന യാൾ ക്രിസ്ത്യാനിയായാൽ മാത്രമേ അയാളുടെ പശ്ചാത്താപം സ്വീകരിക്കപ്പെടുകയുള്ളൂ. എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. പശ്ചാത്താപത്തിന് ഇസ്‌ലാം യാതൊരു ഉപാ ധിയും വെക്കുന്നില്ല. ദൈവത്തിന്റെ ഗ്രന്ഥവും അവന്റെ ദൂതന്മാരേയും നിഷേധിക്കുന്ന പാപ ത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്ന എല്ലാ മതങ്ങളിലേയും വിശ്വാസികളുടെ പശ്ചാ ത്താപം ദൈവം സ്വീകരിക്കുകയും അവന്റെ മഹത്വം കൊണ്ട് ചില കഴിവുകൾ പശ്ചാ ത്തപിക്കുന്നവന് നൽകുകയും ചെയ്യുമ്പോൾ മാത്രമേ ഒരാൾക്ക് പാപത്തിൽ നിന്നും സുര ക്ഷിതനായി തീരാനാവുകയുള്ളൂ. (ചശ്മെ മഅ്രിഫ - പേ 181)

# ഈദിന്റെ സന്ദേശം

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
22.04.2023 യു കെയിലെ മസ്ജിദ് മുബാറക്കിൽ നിർവ്വഹിച്ച ഈദ് ഖുത്ബയുടെ സംഗ്രഹം.



ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)

മറ്റൊരു റമദാനിലൂടെ കടന്നുപോകാൻ അല്ലാഹു നമുക്ക് സൗഭാഗ്യം നല്കിയത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്. ഇതിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആരാധിക്കാൻ അല്ലാഹു തആല അവസരം നൽകിയ നിരവധി പേരുണ്ടാകും. അല്ലാ ഹുവിന്റെ അനുഗ്രഹ ദർശനങ്ങൾ കണ്ടവരും ഏറെയുണ്ടാകും. ഈ മുപ്പത് ദിവസങ്ങളിൽ അല്ലാഹുവിന്റെയും അവന്റെ ദാസരുടെയും കടമകൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റാൻ നമ്മിൽ പലർക്കും അവസരം ലഭിച്ചു എന്നത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്.

അല്ലാഹുവിന്റെ കൽപ്പന പ്രകാരം ഇന്ന് ഈദ് ആഘോഷിക്കുമ്പോൾ ഈ അവസ്ഥ വർഷത്തിന്റെ വരും ദിവസങ്ങളിൽ തുടരാൻ അല്ലാഹു നമ്മെ പ്രതിജ്ഞാബദ്ധരാക്കാനും, അല്ലാഹു നമ്മിൽനിന്നും ആഗ്രഹിക്കുംവിധവും ഹദ്റത്ത് മസീഹ് മൗഊദ്[അ] നമുക്ക് നല്കിയ അധ്യാപനമനുസരിച്ചും നമ്മുടെ ആരാധനകളുടെ നിലവാരം നിലനിർത്താൻ പരിശ്രമിക്കാനും അല്ലാഹു അനുഗ്രഹിക്കട്ടെ. അതോടൊപ്പം വിശുദ്ധ ഖുർആൻ നമ്മെ ഓർമ്മിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്ത ജനങ്ങളുടെ അവകാശങ്ങളോടുള്ള നിലവാരത്തിന്റെ തലങ്ങൾ കൈവരിക്കാനും നാം ശ്രമി ക്കണം. അങ്ങനെ ജീവിക്കുന്നവരായി നമ്മൾ മാറിയാൽ അതാണ് നമ്മുടെ യഥാർഥ ഈദ്.

അല്ലാഹുവിനെ ആരാധിക്കുന്നതിനോടൊപ്പം പരസ്പരമുള്ള അവകാശങ്ങൾ നിറവേറ്റുകയും ചെയ്യുന്ന സമൂഹം തന്നെയാണ് അല്ലാഹു തആലയുടെ അനുഗ്രഹത്തിന്റെ അവകാശികളായിത്തീരുന്ന സമൂഹം. ഇത് സംഭവിക്കുമ്പോൾ, ഈ സമൂഹം ഒരു സ്വർഗവും യഥാർഥ സന്തോഷത്തിന്റെ ഉറവിടവുമായിത്തീരുന്നു. അതിനാൽ ഈ ചിന്തയോടെ നമ്മൾ ഓരോരുത്തർക്കും നമ്മുടെ പ്രവർത്തനങ്ങളിൽ ഈ മാറ്റം സൃഷ്ടിച്ചു കൊണ്ട് ഈദിന്റെ അനുഗ്രഹങ്ങൾ ഓരോ നിമിഷവും, വർഷം മുഴുവനും നമ്മിൽ എത്തിച്ചേരുന്ന തരത്തിൽ ജീവിക്കാൻ നാം ശ്രമിക്കണം.

ഹുഖൂഖുൽ ഇബാദ് (അല്ലാഹുവിന്റെ ദാസന്മാ രോടുള്ള കടമകൾ) എന്ന അല്ലാഹുവിന്റെ രണ്ടാമത്തെ കൽപ്പനയെക്കുറിച്ച് ഇന്ന് ഞാൻ സംസാരിക്കുന്നതാണ്. എന്നാൽ പെരുന്നാൾ രാത്രിയുമായി ഒരു പ്രത്യേക ബന്ധമുള്ള ആരാധനയെക്കുറിച്ച് ഞാൻ ആദ്യം ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്.

തിരുനബി[സ] പറഞ്ഞു: രണ്ട് പെരുന്നാളുകളുടെ രാത്രികളിൽ അല്ലാഹുവിനുവേണ്ടി മാത്രമായി ആരാധന നടത്തുന്നവന്റെ ഹൃദയം എന്നെന്നേക്കുമായി ജീവിപ്പിക്കുന്നതാണ്. ലോകത്തിലെ മുഴുവൻ ഹൃദയങ്ങളും മരിക്കുന്നതുവരെ അവന്റെ ഹൃദയം മരിക്കില്ല. അതുകൊണ്ട് അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കണം എന്ന കാര്യം മറക്കുന്ന തരത്തിൽ പെരുന്നാളിന്റെ സന്തോഷങ്ങളിലും പരിപാടികളിലും മുഴുകിപ്പോകരുതെന്ന കാര്യം എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ട താണ്. നമ്മുടെ ഭാവിയെ കുറിച്ചും നാം വേവലാതിപ്പെടേണ്ടിയിരിക്കുന്നു.

ഈ ലോകം മാത്രമല്ല നമ്മുടെ

ലക്ഷ്യം. മറിച്ച് ഈദ് ദിനത്തിൽ, വരുന്ന രാത്രിയും തുടർന്നുള്ള രാത്രികളും അല്ലാഹുവിന്റെ ആരാധനയെ അവഗണിക്കരുത്. നാം അതനുസരിച്ച് പ്രവർത്തിക്കുമ്പോൾ, നമ്മുടെ ഹൃദയങ്ങൾക്ക് ശാശ്വതമായ യഥാർഥ ജീവൻ ലഭിക്കുന്നതാണ്. അത് അല്ലാഹു വിന്റെ പ്രീതി നേടുന്നതിലൂടെ ലഭിക്കുന്നതാണ്. അതിലൂടെ ഈ ലോകത്തും സന്തോഷങ്ങൾ കൈവരിച്ചുകൊണ്ട് നമ്മുടെ ജീവിതം സ്വർഗമായിത്തീരുകയും, പരലോകത്തും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാക്കിക്കൊണ്ട് സ്വർഗത്തിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. അല്ലാഹു ഈ രാത്രിയിലും തുടർന്നും നമ്മുടെ ആരാധനാ കർത്തവ്യം നിറവേറ്റാനും നമ്മുടെ ഹൃദയങ്ങളെ സജീവമാക്കി നിർത്താനുമുള്ള തൗഫീഖ് നമുക്ക് നൽകുമാറാകട്ടെ.

ദാസരോടുള്ള അവകാശം നിറവേറ്റാൻ നിർദേശിച്ചുകൊണ്ട് അല്ലാഹു ഒരിടത്ത് നൽകിയ നിർദേശങ്ങളുടെ അവസാനത്തിൽ പറഞ്ഞു: ഈ കടമ നിറവേറ്റുന്നില്ലെങ്കിൽ, നിങ്ങൾ അഹങ്കാരിയും അല്ലാഹു ഇഷ്ടപ്പെടാത്ത പൊങ്ങച്ചക്കാരുമാണ്.

ഞാൻ പാരായണം ചെയ്ത വചനത്തിന്റെ വിവർത്തനം ഇതാണ്: 'അല്ലാഹുവിനെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക, മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും അടുത്തബന്ധുവായ അയൽക്കാർക്കും അന്യനായ അയൽക്കാർക്കും കൂട്ടുകാർക്കും യാത്രക്കാർക്കുക്കും നന്മ ചെയ്യുക. തീർച്ചയായും അഹങ്കാരിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.'

അതിനാൽ, പരസ്പരാവകാശങ്ങൾ, കുടുംബാവകാശങ്ങൾ, ബന്ധങ്ങളുടെ അവകാശങ്ങൾ, സമൂഹത്തിന്റെ അവകാശങ്ങൾ എന്നിവയെ സംബന്ധിച്ച് അല്ലാഹു വിശദാംശം നൽകിയിട്ടുണ്ട്. ഇതിൽ അല്ലാഹു പറയുന്നത്, ശിർക്കിൽനിന്ന് രക്ഷനേടി ആരാധനയുടെ അവകാശം നിറവേറ്റിയ ശേഷം നിങ്ങൾ നിറവേറ്റേണ്ട ആദ്യത്തെ കടമ, നിങ്ങളുടെ മാതാപിതാക്കളുടേതാണ്. പിന്നെ ക്രമേണ ബാക്കിയുള്ള ബന്ധുക്കളുടെ അവകാശ ങ്ങളാണ്. പറഞ്ഞു:  അവരോട് ഒരിക്കലും ഛെ എന്ന് പോലും പറയരുത്. അതിനാൽ നിങ്ങൾ മാതാപിതാക്കളോട് ദയയോടെ പെരുമാറണം എന്ന് പറയുമ്പോൾ അതിനർത്ഥം നിങ്ങൾ അവർക്ക് ഒരു ഉപകാരം ചെയ്യാൻ പോകുന്നുവെ ന്നല്ല, മറിച്ച് നിങ്ങളെ വളർത്തിയ അവരോട് നിങ്ങൾ കടപ്പെട്ടിരിക്കുന്നു എന്നാണ്. അതിനാൽ, അവർ പറയുന്നതെല്ലാം സഹിക്കേണ്ടത് നിങ്ങളുടെ കടമയാണ്. അവർ മതത്തിനോ ദൈവത്തിനോ എതിരെ എന്തെങ്കിലും പറഞ്ഞാൽ, അവർ പറയു ന്നത് കേൾക്കരുത്, ബാക്കിയുള്ള എല്ലാ ഭൗതിക കടമകളും അവർക്ക് നൽകേണ്ടതാണ്.

ഒരു പുരുഷനോട് തന്റെ മാതാപിതാക്കളോട് ദയയോടും സേവനത്തോടും പെരുമാറാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നതുപോലെ സ്ത്രീകളോടും കൽപിക്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ ഇവിടെ വ്യക്തമാക്കട്ടെ. അതിനാൽ, പുരുഷന്മാരും സ്ത്രീകളും പരസ്പരം മാതാപിതാക്കളോടും അടുത്ത ബന്ധുക്കളോടും തുല്യമായി കടമകൾ നിർവഹി ക്കുമ്പോൾ യഥാർഥ സമാധാനം സ്ഥാപിക്കപ്പെടുന്നതാണ്; സന്തോഷം കണ്ടെത്തുന്നതാണ്; പരസ്പരം സ്നേഹത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതുമാണ്.

സൃഷ്ടികളോടുള്ള കടമകളിൽ പിന്നീട് അല്ലാഹു പറഞ്ഞത്, നിങ്ങളുടെ അടുത്ത ബന്ധു ക്കളോട് അനുകമ്പയോടും ദയയോടും കൂടി പെരുമാറണമെന്നാണ്. ഒരിക്കൽ പ്രവാചകൻ(സ) പറഞ്ഞു: ഉദാരമായ ഉപജീവനം ആഗ്രഹിക്കുന്ന അല്ലെങ്കിൽ ദീർഘായുസ്സ് ആഗ്രഹിക്കുന്ന ഒരു വ്യക്തി തന്റെ ബന്ധുക്കളോടുള്ള കടമ നിറവേറ്റുകയും അവരെ ബഹുമാനിക്കുകയും ചെയ്യുക. അതിൽ എല്ലാ ബന്ധങ്ങളും ഉൾപ്പെടുന്നു

പിന്നീട് അല്ലാഹു പറഞ്ഞു: അനാഥരോട് ദയയോടെ പെരുമാറുക. അവരെ മറക്കരുത്, അവരോട് ഉള്ള കടമ നിറവേറ്റുക. അവരെ നിങ്ങളുടെ സമൂഹത്തിന്റെ ഏറ്റവും മികച്ച ഭാഗമാക്കുക. രണ്ട് വിരലുകൾ ചേർത്തു കാണിച്ചുകൊണ്ട് ഇതു പോലെ ഞാനും അനാഥകളെ പരിപാലിക്കുന്ന വരും സ്വർഗത്തിൽ ഒരുമിച്ചായിരിക്കുമെന്ന് പറഞ്ഞ തിരുനബി(സ) അനാഥരെ പരിപാലിക്കാൻ എത്രയോ ഉപദേശങ്ങൾ നൽകിയിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിലും അനാഥരെ പരിപാലിക്കാനുള്ള വ്യവസ്ഥിതിയുണ്ട്. (അതിനായി) യതാമാ ഫണ്ട് എന്നൊരു ഇനവുമുണ്ട്, പെരുന്നാൾ വേളയിലെ സന്തോഷത്തിലും അതിൽ ചെലവഴിക്കണം. നമ്മുടെ സന്തോഷത്തിൽ അവരെയും ഉൾപ്പെടുത്തുകയും വർഷം മുഴുവനും അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം. അതിനാൽ ഒരു വ്യക്തി അനാഥ രെയും ദരിദ്രരെയും പരിപാലിക്കേണ്ടത് സ്വയം സംസ്കരണത്തിന് വളരെ പ്രധാനമാണ്. ഈ നല്ല പ്രവൃത്തികൾ ത്യാഗങ്ങൾ ചെയ്തുകൊണ്ടാണ് ചെയ്യേണ്ടത്. എന്റെ കയ്യിൽ പണമില്ല അതു കൊണ്ട് എനിക്ക് കഴിയില്ല, എന്ന് ആരെങ്കിലും പറഞ്ഞാൽ പറ്റില്ല, നിങ്ങളുടെ ചിലവ് ചുരുക്കി മറ്റുള്ളവരെ സഹായിക്കുന്നത് തീർച്ചയായും അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിക്കുന്നു. ഈ ചിന്ത സമൂഹത്തിൽനിന്ന് ആശങ്കകൾ അകറ്റുന്നു. സൽകർമ്മങ്ങൾ ചെയ്യുന്നത് ദൈവപ്രീതിക്കു വേണ്ടിയാണെങ്കിൽ അതിന്റെ പ്രതിഫലവും

അവനിൽനിന്ന് ലഭിക്കുന്നതാണ്.

പിന്നെ ജമാഅത്തിലെ ദുർബലരുടെ ആവശ്യങ്ങൾ നിറവേറ്റാൻ വേറെയും ഫണ്ടുകളുണ്ട്. പാവപ്പെട്ടവരുടെ ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റപ്പെടുന്ന ഒരു ഫണ്ടാണ് മർയം ശാദി ഫണ്ട്. ഇതിനും ജമാഅത്ത് അംഗങ്ങൾ പ്രത്യേകം പരിശ്ര മിക്കുകയും കഴിവുള്ളവർ ഒന്നിലധികം ദരിദ്ര ദമ്പതികളുടെ വിവാഹം നടത്തിക്കൊടുക്കുകയും വേണം. അല്ലാഹു നൽകിയ ഉപജീവനത്തിൽ നിന്ന് അല്ലാഹുവിന്വേണ്ടി ചെലവഴിക്കുന്നതാണ് യഥാർഥ സന്തോഷം. ഈദ് ദിനത്തിൽ നല്ല വസ്ത്രം ധരിച്ച്, നല്ല ഭക്ഷണം കഴിച്ച് മാത്രം ആസ്വദിക്കുന്ന പെരുന്നാളിന്റെ ഈ സന്തോഷങ്ങൾ താത്കാലികമാണ്. പിന്നെ പാവപ്പെട്ട രോഗികളെ ചികിൽസിക്കാനുള്ള ചിലവുകളുണ്ട്; അതിനും ഫണ്ടുണ്ട്. ഈ ഭാഗത്തേക്കും ശ്രദ്ധ വേണം.

പിന്നീട് അല്ലാഹു പറയുന്നു: നിങ്ങളുടെ അടുത്ത അയൽക്കാർക്കും അന്യനായ അയൽക്കാർക്കും നന്മ ചെയ്യുക. അതിനാൽ, ഈദ് ദിനത്തിൽ അയൽക്കാർക്ക് സമ്മാനങ്ങൾ നൽകുന്നതിലൂടെയോ അവരെ നന്നായി കണ്ടുമുട്ടുന്നതിലൂടെയോ, സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഒരു സമൂഹം സ്ഥാപിക്കപ്പെടുന്നു. പ്രത്യേകിച്ച് അമുസ്‌ലിം സമൂഹത്തിൽ, അയൽക്കാരുമായുള്ള ബന്ധം ഈ രീതിയിൽ വർദ്ധിപ്പിക്കുമ്പോൾ, തബ്‌ലീഗിലേക്കുള്ള പാതയും തുറക്കുന്നതാണ്. ഈ ബന്ധങ്ങൾ വിശാലമാക്കിക്കൊണ്ട് മറ്റുള്ളവരോട് നന്മ ചെയ്യാനും അവരോട് ഉള്ള കടമ നിറവേറ്റാനും അല്ലാഹു തആല നമ്മെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റങ്ങൾ നടപ്പിലാക്കണം. മനോഹരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുകയും വേണം. പരസ്പരമുള്ള ഭൗതിക ഇട പാടുകളിലും, കുടുംബബന്ധങ്ങളിലും, ഭർത്താവും ഭാര്യയും തമ്മിലും, അമ്മായിയമ്മ മരുമകൾ തമ്മിലും നാത്തൂന്മാർ തമ്മിലും കടമകൾ നിറ വേറ്റാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തിക്ക്വേണ്ടി പരസ്പരം കുടുംബബന്ധങ്ങൾ കാത്തുസൂക്ഷിക്കേണ്ടിവരും. അല്ലാത്തപക്ഷം, ഇസ്‌ലാമിക അധ്യാപനങ്ങളുടെ സവിശേഷതകൾ മറ്റുള്ളവരോട് പറയാൻ നമുക്ക് അവകാശമില്ല.

തുടർന്ന് അല്ലാഹു പറയുന്നു: നിങ്ങളുടെ കീഴി ലുള്ളവരെ പരിപാലിക്കേണ്ടതും അവരോടുള്ള കടമ നിറവേറ്റേണ്ടതും നിങ്ങളുടെ ബാധ്യതയാണ്. നമ്മുടെ അവകാശങ്ങൾക്ക്വേണ്ടി മാത്രം പോരാ ടരുത്, മറ്റുള്ളവർക്ക് അവരുടെ അവകാശങ്ങൾ നൽകുകയും വേണം. നമ്മളോരോരുത്തരും അല്ലാഹുവിന്റെ ഈ ഉപദേശം പിന്തുടരുന്നവ രായി മാറുകയാണെങ്കിൽ, യഥാർത്ഥത്തിൽ നമുക്ക് സന്തോഷകരമായ ജീവിതം നയിക്കാൻ കഴിയുന്നതാണ്. നമ്മുടെ പെരുന്നാളുകൾ താത് കാലികമായ ഈദുകളാകുകയില്ല. മറിച്ച് എല്ലാ ദിവസവും നമുക്ക് ഈദ് ദിനമായിരിക്കും. അല്ലാഹു തആല നമ്മെ എപ്പോഴും നമ്മുടെ സംസ്കരണത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കട്ടെ, ദൈവീക അധ്യാപനങ്ങൾക്കനുസൃതമായി പരസ്പരം അവകാശങ്ങൾ നിറവേറ്റാൻ സാധിക്കട്ടെ, എല്ലാ വിദ്വേഷങ്ങളും മറന്ന് സമാധാനത്തിന് അടി ത്തറയിടുന്നവരായിത്തീരട്ടെ. ഹദ്റത് മസീഹ് മൗഊദ്(അ)നോടുള്ള ചെയ്ത ബൈഅത്തിന്റെ കടമ നിറവേറ്റികൊണ്ട് നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും യഥാർത്ഥ ഈദിന്റെ സന്തോഷ മാക്കാൻ സാധിക്കട്ടെ. അല്ലാഹു നമുക്കിതിന് തൗഫീഖ് നൽകുമാറാകട്ടെ. ഈ പെരുന്നാൾ കൊണ്ട് അല്ലാഹു നമ്മെ ഏവരെയും അനുഗ്രഹി ക്കട്ടെ. നിങ്ങൾക്കെല്ലാവർക്കും (എന്റെ) ഈദ് ആശംസകൾ.

ഇനി നമ്മൾ ദുആ ചെയ്യുന്നതാണ്. ദുആയിൽ പൊതുവെ മനുഷ്യരാശിയെ ഓർക്കുക, പ്രത്യേ കിച്ച് സുഡാനിലെ കലാപത്തിന് ഇരയായവരെ. ഭക്ഷണം കിട്ടാതെ, ഒരു തുള്ളി വെള്ളം പോലും കിട്ടാതെ വലയുന്നവരെ ഓർക്കുക. ആഗോള അഹ്മദിയ്യാ ജമാഅത്തിനെ പൊതുവായി പ്രാർ ത്ഥനയിൽ ഓർക്കുക. അല്ലാഹു ജമാഅത്തിനെ അനുഗ്രഹിക്കട്ടെ, എവിടെയെല്ലാം അഹമദികൾ ഏതെങ്കിലും രൂപത്തിൽ അതിക്രമങ്ങൾക്ക് ഇര യായിട്ടുണ്ടോ അല്ലാഹു അവരെ സംരക്ഷിക്കുകയും അക്രമികളെ പിടിക്കുകയും ചെയ്യട്ടെ. തട വിലാക്കപ്പെട്ട അഹ്മദികൾക്ക് വേണ്ടിയും പ്രാർത്ഥിക്കുക. അവരുടെ മോചനത്തിനുള്ള സാഹചര്യങ്ങൾ അല്ലാഹു ഉടൻ ഉണ്ടാക്കട്ടെ. അഹ്മദിയ്യത്തിലെ ശഹീദുകളുടെ കുടുംബങ്ങൾക്കായി പ്രാർത്ഥിക്കുക, അല്ലാഹു അവരെ എപ്പോഴും സംരക്ഷിക്കുകയും അവരുടെ വിശ്വാസം വർധിപ്പിക്കുകയും ചെയ്യുമാറാകട്ടെ. രോഗികൾക്കും ദരിദ്രർക്കുംവേണ്ടി പ്രാർത്ഥിക്കുക. ലോകത്ത് നിന്ന് എല്ലാ അനാചാരങ്ങളും ബഹുദൈവാരാ ധനയും അവസാനിക്കാനും പ്രാർത്ഥിക്കുക. ഇസ്‌ലാമിക ലോകത്തിനായും പ്രാർത്ഥിക്കുക, അല്ലാഹു മുസ്‌ലിംകൾക്ക് വിവേകം നൽകട്ടെ, ഇക്കാലത്തെ ഇമാമിൽ വിശ്വസിക്കാൻ അവരുടെ ഹൃദയം തുറക്കുമാറാകട്ടെ, കാരണം ഇത് അവരുടെ രക്ഷയ്ക്കും ഭിന്നതകൾ അവസാനിപ്പിക്കുന്നതിനുമുള്ള ഒരേ ഒരു മാർഗമാണ്. അങ്ങനെ മുസ്‌ലിം ലോകം ഒന്നിക്കുമ്പോൾ, അത് നമ്മുടെ യഥാർത്ഥ ഈദ് ആയിരിക്കും. അത് ഇസ്‌ലാമിക ലോകത്തെ യഥാർത്ഥ ഈദും ആയിരിക്കും. ഈ ദൃശ്യം കാണാൻ സർവ്വശക്തനായ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

# അത്ഭുതങ്ങൾ സംജാതമാവുക പ്രാർത്ഥനയിലൂടെയാണ്

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

പ്രാർത്ഥനയുടെ സ്വീകാര്യത എന്ന വിഷയം പ്രാർത്ഥനയുടെ വിഷയത്തിന്റെ ഒരു ശാഖയാണ്. പ്രാർത്ഥനയുടെ തത്വം മനസ്സിലാകാത്ത ഒരു വ്യക്തിക്ക് അതിന്റെ ഒരു ശാഖ മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നു. സയ്യിദ് സാഹിബിന്റെ (സർ സയ്യിദ് അഹ്മദ് ഖാൻ) തെറ്റിദ്ധാരണയുടെ അടിസ്ഥാനം ഇതാണ്. ഭക്തനായ ഒരു ദാസനും അവന്റെ നാഥനും തമ്മിൽ പരസ്പരം ആകർഷിക്കുന്ന ഒരു ബന്ധമാണുള്ളത് എന്നതാണ് പ്രാർത്ഥനയുടെ തത്വം. പ്രാരംഭത്തിൽ സർവ്വശക്തനായ ദൈവത്തിന്റെ കാരുണ്യം (റഹ്മാനിയത്ത്) എന്ന ഗുണം ഒരു ദാസനെ ദൈവത്തിലേക്ക് ആകർഷിക്കുന്നു. അനന്തരം ദാസന്റെ ആത്മാർത്ഥതയിലൂടെ സർവ്വശക്തനായ ദൈവത്തിലേക്ക് അടുക്കുകയും പ്രാർത്ഥനയിൽ ആ ബന്ധം ഒരു പ്രത്യേക ഘട്ടത്തിൽ എത്തുമ്പോൾ അതിന്റെ അത്ഭുതകരമായ ഗുണങ്ങൾ പ്രകടമാക്കുകയും ചെയ്യുന്നു. ദാസൻ പ്രാർത്ഥനയെ അഭിമുഖീകരിക്കുമ്പോൾ വലിയ ബുദ്ധിമുട്ട് നേരിടുന്നു. സർവ്വശക്തനായ ദൈവത്തിലേക്ക് പൂർണ്ണമായ നിശ്ചയദാർഢ്യത്തോടും, പൂർണ്ണമായ പ്രതീക്ഷയോടും, പൂർണ്ണമായ സ്നേഹത്തോടും, പൂർണ്ണമായ വിശ്വസ്തതയോടും, പൂർണ്ണമായ ദൃഢനിശ്ചയത്തോടും കൂടി ചായുകയും അങ്ങേയറ്റം ജാഗ്രത പുലർത്തുകയും അശ്രദ്ധയുടെ മൂടുപടങ്ങൾ കീറിമുറിച്ച് സ്വന്തം എന്ന അഹംബോധം ഉപേക്ഷിക്കുന്ന അവസ്ഥയിലേക്ക് പ്രയാണം ചെയ്യുകയും ചെയ്യുന്നു. ഭക്തൻ തന്റെ മുന്നിൽ ദൈവത്തിന്റെ രാജാങ്കണം ദർശിക്കുകയും അവന് യാതൊരു പങ്കാളിയും ഇല്ല എന്നറിയുകയും ചെയ്യുന്നു. അപ്പോൾ അവന്റെ ആത്മാവ് ആ പ്രവേശകവാടത്തിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. പ്രണീതനിൽ നിക്ഷേപിക്കപ്പെട്ട ആകർഷണശക്തി സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹത്തെ തന്നിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. അപ്പോൾ മഹത്വമുള്ള ദൈവം, ഭക്തന്റെ അർത്ഥനകളുടെ ഉദ്ദേശ്യം നിറവേറ്റുന്നതിനായി അവൻ നേരിട്ട് ഭക്തനെ അഭിസംബോധന ചെയ്യുകയും പ്രാർത്ഥനയുടെ ലക്ഷ്യസാക്ഷാത്ക്കാരത്തിന് ആവശ്യമായ സർവ്വ മാർഗ്ഗങ്ങൾക്ക് കാരണമാകുന്ന എല്ലാ പ്രാഥമിക വഴികളിലും പ്രാർത്ഥനയുടെ സ്വാധീനം സംജാതമാവുകയും ചെയ്യുന്നു. ഉദാഹരണത്തിന്, പ്രാർത്ഥന മഴയ്ക്ക് വേണ്ടിയുള്ളതാണെങ്കിൽ ആ പ്രാർത്ഥന സ്വീകരിക്കുമ്പോൾ മഴയ്ക്ക് ആവശ്യമായ പ്രകൃതിദത്ത മാർഗ്ഗങ്ങൾ പ്രാർത്ഥനയുടെ ഫലമായി സൃഷ്ടിക്കപ്പെടുന്നു. പ്രാർത്ഥന ക്ഷാമത്തിനുവേണ്ടിയാണെങ്കിൽ സർവ്വശക്തനായവൻ വിപരീത ഉപാധികൾ സൃഷ്ടിക്കുന്നു. ഒരു തികഞ്ഞ വ്യക്തിയുടെ പ്രാർത്ഥനയിൽ നിർമ്മാണാത്മകമായ ശക്തി സൃഷ്ടിക്കപ്പെടുന്നുവെന്ന് ആത്മദർശനങ്ങളുടെ പതിവ് അനുഭവം ഉള്ളവരിൽ മതിയാവോളം തെളിയിക്കപ്പെട്ടിതാണ്. അതായത്, ദൈവത്തിന്റെ കൽപ്പനയാൽ പ്രാർത്ഥന താഴ്ന്നതും ഉന്നതവുമായ ലോകത്തിൽ സ്വാധീനം ചെലുത്തുകയും മൂലകങ്ങളെയും സ്വർഗ്ഗീയ വസ്തുക്കളെയും ആളുകളുടെ ഹൃദയങ്ങളെയും ആഗ്രഹിച്ച ദിശയിലേക്ക് തിരിക്കുകയും ചെയ്യുന്നു. സർവ്വശക്തനായ ദൈവത്തിന്റെ വിശുദ്ധ ഗ്രന്ഥങ്ങളിൽ ഇതിന് നിരവധി ഉദാഹരണങ്ങളുണ്ട്. പ്രാർത്ഥനയുടെ ഫലം അഗ്നിയുടെ ഫലത്തേക്കാൾ വലുതാണ്. ചില തരത്തിലുള്ള ദിവ്യാത്ഭുതങ്ങൾ യഥാർത്ഥത്തിൽ പ്രാർത്ഥനയുടെ സ്വീകാര്യതമൂലം സംജാതമാകുന്നതാണ്. പ്രവാചകന്മാർ പ്രകടമാക്കിയ ആയിരക്കണക്കിന് അത്ഭുതങ്ങളുടെയും സിദ്ധന്മാർ ജീവതത്തിലുടനീളം പ്രദർശിപ്പിച്ച

അത്ഭുതങ്ങളുടെയും ഉറവിടം പ്രാർത്ഥനയായിരുന്നു. പ്രാർത്ഥനയുടെ ഫലത്തിലൂടെയാണ് അസാധാരണമായ സംഭവങ്ങളിലൂടെ സർവ്വശക്തന്റെ തന്റെ ശക്തി പ്രദർശിപ്പിക്കുന്നത്.

ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾ കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണ്ണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ലവമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾമുറ്റിയ രാത്രികളിൽ, അല്ലാഹുവിൽ പൂർണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനകളുടെ ഫലമായിരുന്നു അത് ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കയ്യാൽ തികച്ചും അസാധ്യ മായിത്തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി. ഓ, അല്ലാഹുവേ, മുസ്‌ലിം സമുദായത്തിനുവേണ്ടി അവിടന്നു പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും അനുസരിച്ചവിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിന്റെ മേൽ നിൻെറ കാരുണ്യത്തിന്റെ ദീപ്തിപ്രകർഷം



എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ!

പ്രാർത്ഥനയുടെ ഫലം അഗ്നിയുടെയും ജലത്തിന്റെയും പ്രഭാവത്തേക്കാൾ വലുതാണെന്ന് എനിക്ക് അനുഭവവേദ്യമാണ്. തീർച്ചയായും, പ്രകൃതിയുടെ സ്വാഭാവിക സമ്പ്രദായങ്ങളിൽ പ്രാർത്ഥനയേക്കാൾ വലിയ ഫലം സംജാതമാക്കുന്ന മറ്റൊന്നില്ല. *(ബറക്കാത്തു ദുആ, റൂഹാനി ഖസായിൻ വോ. 6 പേ. 5,6)*

# അൽ-കൗസർ ഒരു വിശദീകരണം

**റസൂൽ തിരുമേനി(സ)ക്ക് ജനസമൃദ്ധിയുടെ അൽകൗസർ നൽക ഷെടുകയും ശത്രുക്കൾ സന്താന രാഹിത്യത്തിന്റെ അബ്തറുകളായി മാറുകയും ചെയ്തു. വിശുദ്ധ ഖുർആനിലെ ഏറ്റവും ചെറിയ സൂറത്തിന്റെ വിവരണം.**

**മൗലാനാ മുഹമ്മദ് ഉമർ**

വിശുദ്ധ ഖുർആന്റെ 114 അദ്ധ്യായങ്ങളിൽ മൂന്നു തിരു സൂക്തങ്ങൾ മാത്രമടങ്ങിയ 108 ാമത്തെ അദ്ധ്യായമായ അൽ കൗസർ അത്ഭുതകരമായ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന അദ്ധ്യായമാണ്. വിശുദ്ധ ഖുർആനിലെ ഏറ്റവും ചെറിയ ഈ അദ്ധ്യായവും വിശുദ്ധ ഖുർആനിലെ ഇതര അദ്ധ്യായങ്ങളെ പോലെ തന്നെ തത്വജ്ഞാന നിർഭരവും വിജ്ഞാന സമ്പൂർണ്ണവുമാണ്.

അറേബ്യയിൽ മക്കക്കും മദീനക്കും ഇടയിൽ ഉകാസ് എന്ന സ്ഥലത്ത് ഓരോ വർഷവും മഹോത്സവം നടക്കാറുണ്ടായിരുന്നു. അതിനോടനുബന്ധിച്ച് ഒരു കവി സമ്മേളനം നടത്തപ്പെടാറുണ്ടായിരുന്നു. തദവസരത്തിൽ ആ വർഷം രചിക്കപ്പെട്ട കവിതകളിൽ സമ്മാനർഹമായ കവിത കഅ്ബത്തുല്ലായിൽ കെട്ടി തൂക്കപ്പെട്ടിരുന്നു. അൽ കൗസർ എന്ന അദ്ധ്യായം കവിതാ രൂപത്തിലും പ്രാസമൊപ്പിച്ചതുമായതിനാൽ ആരോ ഒരാൾ ഒരു ഫലകത്തിൽ ഈ ഖുർആൻ അദ്ധ്യായം കെട്ടിത്തൂക്കുകയുണ്ടായി. ആ വർഷത്തിൽ കവിതാ സമ്മേളനത്തിന്നു ശേഷം കഅ്ബയിൽ അത് വരെ കെട്ടിത്തൂക്കപ്പെട്ടിരുന്ന കവി തകൾ പരായണം ചെയ്തുകൊണ്ട് എല്ലാ കവികളും പ്രസ്തുത ഫലകം തൂക്കപ്പെട്ടിരുന്ന സ്ഥലത്ത് ഒത്തുചേർന്ന് ഈ നിസ്തുല കവിത എഴുതിയത് ആരായിരിക്കും എന്നതിനെ കുറിച്ച് ചർച്ച ചെയ്യപ്പെടുകയുണ്ടായി. അവസാനം ഒരു കവി പ്രസ്തുത അദ്ധ്യായത്തിലുള്ള മൂന്ന് ആയത്തുകൾക്കും ശേഷം **'മാ ഹാദാ കലാമുൻ ബശർ'** ഇത് മനുഷ്യ നിർമ്മിതമായ കവിതയല്ല. എന്ന് എഴുതി ചേർത്തു. അങ്ങനെ മനുഷ്യനിർമ്മിതമായതല്ല ഈ കവിത എന്ന് പ്രഗത്ഭരായ കവികളെല്ലാം ഏക സ്വരത്തിൽ ഏറ്റു പറഞ്ഞു.

ഇനി നമുക്ക് പ്രസ്തുത വചനത്തിലെ ഓരോ അദ്ധ്യായത്തിന്റെയും അർത്ഥമെന്താ ണെന്ന് നോക്കാം

**'ഇന്നാ അഅ്ത്വയ്നാക്കൽ കൗസർ'**

തീർച്ചയായും നിനക്ക് നാം കൗസർ തന്നനുഗ്രഹിച്ചിരിക്കുന്നു.

**'ഫസല്ലി ലി റബ്ബിക്ക വ അൻഹർ'**

അതിനാൽ നീ നന്ദി സൂചകമായി നിന്റെ നാഥനെ സ്തുതിച്ച് കൊണ്ട് നമസ്ക്കാരം അനുഷ്ഠിക്കുകയും എല്ലാവിധ ത്യാഗങ്ങൾക്കും സന്നദ്ധനാവുകയും ചെയ്യുക.

**'ഇന്ന ശാനിയക്ക ഹുവൽ അബ്ത്തർ'**

'അപ്പോൾ നിന്റെ ശത്രുക്കൾ സന്താന രഹിതരായിത്തീരുകയും ചെയ്യുന്നതായിരിക്കും.'

അതായത് അവർ തങ്ങളുടെ ഉദ്ദേശ സാഫല്യമുള്ളവരായി തീരുന്നവരല്ല. റസൂൽ ഇനി കൗസർ എന്ന വാക്കിന്റെ അർത്ഥം എന്താണെന്ന് നോക്കാം

അറബി നിഘണ്ഡുക്കൾ കൗസർ എന്ന വാക്കിന്ന് മൂന്ന് അർത്ഥമാണു കൊടുത്തിരിക്കുന്നത്.

1. *അൽ കൗസറു മിൻ കുല്ലി ശൈയ്യിൻ*

ഭൗതികവും ആത്മീയവുമായ ഓരോ വസ്തുക്കളും ധാരാളമായി നൽകുക.

2. *അസ്സയിദുൽ കസീറുൽ ഖൈരി.*

എല്ലാ നന്മകളും അനുഗ്രഹങ്ങളും ധാരാളമായി ഉൾക്കൊള്ളുന്ന ഒരാത്മീയ നേതാവ്.

3. അർറജുലുൽ കസീറുൽ അത്വായി വൽ ഖൈർ

വലിയ ദാനശീലനും അധികമായ നന്മകളും വിതക്കുന്ന പുരുഷൻ

ബുഖാരിയിലെ ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ആയിശാ(റ)യോട് കൗസർ എന്നാൽ എന്താണെന്ന് ചോദിച്ചപ്പോൾ, 'സ്വർഗത്തിൽ ഒഴുകുന്നതും ഹദ്റത്ത് റസൂൽ തിരുമേനി(സ)ക്ക് പ്രത്യേകമായി നൽകപ്പെട്ടതും ആയ നദി' എന്ന് പറയുകയുണ്ടായി.

ഹദ്റത്ത് ഇബ്നു അബ്ബാസ് ഇപ്രകാരം നിവേദനം ചെയ്യുന്നു.: 'അൽ കൗസർ' എന്നാൽ 'അൽ ഖൈറുൽ കസീറു' അധികമായ നന്മകൾ ഉള്ള ആൾ എന്നാണർത്ഥം.

വിശുദ്ധ ഖുർആനിലെ ഒരു വാക്കിന്നു എന്തെല്ലാം അർത്ഥങ്ങൾ നിഘണ്ടുവിൽ കൊടുത്തിരിക്കുന്നുവോ അവയൊക്കെ വിശുദ്ധ ഖുർആനിൽ പ്രയുക്തമാവുന്നതാണ്.

'അബ്തർ' എന്ന വാക്കിന്ന് 'ആൺ സന്തതിയറ്റവൻ' എന്നാർത്ഥം. റസൂൽ

ശേഷം പേജ് 18 ൽ

# മനുഷ്യശരീരത്തിന്റെ കായിക വളർച്ച

മനുഷ്യ ശരീരത്തിലെ ഓരോ അവയവത്തിന്റെ വളർച്ച വിസ്മയകരമായ ക്രമീകരണത്തിലും ആസൂത്രണത്തിലും നിയന്ത്രിക്കപ്പെട്ടതാണ്. നമ്മുടെ ശരീരം തന്നെ ദൈവാസ്തിക്യത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു അത്ഭുത സൃഷ്ടിയാണ്.
“കേവല നീതി...” എന്ന പുസ്തകത്തിൽ നിന്ന്


## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ﵀

ഖലീഫത്തുൽ മസീഹ് നാലാമൻ


**ഈ** വിവരണത്തിന്റെ ഭാഗമായി വളരെ ലളിതമായ പല്ലിന്റെ വളർച്ചയുടെ ഉദാഹരണമെടുത്ത് നമുക്ക് പരിശോധിക്കാം. പാൽപല്ല് (Milk Teeth) എന്ന് നാം വിളിക്കുന്ന അതിന്റെ വളർച്ചയുടെയും (Growth) ജീർണ്ണനത്തിന്റേയും (Decay) നിരക്ക് നിരന്തരം നിയന്ത്രിക്കപ്പെട്ടതും അളന്ന്തിട്ടപ്പെടുത്തുകയും ചെയ്തതാണ്. ചില വർഷങ്ങളിൽ പാൽപല്ലിന്റെ വളർച്ച അതിന്റെ ക്ഷയത്തേക്കാൾ വേഗത്തിലായിരിക്കും. ഒരു സന്തുലനാത്മകമായ ഘട്ടം പ്രാപിച്ചു കഴിഞ്ഞാൽ അതിന്റെ വളർച്ചാ നിരക്ക് നിലക്കുന്നു. അതിന്ശേഷം സന്തുലനം മരണത്തിന്റേയും ജീർണ്ണനത്തിന്റേയും ഭാഗത്തേക്ക് ചായുന്നു. അങ്ങനെ പാൽപല്ലുകളുടെ ദിവസങ്ങൾ എണ്ണപ്പെടുന്നു. പിന്നീട് പ്രായപൂർത്തി വന്ന പല്ലുകളുടെ വളർച്ച ആരംഭിക്കുന്നു. തുടക്കത്തിൽ പല്ലിന്റെ വളർച്ചാ നിരക്ക് അതിന്റെ ജീർണ്ണനത്തെക്കാൾ വളരെ വേഗത്തിലാണ്. അത് നിശ്ചിത ഘട്ടം വരെ വളരുന്നു. അത് മുൻകൂട്ടി നിശ്ചയിച്ച വലുപ്പത്തിലും വീതിയിലും കനത്തിലും എത്തിചേർന്നാൽ വളർച്ചക്ക് അനുകൂലമായ സന്തുലനം അതേപടി നിൽക്കുന്നു. മുൻകൂട്ടി നിർണ്ണയിച്ച വലുപ്പത്തിൽ പല്ല് എത്തിക്കഴിഞ്ഞാൽ പെട്ടെന്ന് പല്ലിന്റെ വളർച്ചാനിരക്കും ജീർണ്ണനനിരക്കും പൂർണ്ണമായ ഒരു സന്തുലനത്തിലെത്തുകയും സൂക്ഷ്മമായി പാലിക്കപ്പെടുകയും ചെയ്യുന്നു. അപകടമോ രോഗമോ ഇല്ലെങ്കിൽ ആ പല്ലുകൾ പൂർണ്ണ ആരോഗ്യത്തോടെ അതിന്റെ വലുപ്പത്തിനോ നീളത്തിനോ യാതൊരു മാറ്റവുമില്ലാതെ തുടരുന്നു.

സാധാരണ മനുഷ്യൻ ചിന്തിക്കുന്നത് അവ (പല്ലുകൾ) വളർന്നു കഴിഞ്ഞത് കൊണ്ടാണ് അതിന്റെ വളർച്ച നിലച്ചത് എന്നാണ്. അതിൽ പരം യാതൊന്നും തന്നെ അതിലില്ല എന്നും അവർ ധരിക്കുന്നു. ഈ നിഷ്ക്കളങ്കമായ ധാരണ സത്യത്തിൽ നിന്നും വളരെ അകലെയാണ്. അതിന്റെ വളർച്ച നിലച്ചതാണെങ്കിൽ ആഴ്ചകൾക്കുള്ളിലോ മാസങ്ങൾക്കുള്ളിലോ അത് അവിടെ നിന്നും പിഴുതെറിയപ്പെടുമായിരുന്നു. ഇനി മറ്റൊരർത്ഥത്തിൽ ചിന്തിക്കാം. അതായത് പല്ലിന്റെ വളർച്ചാ നിരക്ക് അനവരതം തുടരുകയാണെങ്കിൽ അതായത് വളർച്ചയുടെ ആരംഭഘട്ടത്തിലുള്ളത് പോലെ വളർച്ച തുടരുകയും പല്ല് നീണ്ടു നീണ്ട് പോകുകയുമാണെങ്കിൽ മനുഷ്യന്റെ തലയോട്ടിയുടെ മുകളിൽ വരെ താഴത്തെ പല്ലും താടിയെല്ലിന്റെ കീഴെ വരെ മുകളിലെ പല്ലും തൂങ്ങി നിൽക്കുമായിരുന്നു!!

നാം കാണുന്നത് പോലെ പല്ലിന്റെ വളർച്ച ഒരിക്കലും തന്നെ മുൻകൂട്ടി തിട്ടപ്പെടുത്താത്തതോ അനിയന്ത്രിതമായതോ ആയ ഒരു പ്രതിഭാസമല്ല. എല്ലാ ഘടകങ്ങളും ചേർന്ന് ഒരു നിശ്ചിത കാലത്തേക്ക് മാത്രം വളർച്ചാനിരക്ക് ക്രമീകരിച്ചതാണ്. തുടർന്നുള്ള അതിന്റെ വളർച്ചാ നിരക്ക് സങ്കീർണ്ണമായി സന്തുലനമാക്കപ്പെട്ടിരിക്കുന്നു. അത് മനുഷ്യ സൃഷ്ടിപ്പിന്റെ രൂപരേഖയിൽ വ്യക്തമായി രേഖപ്പെടുത്തിയതാണ്. മനുഷ്യന്റെ സൃഷ്ടിപ്പിന്റെ ഈ രൂപരേഖയും പിന്നീടുണ്ടായ നിർമ്മാണങ്ങളും എങ്ങനെയാണ് സമയോചിതം സ്വയം നിവർത്തപ്പെടുകയും സങ്കീർണ്ണമായ രീതിയിൽ അത് പ്രാവർത്തിക മാവുകയും ചെയ്യുന്നത് എന്ന കാര്യം തല ചുറ്റിക്കുന്ന വിസ്മയമാണ്.

മനുഷ്യന്റെ വിസർജ്യ പദാർത്ഥങ്ങൾ വിസർജ്ജ്യ വ്യവസ്ഥയിലൂടെ നീക്കം ചെയ്യുന്ന രീതി സ്വയം തന്നെ കുറ്റമറ്റ ഒരു സംവിധാനമാണ്. ഇവിടെ അദ്ൽ (കേവല നീതി)ന്റെ തത്വം വ്യക്തിയുടെ ഭാഗത്ത് നിന്ന് യാതൊരു ജാഗ്രതയും ആവശ്യമില്ലാത്തവിധം നിർവ്വഹിക്കപ്പെടുന്നു. ഭക്ഷണത്തിന്റെ പോഷകപ്രദമായ ഭാഗം ദഹനപ്രക്രിയയിലൂടെ ആഗിരണം ചെയ്ത ശേഷമുണ്ടാകുന്ന മാലിന്യം ഈ മികവുറ്റ സംവിധാനത്തിലൂടെ നീക്കം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. ഈ സംവിധാനം നൽകപ്പെട്ട വ്യക്തിക്ക് ഇതിനെപ്പറ്റി യാതൊരു ജാഗ്രതയും ആവശ്യമില്ല താനും. മനുഷ്യൻ അവന്റെ പല്ലിനോട് അനീതി പ്രവർത്തിച്ചാൽ അവന്റെ

വിഘിത്തത്തിന്റെ ഫലമായി ആരോഗ്യത്തിന്ന് പിടിപെടുന്ന ആതുരാവസ്ഥയിൽ നിന്നും അവന്ന് പിന്നീട് കാര്യം ബോദ്ധ്യമാവും. ലക്കും ലഗാനുമില്ലാത്ത ഭക്ഷണഭോജനം പല്ലിനെ മാത്രമല്ല ദഹനവ്യവസ്ഥയേയും വിസർജ്ജന വ്യവസ്ഥയേയും തകരാറിലാക്കും. ചില രീതിയിലുള്ള പ്രമേഹത്തിന്ന് കാരണമിതാണ്. അതേസമയം അമിതാഹാരം മൂലമുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ മനുഷ്യനിൽ പല വിധത്തിലുള്ള ശാരീരിക പ്രതിക്രിയകളുടെ സജ്ജീകരണങ്ങളുണ്ട്.

ഇത് കൂടുതലായി വിവരിക്കാൻ നാം പ്രമേഹ രോഗികളുടെ ഉദാഹരണങ്ങളെടുക്കാം. പ്രമേഹം ഒരു സാധാരണ രോഗമാണ്, എന്നാൽ അത് ഒരു രോഗമല്ല. നൂറുക്കണക്കിന്ന് ടൈപ് പ്രമേഹ രോഗങ്ങൾ ഇത്വരെ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അവരിൽ എല്ലാവർക്കും അവരുടെ ശരീരം തന്നെ ആന്തരികമായ പ്രതിവിധി നൽകിയിട്ടുണ്ട് എന്ന് കാണാം. ചിലതരം പ്രമേഹ രോഗം പാൻക്രിയാസ് ഗ്രന്ഥിയുടെ ക്രമരഹിതമായ പ്രവർത്തനം മൂലം ഉണ്ടാവുന്നതാണ്.

പാൻക്രിയാസ് രണ്ട് തരത്തിലുള്ള സ്രവങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. അതിൽ ഒന്ന് ഇൻസുലിൻ ആണ്. മനുഷ്യശരീരത്തിലെ എല്ലാ കോശങ്ങളിലേക്കും പഞ്ചസാര ആഗിരണം ചെയ്യാൻ കൂടുതൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത് ഇൻസുലിനെയാണ്. ശരീരത്തിലെ കോശങ്ങൾക്ക് അതിജീവിക്കാൻ നിരന്തരം ഊർജ്ജത്തിന്റെ ആവശ്യമുണ്ട്. മനുഷ്യൻ പഞ്ചസാര നേരിട്ട് കഴിച്ചില്ലെങ്കിലും അവൻ പലവിധത്തിലും ആഹരിക്കുന്ന കാർബോഹൈഡ്രേറ്റ് വിഘടിക്കപ്പെട്ട് പഞ്ചസാരയായി രൂപാന്തരപ്പെടുന്നു. ഇൻസുലിൻ അധികമായി ഉദ്പാദിപ്പിക്കപ്പെട്ടാൽ അത് ഹൈപ്പോഗ്ലൈസീമിയ (Hypoglycaemia) എന്ന രോഗമായി മാറും. അതായത് പെട്ടെന്ന് പഞ്ചസാരയുടെ അളവ് അപകടകരമാം വിധം കുറഞ്ഞു പോകുന്ന അവസ്ഥയുണ്ടാകും. ഉടൻ തന്നെ ഇൻസുലിൻ അളവ് സാധാരണ നിലയിലേക്ക്പുനസ്ഥാപിച്ചില്ലെങ്കിൽ ഒരു പക്ഷേ മരണമോ മസ്തിഷ്ക്ക കോശങ്ങൾക്ക് ഗുരുതരമായി ക്ഷതമേൽപ്പിക്കുന്ന അഗാധമായ കോമ (അബോധാവസ്ഥ) യോ മറ്റു പ്രധാന അവയവങ്ങളുടെ കോശങ്ങൾക്ക് ക്ഷതമോ സംഭവിക്കാം.

ഇൻസുലിന്റെ ഉദ്പാദനത്തെ തടഞ്ഞു നിർത്താൻ ശരീരത്തിൽ സങ്കീർണ്ണമായ ചില സൂചനാ സംവിധാനങ്ങളുണ്ട്. ആവശ്യമായ അളവിൽ ഇൻസുലിൻ ഉദ്പാദിപ്പിച്ചു കഴിഞ്ഞു, കൂടുതലായി ആവശ്യമില്ല എന്ന് പ്രഖ്യാപിക്കുന്ന മട്ടുള്ള ഒരു അലാറം സംവിധാനമാണത്. ഇൻസുലിൻ ഗ്രന്ഥിവ്യവസ്ഥയിൽ അധിക ഉൽപ്പാദനം നടന്ന അതേ രിയയിൽ തന്നെയാണ് ഇൻസുലിന്ന് എതിരെയുള്ള പ്രതിസ്രവം പുറപ്പെടുവിക്കുന്ന ഈ പ്രതി സംവിധാനവുമുള്ളത്. ഈ സ്രവം പുറപ്പെടുവിച്ച് കഴിഞ്ഞാൽ ഇൻസുലിൽ ഉൽപ്പാദനം ഉടൻ നിലക്കുന്നു. ഉടൻ തന്നെ മനുഷ്യൻ സൗഖ്യവാനായി കാണപ്പെടുന്നു. ഈ സന്തുലന പാലനം നിർവ്വഹിക്കുന്ന ഈ സംവിധാനം ഏത് ഭാഗത്തേക്കാണോ ചരിഞ്ഞു പോകുന്നത് അത്രയും അളവിൽ ആരോഗ്യത്തെ അത് എതിരായി ബാധിക്കും.

അതാത് സ്ഥലത്ത് നിന്ന് തന്നെ തുലനപ്പെടുത്തി തടയുന്ന (Check and Balance ) രീതിയിൽ ദൈവം സൃഷ്ടിച്ച ഈ സംവിധാനം മാത്രമല്ല ഇൻസുലിന്റെ കഥയിലുള്ളത്. ഇൻസുലിനെ കൂടാതെ മറ്റു അപൂർവ്വമായ ഘടകങ്ങളും കൂടി ഈ സങ്കീർണ്ണമായ വ്യവസ്ഥ നിലനിൽക്കാൻ ആവശ്യമാണ്. രക്തത്തിന്റെ ഒഴുക്കുപാതയിലുള്ള എല്ലാ കോശങ്ങൾക്കും സ്ഥിരമായി ഊർജ്ജം ആവശ്യമാണ്. ഊർജ്ജോപഭോഗം കഴിഞ്ഞാൽ പാഴാവുന്ന വസ്തുക്കൾ പുറന്തള്ളേണ്ടതുണ്ട്. പാഴ്വസ്തുക്കളും മലിന പദാർത്ഥങ്ങളും സംവിധാനത്തിനകത്ത് നിന്നു പുറന്തള്ളാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും രക്ത ചംക്രമണകുഴലിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. ഇത് സ്വയം തന്നെ അറ്റമില്ലാത്ത വിസ്മയങ്ങളാണ് കാഴ്ച്ചവെക്കുന്നത് എന്നാൽ അവ സ്വയം തന്നെ സംഹാരാത്മകമായി വരാവുന്നതുമാണ്. വിവിധ രക്ത കോശങ്ങളിൽ അലിഞ്ഞു ചേർന്ന ദ്രാവക മാദ്ധ്യമങ്ങളെ സ്വതന്ത്രമായി കോശങ്ങളിൽ ഒഴുകാൻ അനുവദിച്ചാൽ കോശങ്ങളുടെ ന്യൂക്ലിയസ്സിനെ ഉടൻ തന്നെ അത് നശിപ്പിക്കുന്നു. ഈ അപകടത്തെ നേരിടാൻ ഇരട്ടഭിത്തിയുള്ള ഒരു ആവരണം എല്ലാ കോശങ്ങൾക്കുമുണ്ട്. എല്ലാ ഇലക്ട്രോലൈറ്റിന്റേയും*(Electrolytes) നേരിട്ടുള്ള നുഴഞ്ഞു കയറ്റം ഇത് വഴി തടയപ്പെടുന്നു. അങ്ങനെ, കോശങ്ങളുടെ ഈ ഇരട്ടഭിത്തി അപകടങ്ങളിൽ നിന്നുള്ള ഒരു സമ്പൂർണ്ണ പ്രതിരോധമായി വർത്തിക്കുന്നു.

രണ്ട് ആവരണങ്ങളിലും ചില ചെറുദ്വാരങ്ങളുണ്ട്, അതിലൂടെ ഇൻസുലിൻ ഘടിപ്പിച്ച ഒരു തന്മാത്ര

***ഇലക്ട്രോലൈറ്റ് (Electrolytes):** രക്തത്തിൽ കാണുന്ന സോഡിയം, പൊട്ടാസിയം, ക്ലോറൈഡ്, കാൽസിയം, മഗ്നീഷ്യം, ഫോസ്ഫേറ്റ്, ബൈകാർബണേറ്റ് മുതലായ മിനറലുകളെയാണ് ഇലക്ട്രോലൈറ്റുകൾ എന്ന് പറയുന്നത്. (വിവ:)

ക്കൊപ്പം പഞ്ചസാര തന്മാത്ര കോശത്തിന്റെ ഹൃദയഭാഗത്തേക്ക് എത്തുകയും അവിടെ വെച്ച് അവ ഉടൻ തന്നെ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. അവിടെ ഉണ്ടാവുന്ന പാഴ്വസ്തുക്കൾ തിരികെ കൊണ്ടു വരുന്നത് കോശാവരണത്തിലെ അതേ ദ്വാരങ്ങളിലൂടെ തന്നെ രക്ത കുഴലിലേക്കാണ്. അവിടെ നിന്നും അത് ത്വക്കിലെ ദ്വാരങ്ങളിലേക്ക് വിയർപ്പിന്റെ രൂപത്തിൽ പുറന്തള്ളപ്പെടുന്നു. അല്ലെങ്കിൽ കിഡ്നിയിലുള്ള വളരെ സങ്കീർണ്ണമായ ശ്ലേഷ്മ സ്തരങ്ങളിലൂടെ (Mucous Membrane) പുറംന്തള്ളുന്നു. പഞ്ചസാരയുടെ കോശങ്ങളിലേക്കുള്ള സഞ്ചാരവും കോശങ്ങളിലെ പാഴ്വസ്തുക്കളുടെ പുറന്തള്ളലും അവിശ്വസനീയമായ വേഗതയിലാണ് സംഭവിക്കുന്നത്.

ഇത് ഒരു ഊർജ്ജ ഗതാഗത സംവിധാനമാണ്. പക്ഷേ ഇതൊരു സംവിധാനം മാത്രമല്ല. അതിനേക്കാൾ കൂടുതലായ എന്തോ ഒന്നാണ്. രക്തത്തിലെ എല്ലാ കോശങ്ങളടക്കം എല്ലാ മനുഷ്യാവയവങ്ങൾക്കും നിലനിൽപ്പിന്ന് ഒരു നിശ്ചിത അളവ് പഞ്ചസാര ആവശ്യമാണ്. തീർച്ചയായും ഇതിൽ മുൻഗണനകളുണ്ട്. മസ്തിഷ്ക്കത്തിന്നുള്ള പ്രധാന്യം മറ്റെല്ലാ അവയവങ്ങളെക്കാളും പരമ പ്രധാനമാണ്. രക്തത്തിലെ പഞ്ചസാരയുടെ ലെവൽ താഴുകയാണെങ്കിൽ തന്നെ മസ്തിഷ്ക്കത്തിലേക്കുള്ള നിശ്ചിത അളവ് സ്ഥിരമായ പഞ്ചസാര വിതരണം ഉറപ്പാക്കണം. മുഴുവൻ ശരീരത്തിലെ പഞ്ചസാരയും തീരുന്നത് വരെ മസ്തിഷ്ക്കത്തിലേക്കുള്ള ഈ വിതരണം മുടങ്ങാതെ തുടരണം. ശരീരത്തിലെ എല്ലാ കോശങ്ങളും കോശകലകളും പഞ്ചസാരയുടെ ഉപഭോഗം ഒരേ അളവിൽ ആഗിരണം ചെയ്യപ്പെടുന്ന സംവിധാനമാണെങ്കിൽ മസ്തിഷ്ക്കത്തിന്ന് അത് എപ്പോഴും ലഭ്യമാകാതെ അപകട സ്ഥിതി സംജാതമായേക്കാം. അതായത് മറ്റെല്ലാ കോശങ്ങൾക്കും കോശകലകൾക്കും പഞ്ചസാര ഒരേ അളവിൽ ഉപഭോഗത്തിന്നായി ലഭ്യമായെങ്കിൽ അമിത ഉപഭോഗത്താൽ മസ്തിഷക്കത്തിന്ന് അതിന്റെ ചൈതന്യം നിലനിർത്താനാവശ്യമായ പഞ്ചസാര ലഭ്യമാകാതെ അപകടം സംഭവിക്കുമായിരുന്നു. അതിനാൽ വിവിധ മുൻഗണനകൾ തമ്മിൽ പരസ്പരം സന്തുലനം പാലിക്കേണ്ടതുണ്ട്. മസ്തിഷക്കമൊഴികെ ശരീരത്തിന്റെ എല്ലാ ഭാഗത്തും പഞ്ചസാരയുടെ ഉപഭോഗം നിർത്തുവാൻ ഗ്രന്ഥികൾ ഒരു സ്രവം പുറപ്പെടുവിക്കുകകുടി ചെയ്യുന്നുണ്ട്.

സന്തുലന പ്രക്രിയ ഒരു സ്ഥലത്ത് മാത്രമല്ല. അടരുകൾക്ക് പിറകെ അടരുകളായി അത്യധികം ലോലമായ സന്തുലന സംവിധാനമാണ് സൃഷ്ടിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നത്. ഇതാണ് മനുഷ്യാസ്തിത്വത്തിന്റെ വിവിധ തലങ്ങളിൽ അബോധാത്മകമായി പ്രവർത്തിക്കുന്ന കേവല നീതി (Absolute Justice) അത് കേവലനീതി എന്ന പേരിൽ പരാമർശിക്കപ്പെട്ടിട്ടില്ലായിരിക്കാം. എങ്കിലും നീതിയും സമ്പൂർണ്ണ സന്തുലനവും ഒരേ പ്രതിഭാസത്തിന്റെ രണ്ട് നാമങ്ങളാണ് എന്ന വസ്തുതയിൽ നിന്നു രക്ഷപ്പെടാൻ ആർക്കും സാദ്ധ്യമല്ല. മറ്റ് വാക്കുകളിൽ പറഞ്ഞാൽ, വൈരുദ്ധ്യത്തിന്റെ ഭയലേശമന്യേ നമുക്ക് പറയാൻ സാധിക്കും തികഞ്ഞ ആരോഗ്യം എന്നത് തികവുറ്റ നീതിയുടെ മറ്റൊരു നാമമാണ്.

മനുഷ്യശരീരത്തിലെ പഞ്ചസാരയുമായി ബന്ധപ്പെട്ട സന്തുലനത്തിന്റെ പ്രശ്നം മനസ്സിലാക്കാൻ എത്ര പഞ്ചസാരയാണ് നമുക്ക് ആവശ്യമായി വരുന്നത് എന്നത് ഉദാഹരണ സഹിതം നമുക്ക് ചർച്ചചെയ്യാം. പഞ്ചസാരയുടെ മിനിമം മുതൽ മാക്സിമം വരെയുള്ള അളവ് എത്രവരും എന്നത്; അതായത് 100 മില്ലിലിറ്റർ രക്തത്തിൽ 60 മില്ലിഗ്രാം പഞ്ചസാര ഉപയോഗത്തിന്നായി എപ്പോഴുമുണ്ടായിരിക്കും. ഈ സമവാക്യത്തിന്റെ മാക്സിമം പഞ്ചസാരയുടെ അളവ് 100 മില്ലി ലിറ്ററിന്ന് 180 മില്ലീഗ്രാമിലധികം ഉയരാനും പാടില്ല. ഈ അനുപാതം അധികമാവുകയാണെങ്കിൽ പ്രസ്തുത അസന്തുലിതാവസ്ഥയെയാണ് നാം രക്തത്തിലെ പ്രമേഹം (Blood Sugar) എന്ന് പറയുന്നത്.

ഇൻസുലിൻ സന്തുലനം പാലിക്കുന്നതിൽ പരാജയം സംഭവിച്ചാൽ, സന്തുലനം ശരിയായി പാലിക്കാൻ അധികം വരുന്ന പഞ്ചസാര കിഡ്നി പുറന്തള്ളുന്നു. അത് കാരണം രക്തത്തിലുള്ള അധിക പഞ്ചസാരയുടെ സാന്നിദ്ധ്യം ശരീരകോശങ്ങളെ ജീർണ്ണിപ്പിക്കുന്നില്ല. സംഗതമല്ലാത്ത രീതിയിൽ അധികം വരുന്ന പഞ്ചസാര മൂത്രത്തിലൂടെ പുറന്തള്ളുമ്പോൾ പ്രമേഹ രോഗികളുടെ കാര്യത്തിൽ മൂത്രത്തിൽ അനാവശ്യമായുള്ള പഞ്ചസാര എന്തുകൊണ്ടാണുണ്ടാവുന്നത്. ചിലപ്പോൾ കിഡ്നിയുടെ പ്രവേശന കവാടത്തിൽ രക്തത്തിലെ പഞ്ചസാര വളരെയധികം ഉയർന്ന നിലയിലായാൽ അത് പുറന്തള്ളപ്പെടുകയില്ല. അതിന്റെ ഫലമായി രക്തത്തിൽ അപകടകരമാംവിധം പഞ്ചസാര കൂടുന്നു. ഇത് ചില അവയവങ്ങളെ രോഗാതുരമാക്കുന്നു. പഞ്ചസാരയുടെ അമിതമായ ഒഴുക്കു മൂലം ഹൃദയ വാൽവുകൾ ക്ഷയിക്കുന്നു (ഒരു ചാലിലൂടെ ആസിഡൊഴുകുമ്പോൾ അത് ജീർണ്ണിച്ച് ക്ഷയിക്കുന്നത് പോലെ). അധികം പഞ്ചസാര രക്ത കുഴലുകളിൽ കുറച്ച് നിക്ഷേപിക്കപ്പെടുകയും അവിടെ രക്തത്തിന്റെ ഒഴുക്ക് കുറയുകയും ചെയ്യുന്നു. രക്തചംക്രമണ വേഗം കുറഞ്ഞ് കാപിലറി* (രക്ത കുഴൽ) പോലെയുള്ള സ്ഥലങ്ങളിൽ അധികം വരുന്ന പഞ്ചസാര നിക്ഷേപിക്കപ്പെടു

*കാപിലറി: 5 മുതൽ 10 മൈക്രോ മീറ്റർ (ഒരു മീറ്ററിന്റെ പത്ത് ലക്ഷത്തിലൊന്ന് വ്യാസമുള്ള ചെറിയ രക്തക്കുഴലുകളാണ് കാപിലറികൾ. (വിവ:)

ന്നു. ഇത് പലവിധത്തിലുള്ള അസ്വസ്ഥതകളും തകരാറുകളും ഉണ്ടാക്കുന്നു. കണ്ണിലെ കാപിലറി രക്തക്കുഴലുകളിലാണ് ഇത് സംഭവിക്കുന്നതെങ്കിൽ ആ വ്യക്തിക്ക് തിമിര രോഗം, ഗ്ലൂക്കോമ മുതലായ മറ്റു രോഗങ്ങൾ ബാധിച്ചേക്കാം. അത് നാഡികളിൽ കൂടിയുള്ള സ്പന്ദനം വേഗം കുറക്കും. നാഡീസ്പന്ദനങ്ങളുടെ മന്ദഗതിയിലുള്ള ഈ അവസ്ഥയുടെ ഫലമായി മറ്റ് നേരിട്ടുള്ള അപകടങ്ങളും സൃഷ്ടിക്കപ്പെട്ടേക്കാം.

ചില പ്രമേഹ രോഗികൾ അവരുടെ ഹൃദയത്തിന്ന് ചുറ്റുമുണ്ടാകുന്ന കോച്ചിപ്പിടുത്തത്തിന്റെ വേദന അറിയാതെ പോവുന്നത് ദൈനംദിനമുള്ള നമ്മുടെ അനുഭവമാണല്ലോ. ഹൃദയത്തിന്റെ ഭാഗത്ത് നിന്നുള്ള ഈ സിഗ്നലുകളുടെ അഭാവം കാരണം അവർക്ക് പെട്ടെന്ന് ഹൃദയാഘാതം സംഭവിക്കാം. അതായത് നീതിയുടെ സംന്തുലനം എന്നത് കേവലം അക്കാദമിക് വാചോടാപമല്ല. നിരന്തരമായ നീതിയുടെ അഭാവം, അല്ലെങ്കിൽ സന്തുലനത്തിലുള്ള അസാംഗത്യം, അത് ഒരിക്കലും തന്നെ പ്രകൃതിയിൽ ശിക്ഷിക്കപ്പെടാതെ പോകുന്നില്ല. അഹോ കഷ്ടം! ഈ പാഠമാണ് മനുഷ്യൻ അവഗണിക്കുന്നത്. അനീതിയുടെ അനന്തര ഫലങ്ങളിൽ നിന്ന് രക്ഷപ്പെടുമെന്ന മിഥ്യാവിചാരത്തിൽ അവൻ നിലകൊള്ളുകയും ചെയ്യുന്നു. അതിലേക്ക് നമുക്ക് പിന്നീട് തിരിച്ചു വരാം.

### രോഗത്തിൽനിന്നുള്ള സംരക്ഷണം.

മനുഷ്യ ജീവിതത്തിന്റെ ആരോഗ്യകരമായ പാലനത്തിന്ന് അല്ലാഹു സൃഷ്ടിച്ച മറ്റുചില സന്തുലന വ്യവസ്ഥകളുടെ ഉദാഹരണത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. മനുഷ്യ ജീവിതം മാത്രമല്ല, എണ്ണമറ്റ ജീവജാലങ്ങളുള്ള മുഴു പ്രപഞ്ചവും സുദൃഢമായ നിലയിൽ അചഞ്ചലവും കേവലവുമായ സന്തുലന തത്വത്തിന്നു കീഴിൽ നിയന്ത്രിക്കപ്പെടുകയും ചലിപ്പിക്കപ്പെടുകയും ചെയ്യുന്നു. എവിടെയാണോ അറിയാതെയോ കരുതിക്കൂട്ടിയോ ഉള്ള ലംഘനമുണ്ടാകുന്നത് അത് രോഗത്തിന്റെ ആരംഭമാണെന്നു തിരിച്ചറിയാതിരിക്കില്ല.

ദൈവം അവന്റെ അപാരമായ അനുഗ്രഹത്താൽ ഓരോ വ്യവസ്ഥയുടേയും ഉപവ്യവസ്ഥയായി ആഘാത പരിഹാര വ്യവസ്ഥയും (Cushioning) പൂർവ്വസ്ഥിതി പ്രാപിക്കാനുള്ള നൈസർഗ്ഗികമായ കഴിവും (Resilience) കൂടി അധികമായി മനുഷ്യ ശരീരത്തിന്ന് നൽകിയിട്ടുണ്ട്. കുറച്ചു കൂടി വ്യക്തമായി പറയുകയാണെങ്കിൽ ഈ വ്യവസ്ഥ അദ്ൽ'ന്റെ അഥവാ നീതിയുടെ മണ്ഡലത്തിൽ നിന്ന് മാത്രമുള്ളതല്ല. അത് മനുഷ്യ ശരീരത്തിന്ന് ആസകലം സവിശേഷമായ കാരുണ്യ വഴിയിൽ വരദാനമായി നൽകപ്പെട്ട വ്യവസ്ഥയാണ്.

മറ്റൊരു വീക്ഷണ കോണിൽ നോക്കുകയാണെങ്കിൽ, മനുഷ്യന്റെ പിഴവുകൾ, അധികമായ അശ്രദ്ധകൾ, എന്നിവ വരുത്തിവെക്കുന്ന അപകടങ്ങൾക്ക് പോലും അതിന്റെ കഷ്ട നഷ്ടങ്ങൾ പരിഹരിക്കാനുള്ള ഒരു വ്യവസ്ഥ ദൈവം അനുവദിച്ചിരിക്കുന്നു എന്നാണ് പറയാൻ കഴിയുക. മനുഷ്യന്റെ ബോധപൂർവ്വമായ പ്രവർത്തനങ്ങളുടെ വീക്ഷണ കോണിൽ നോക്കുമ്പോൾ അത് നാം നേരത്തെ സുദീർഘമായി ചർച്ചചെയ്തത് പോലെ ഇഹ്സാൻ എന്ന പദത്തിലെ അർത്ഥത്തിന്ന് സമാനമായാണ് കൂടുതൽ കാണപ്പെടുന്നത്.

ഇഹ്സാൻ, ഈതാഇദിൽ ഖുർബാ എന്നിവ യുടെ സൽപ്രവർത്തികൾ നീതിക്ക് മുകളിലും നീതിയേക്കാൾ അധികവുമാണ്. ഉദാഹരണത്തിന്ന്. ഒരു മനുഷ്യന്ന് ദിനേനയുള്ള ആവശ്യങ്ങൾ നിവർത്തിപ്പാനുള്ള ദഹനരസം മാത്രമേ ലഭ്യമാവുന്നുവെങ്കിൽ അത് സൂചിപ്പിക്കുന്നത് എല്ലാവരും അതിന്നാവശ്യമുള്ളത് മാത്രമാണ് ഭക്ഷിക്കുക എന്നാണല്ലോ. കൂടുതലായി ഭക്ഷിക്കാനുള്ള അവസരം ഉണ്ടാവുന്നില്ല എന്നുമാണ്. ഇത് നീതിയുടെ മാത്രം അനുശാസനമാണ്. പക്ഷേ ദൈവം ജീവികളോട് അതിശയകരമാം വിധം വളരെ ഔദാര്യത്തോടെയാണ് പെരുമാറുന്നത്. ജീവികൾ ഭക്ഷിക്കുന്ന അധിക ഭക്ഷണം പോഷക ശോഷണമുള്ള ദിനങ്ങൾക്ക് വേണ്ടി കരുതലായി കൊഴുപ്പ് രൂപത്തിൽ സംഭരിച്ചു വെക്കുകയാണ് ചെയ്യുന്നത്. തീർച്ചയായും അധികം കൊഴുപ്പ് മൃഗങ്ങൾക്ക് ഒരു ഭാരമാണ്. എന്നാൽ മിതമായ അളവ് കൊഴുപ്പ് അതിന്റെ അതിജീവനത്തിന്ന് ആവശ്യവുമാണ്. സാധാരണ നിലയിൽ ഒരാൾക്ക് ആരോഗ്യകരമായ ജീവിതത്തിന്നാവശ്യമായതിന്റെ ഇരട്ടി ഭക്ഷണം ദഹിപ്പിക്കാനാകും. ഇതിന്റെയും പരിധിയിൽ കവിഞ്ഞ് ഒരാൾ ഭക്ഷിച്ചാൽ ശിക്ഷയുടെമേഖല ആരംഭിക്കുന്നു. ഒരാൾക്കും തന്നെ അതിന്റെ അനന്തര ഫലം അനുഭവിക്കാതെ നീതിയുടെ സ്ഥിരമായ ലംഘകനായി നിൽക്കാനാവില്ല.

അതിലോലമായ സന്തുലന സംവിധാന പാലനത്തെപറ്റി നമുക്കിപ്പോഴും മതിയായ വിവരമില്ല. ചിന്തയുടേയും കണക്ക്കൂട്ടലിന്റേയും ഏറ്റവും സങ്കീർണ്ണമായ കഴിവുകൾ കൊണ്ട് സജ്ജീകരിക്കുകയും ജീവിതത്തിന്റെ എല്ലാ പരിണാമാത്മക നേട്ടങ്ങൾക്കും ബോധം നേതൃത്വം നൽകുകയും ചെയ്യുന്ന മനുഷ്യനെ പോലെയുള്ള ഒരു അഭിജാത ജീവി ദൈവത്തോട് നന്ദി കെട്ടവനായി തുടരുന്നു എന്ന സ്ഥിതി എത്ര കഷ്ടമാണ്?. മനുഷ്യനോട് ഏറ്റവും തികവാർന്ന രീതിയിൽ നീതി പൂർവ്വം പെരുമാറിയിട്ടും മനുഷൻ എത്ര മാത്രം നീതി രഹിതമായാണ് അവന്റെ സ്രഷ്ടാവിനോട് വർത്തിക്കുന്നത്.?

വാസ്തവത്തിൽ ജീവിതത്തിന്റെ എല്ലാ വശങ്ങളും പരിഗണിച്ചു കൊണ്ട് സർവ്വ ആവശ്യങ്ങളും നിറവേറ്റാൻ നിരന്തരം ശ്രദ്ധയോടെ എണ്ണമറ്റ പരസ്പര ബന്ധത്തിന്റെ പ്രവിശാലമായ ആന്തരിക പ്രപഞ്ചങ്ങൾ ലയിച്ചു ചേർന്ന തികവുറ്റ സംന്തുലനവും സാമഞ്ജ്യസ്യവും മനുഷ്യ ശരീരത്തിൽ നിലനിൽക്കുന്നു. മനുഷ്യനിലുള്ള ഈ കൊച്ചു പ്രപഞ്ചങ്ങളുടെ സ്വരമേളനമാണ് അവനിലുലുള്ള ഉദാത്തമായ സംഗീതം. മനുഷ്യനാണ് ദൈവത്തിന്റെ ഏറ്റവും മഹിഷ്ഠമായ സൃഷടി. പക്ഷേ മനുഷ്യൻ അവനിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വിസ്മയ പ്രപഞ്ചത്തെപ്പറ്റി നിസ്സംഗമായ അശ്രദ്ധയിലാണ്.

### ഇൻസുലിൻ ഉദ്പാദനത്തിൽ ഔദാര്യത്തിന്റെ പങ്ക്

ഈ വസ്തുത ഒന്നുകൂടി വിശദമാക്കാൻ നമുക്ക് വീണ്ടും എല്ലാ ജീവികൾക്കും ദിനേന ആവശ്യമായ പഞ്ചസാരയുടെ അളവിന്റെ ഉദാഹരണത്തിലേക്ക് നോക്കാം. അമിത ഭോജനത്തിന്റെ ദോഷഫലങ്ങളിൽ നിന്നും രോഗിയുടെ രക്ഷയ്ക്ക് ഉദാരത എന്ന ഘടകം എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും രോഗിയുടെ ആരോഗ്യത്തെ പ്രതിരോധിക്കാൻ ഉദാരത എന്താണ് ചെയ്യുന്നതെന്നും നോക്കാം. ഉദാഹരണത്തിന്, പാൻക്രിയാസ് ഗ്രന്ഥി കൃത്യമായ അനുപാതത്തിൽ ഇൻസുലിൻ ഉദ്പാദിപ്പിക്കുകയാണെങ്കിൽ ഇത് ദിനം പ്രതിയുള്ള ശരീരാവശ്യത്തിന് മതിയാവുമായിരുന്നു. അതിലധികം വേണ്ടിവരില്ല. ഔദാര്യത്തിന്റെ പ്രവർത്തന ത്തിന്റെ ആവശ്യം ഇവിടെ വേണ്ടിവരുമായിരുന്നില്ല. എന്നാൽ ദൈവം പാൻക്രിയാസ് ഗ്രന്ഥിക്ക് അതിന്റെ സാധാരണ ഉദ്പാദന ക്ഷമതയേക്കാൾ അധികം ഉദ്പാദിപ്പിക്കാനുള്ള കഴിവ് നൽകിയിട്ടുണ്ട്. ഒരു ആരോഗ്യവാനായ വ്യക്തി പഞ്ചസാര ആവശ്യമായതിൽ പലമടങ്ങ് കൂടുതലായി ഉപയോഗിക്കുകയാണെങ്കിലും മിക്കവാറും അയാൾ അതിന്റെ പ്രത്യാഘാതത്തിൽ നിന്നും രക്ഷപ്പെടുന്നതായിരിക്കും. ദൈവത്തിന്റെ ഉദാരത നമുക്ക് ഇതിൽ കാണാൻ സാധിക്കും

ഇവിടെ ഒരുകാര്യം ശ്രദ്ധിക്കുന്നത് കൗതുകകരമാണ്. പാൻക്രിയാസ് ഗ്രന്ഥി തകരാറായി എന്നിരിക്കട്ടെ. ആവശ്യത്തിന്റെ ഏഴിലൊന്ന് ഇൻസുലിൻ മാത്രമെ പാൻക്രിയാസ് ഉദ്പാദിപ്പിക്കുന്നുവെങ്കിൽ പോലും ഈ ചെറിയ അളവ് ഇൻസുലിൻ ദൈനംദിന ആവശ്യത്തിന്ന് മതിയായി വരും. ഈ ശാസ്ത്രീയ പ്രതിഭാസത്തിന്റെ നൂലാമാലകൾ മനസ്സിലാകാത്ത സാധാരണക്കാരന്റെ അറിവിലേക്കായി ഇക്കാര്യം അൽപ്പം വിശദമാക്കുന്നത് ഉചിതമായിരിക്കും.

ഇൻസുലിന്റെ ഉപയോഗം യാതൊരർത്ഥത്തിലും യാദൃച്ഛികമല്ല. ജീവികൾക്ക് തനിക്ക് എത്ര അളവ് ഇൻസുലിൻ ആവശ്യമുണ്ടെന്ന് അറിവില്ല. അവക്ക് തീറ്റക്കുള്ള സുനിശ്ചിതമല്ലാത്ത കൊതി മാത്രമേയുള്ളൂ. അത് അവയുടെ രുചിക്കനുസരിച്ച് വിശപ്പടങ്ങുവോളം ഭക്ഷിക്കാൻ അവയെ പ്രേരിപ്പിക്കുന്നു. ഒരു ഘട്ടമെത്തിയാൽ തീറ്റി നിർത്താനുള്ള താക്കീത് ആന്തരികമായി അവക്ക് നൽകപ്പെടുന്നു. തീറ്റി നിർത്താനുള്ള ഈ ആന്തരിക സംവിധാനം ജീവികളിൽ ഇല്ലായിരുന്നുവെങ്കിൽ അവയുടെ അമിത തീറ്റിപ്രിയം മൂലം ലോകത്ത് ഒരു നിശ്ചിത തോത് ആളുകൾക്ക് ഭക്ഷണം കിട്ടാതെ മരിക്കുമായിരുന്നു സാധാരണ ഒരു ആരോഗ്യമുള്ള മൃഗത്തിൽ പോലും ഇൻസുലിൻ ഉദ്പാദനത്തിൽ നിയന്ത്രിതമായ വ്യത്യാസങ്ങളുണ്ട്. വിശ്രമത്തിലിരിക്കുന്ന ഒരു ജീവിക്ക് അൽപ്പം ഇൻസുലിൻ മാത്രമേ ആവശ്യമുള്ളൂ. അത് പെട്ടെന്ന് അക്രമാസക്തമാവുകയോ ഉത്തേജിതമായി പ്രവർത്തനനിരതനാവുകയോ ചെയ്താൽ ശരീരത്തിൽ ആനുപാതികമായി ഉയർന്ന രീതിയിൽ ഇൻസുലിൻ സ്രവിപ്പിക്കപ്പെടുന്നു. പക്ഷേ ഇപ്രകാരം സ്പോർടിലും ഗയിംസിലും ഉന്നതമായ മികവിൽ എത്തിച്ചേരാൻ സാധ്യമാകുന്നില്ല. പ്രത്യേകിച്ച് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന മിക്ക കായികതാരങ്ങളും അവർ മെഡൽ വാങ്ങുന്നതിന്ന് മുമ്പായി പെട്ടെന്ന് മരണപ്പെട്ടേക്കും.

ആരോഗ്യമുള്ള മനുഷ്യ ശരീരത്തിന്ന് സമീകൃതാഹാരം ലഭിക്കുകയാണെങ്കിൽ അതിലെ ഉപാപചയ വിസർജ്യങ്ങൾ പുറംന്തള്ളുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ഒരു നിശ്ചിത അളവ് വലുപ്പവും ഭാരവും കിഡ്നിക്ക് ആവശ്യമാണ്. ഒരുകാര്യം ഓർക്കുക ദൈന വിസർജ്യങ്ങൾ പുറംന്തള്ളുന്നതിന്നുള്ള ആവശ്യങ്ങളെക്കാൾ കിഡ്നിയുടെ കഴിവ് വളരെ അധികമാണ്. കിഡ്നിയുടെ 8 ൽ 1 വലുപ്പം മാത്രമേ ദൈനം ദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ആവശ്യമുള്ളൂ. അമിതാഹാരം മൂലമുണ്ടാകുന്ന രോഗങ്ങൾ അല്ലെങ്കിൽ യാദൃച്ഛിക രോഗങ്ങൾ ഇവയെ തടയാൻ ആഘാത പ്രതിരോധ സംവിധാനം കൂടുതലായി ആവശ്യമില്ല. അത് ഇഹ്സാൻ ന്റെയും ഈതായി ദിൽ ഖുർബാ യുടെയും കൂട്ടായ അത്ഭുത പ്രവർത്തനമാണ്.

നിരന്തരമായി നീതിയുടെ ശാസനകളോടും ദൈവത്തിന്റെ ഔദാര്യങ്ങളോടും അവഗണന കാണിക്കുകയും മനുഷ്യന്റെ കിഡ്നിയുടെ 8 ൽ 7 ഭാഗം പ്രവർത്തന രഹിതമായാലും മനുഷ്യന്ന് ആരോഗ്യമുള്ള ഒരു ആളായി തുടരാനാവും. മനുഷ്യന്ന് അവന്റെ ആരോഗ്യപാഠങ്ങൾ പഠിക്കാനുള്ള സാവകാശം നൽകി സാധാരണ നിലയിലേക്ക് തിരിച്ചു വരാനുള്ള അവസരം അത് നൽകുകയും അങ്ങനെ പല അവസരങ്ങളിലും കേവല നീതിയും ഔദാര്യവും പരസ്പരം അതിവർത്തിക്കാതെ രണ്ടും ഒരുപോലെ പൂത്തുലയുന്നത് നമുക്ക് കാണാനാകും. എതായാലും ഈ

രണ്ട് വരദാനങ്ങളും തമ്മിൽ ഏറ്റുമുട്ടുന്ന എന്തെങ്കിലും അപകട സന്ധി സംജാതമായാൽ ഔദാര്യത്തിന്ന് പ്രവർത്തിക്കാനുള്ള അവസരം നൽകപ്പെടില്ല. അവിടെ കേവലനീതിയാണ് നിലനിൽക്കുക. ഔദാര്യം കടന്നു വരികയാണെങ്കിൽ നീതി ബലികഴിക്കപ്പെടേണ്ടി വരും. അതായത് ഔദാര്യം പ്രകടിപ്പിക്കണമെങ്കിൽ നീതിയുടെ ചിലവിലായിരിക്കും അത് നിർവ്വഹിക്കപ്പെടുക. നീതിയുമായി എത്രമാത്രം ഔദാര്യത്തിന്ന് സഹവർത്തിത്വം സാദ്ധ്യമാവുമോ അത്വരെ ഔദാര്യത്തിന്ന് നിലനിൽക്കാനും പ്രവർത്തിക്കാനും സാധിക്കും. ഔദാര്യം എന്നത് ഉന്നത നിലയിലുള്ള ഒരു ക്രമമാണ്. നീതി എന്നത് ഏറ്റവും അടിസ്ഥാനമായിട്ടുള്ളതുമാണ്. അടിസ്ഥാനങ്ങൾ ഒരിക്കലും തന്നെ അധികത്തിന്റേയോ തിരഞ്ഞെടുപ്പിന്റേയോ അൾത്താരയിൽ ബലിയായി കൂടാ. ഈ വിഷയകമായി പരിശുദ്ധ പ്രവാചകൻ പറഞ്ഞു: ഒരു അവിശ്വാസി ഒരു വിശ്വാസിയേക്കാൾ ഏഴ് ഇരട്ടി അധികം ഭക്ഷിക്കുന്നു. (ഹദീസ്) ഈ ഹദീസ് ദഹനവ്യവസ്ഥയുടെ കഴിവിന്റെ മാക്സിമം മിനിമം പരിധികൾ സൂക്ഷ്മമായി വെളിപ്പെടുത്തുന്നു.

ഇൻസുലിന്റെ കുറവ് കൂടാതെ നൂറുക്കണക്കിന്ന് മറ്റു കാരണങ്ങളും പ്രമേഹ രോഗത്തിന്ന് കാരണമാകുന്നു. ആയതിനാൽ പാൻക്രിയാസ് സാധാരണ രീതിയിൽ പ്രവർത്തിക്കുയാണെങ്കിൽ പ്രമേഹ രോഗിക്ക് ഇൻസുലിൻ കുറവ് അതിജീവിക്കാൻ സാദ്ധ്യമാവുന്നു. രക്തത്തിൽ പഞ്ചസാര ആഗിരണം ചെയ്യുന്ന അത്തരം നിരവധി സങ്കീർണ്ണമായ ഘടകങ്ങൾ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. അന്തിമ വിശകലനത്തിൽ തികഞ്ഞ രീതിയിൽ സമീകൃതമായ ആഹാര ക്രമത്തിൽ തന്നെയാണ് എപ്പോഴും ഊന്നൽ നൽകേണ്ടത്. അല്ലെങ്കിൽ അതിന്റെ മറുവാക്കായ നീതിയിലാണ് ഊന്നൽ നൽകേണ്ടത്. ***(വിവ: എ.എം)***

പേജ് 21 ൽ നിന്ന്

തിരുമേനി(സ)ക്ക് ആൺ സന്താനങ്ങളില്ലാത്തതിനാൽ അതൊരയോഗ്യതായി കണക്കാക്കി മുശ്രിക്കുകൾ ആ പുണ്യാത്മാവിനെ പരിഹസിക്കാറുണ്ടായിരുന്നു. റസൂൽ തിരുമേനി (സ)യുടെ ശത്രുവായിരുന്ന ആസിബ്നു വായിലും കൂട്ടരും മുഹമ്മദ് ആൺ സന്തതി യില്ലാത്തവനായത് കൊണ്ട് അദ്ദേഹത്തിന്റെ കാലശേഷം ഈ പ്രസ്ഥാനം സ്വയം നശിച്ചു പോകുന്നതാണ്. അതുകൊണ്ട് അദ്ദേഹത്തെ എതിരിട്ട് നശിപ്പിക്കേണ്ടുന്ന ആവശ്യം തന്നെ ഇല്ല. എന്ന് പറഞ്ഞു കൊണ്ടിരുന്നു. ഇതിന്നുള്ള മറുപടിയായി അല്ലാഹു തആലാ ഈ അദ്ധ്യായത്തിൽ അദ്ദേഹം ആൺ സന്തതിയറ്റവനല്ല മറിച്ച് അദ്ദേഹത്തിൽ വിശ്വസിച്ചിരുന്ന കോടാനുകോടി വിശ്വാസികൾ അദ്ദേഹത്തിന്റെ ആത്മീയ സന്തതികളാണ്. വിശുദ്ധ ഖുർആൻ മറ്റൊരിടത്ത് ഇപ്രകാരം പറയുന്നു:

'മുഹമ്മദ് ഞങ്ങളിൽപ്പെട്ട ഒരാളുടെയും പിതാവല്ല. മറിച്ച് അദ്ദേഹം റസൂലുല്ലാഹും അല്ലാഹുവിന്റെ ദൂതനും ഖാത്തമുന്നബിയ്യീനും (പ്രവാചകന്മാരുടെ മുദ്ര)യുമാണ്. (ആത്മീയ സന്തതികളുമാണ്.)'

ഹദ്റത്ത് റസൂൽ തിരുമേനി(സ) ഒരിക്കൽ ഇപ്രകാരം പറഞ്ഞു: ഞാൻ ഒരു ദർശനത്തിൽ സ്വർക്ഷത്തിൽ ചെന്നതായി കാണപ്പെടുകയുണ്ടായി അപ്പോൾ ഒരു മലക്ക് സ്വർഗത്തിലെ നാമങ്ങൾ പറഞ്ഞുകൊണ്ട് രണ്ട് കുല മുന്തിരിപ്പഴം കാണിക്കുകയുണ്ടായി. അതിൽ നിന്ന് ഒരു കുല എനിക്ക് തന്നുകൊണ്ട് ഇത് താങ്കൾക്കുള്ളതാണ് എന്ന് പറഞ്ഞു. മറ്റെക്കുല ആർക്കുള്ളതാണെന്ന് ചോദിച്ചപ്പോൾ ഇത് അബൂജഹലിന്നുള്ളതാണെന്ന് പറഞ്ഞപ്പോൾ ഞാൻ വളരെയധികം പരിഭ്രമിച്ചു. എന്റെ കണ്ണുകൾ തുറന്നു. എന്ത് അല്ലാഹുവിന്റെ പക്കൽ എനിക്കും ഇസ്ലാമിന്റെ ബദ്ധശത്രുവായ അബൂജഹലിന്നും ഒരേ സ്ഥാനമാണോ ഉള്ളത് എന്ന് തോന്നിപ്പോയി. അതിന്ന് ശേഷം നടന്ന ബദ്ർ യുദ്ധത്തിൽ അബൂജഹൽ വധിക്കപ്പെട്ടു. പിന്നീട് മക്കാവിജയമുണ്ടായപ്പോൾ അയാളുടെമകൻ ഇക്രിമ, തന്നെ മുസ്‌ലിംകൾ ഉപദ്രവിക്കുമോ എന്ന ഭീതികൊണ്ട് അവിടെ താമസിക്കാൻ ഇഷ്ടപ്പെടാതെ ഓടിപ്പോവാനൊരുങ്ങുകയായിരുന്നു. ഇതറിഞ്ഞ് അദ്ദേഹത്തിന്റെ ഭാര്യ കാരുണ്യ മൂർത്തിയായ മുഹമ്മദ് നബി(സ) യുടെ പെരുമാറ്റം ഞങ്ങളോട് വളരെയധികം സൗഹൃദപരമാണെന്നും താങ്കദ്ദേഹത്തെ കണ്ടതിന്ന് ശേഷം ഒരു തീരുമാനത്തിൽ എത്തുക എന്ന് പറഞ്ഞു. അങ്ങനെ ഇക്രിമ അദ്ദേഹത്തിന്റെ ഭാര്യയോ ടൊപ്പം റസൂൽ തിരുമേനി(സ)യുടെ തിരുസന്നിധിയിൽ ഹാജരായി കാര്യം വിവരിച്ചു. താങ്കളു ടെ ഭാര്യപറഞ്ഞത് ശരി തന്നെയാണോ താങ്കളിവിടെ താമസിക്കുകയാണെങ്കിൽ മാപ്പ് നൽകുന്നതാണെന്നും പറഞ്ഞു. ഇത് തന്റെ ഭാഗ്യമാണെന്നും ഒരിക്കലും തനിക്ക് മാപ്പ് ലഭിക്കുമെന്ന് അദ്ദേഹം കരുതിയിരുന്നില്ല. ദൈവ നിയുക്തനായ ഒരു പ്രവാചകനിൽ നിന്നല്ലാതെ ഇങ്ങനെ ഒരു പെരുമാറ്റം ഉണ്ടാവുന്നതല്ല. എന്നു കരുതിയ അദ്ദേഹം ഉടനെ ശഹാദത്ത് കലിമ ഉച്ചരിച്ച് കൊണ്ട് നബി(സ) തിരുമേനി യുടെ ദാസത്വം സ്വീകരിക്കുകയും തിരുനബി(സ) ആത്മീയ സന്തതികളിൽ ഒരാളായി തീരുകയും ചെയ്തു. അപ്പോൾ അല്ലാഹു എനിക്ക് കാണിച്ചു തന്ന ആത്മീയ ദർശനത്തിന്റെ സാക്ഷാത്ക്കാര കാരമാണെന്ന് അരുൾ ചെയ്തു. അപ്പോൾ അബ്തർ അഥവാ അനന്തരാവകാശിയില്ലാത്ത സന്താനരഹിതൻ നബികരീം(സ) അല്ല. അബുജഹലായിരുന്നു എന്ന അല്ലാഹു തെളിയിച്ചു കാട്ടുകയുണ്ടായി. അബൂജ ഹലിന്റെ മകൻ ഇക്രിമ ഇസ്ലാം മതം സ്വീകരിച്ചത് കൊണ്ട് അബൂജഹലായിരുന്നു സന്താന രഹിതനായത്. (തുടരും)

# ക്രിസ്ത്യൻ ഇവാഞ്ചലിസവും യഹൂദ സയണിസവും

ചരിത്രത്തിലുടനീളം യഹൂദരെ വേട്ടയാടിയിരുന്നവരാണ് പാശ്ചാത്യ ക്രിസ്തീയ ലോകം. 1965 ഒക്ടോബർ 28 ന് ക്രിസ്തു സഭ പുറപ്പെടുവിച്ച നോസ്ട്രാ അറ്റാറ്റെ (NOSTRA AETATE) എന്ന പ്രഖ്യാപനത്തോടെയാണ് അത് അവസാനിച്ചത്. ഇന്ന് ക്രിസ്ത്യൻ ഇവാഞ്ചലിസവും യഹൂദ സയണിസവും ചേർന്ന് ഇസ്‌ലാമിനെയും മുസ്‌ലിം ലോകത്തെയും ആശയപരമായും രാഷ്ട്രീയപരമായും സൈനികമായും ആക്രമിച്ചു കൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ പരസ്പര വൈരത്തിന്റെയും നാശത്തിന്റെയും ബീജങ്ങളും അതിൽ ഉള്ളടങ്ങിയിട്ടുണ്ട് അതിന്റെ മതപരമായ കാരണങ്ങളും അന്തർധാരയും നാം തിരിച്ചറിയണം.

എ. എം മുഹമ്മദ് സലീം

ക്രിസ്തുമതം യഹൂദമത്തിന്റെ മടിത്തട്ടിൽ അവരുടെ ആത്മീയ ഉന്നമനത്തിനു വേണ്ടി ആവിർഭവിച്ച ഒരു മതമായിരുന്നു. യേശു തന്നെ അത് വെളിവാക്കുന്നു. 'ന്യായപ്രമാണത്തെയോ പ്രവാചകരെയോ റദ്ദാക്കാനാണ് ഞാൻ വന്നതെന്ന് നിങ്ങൾ ധരിക്കേണ്ട റദ്ദാക്കാനല്ല നിറവേറ്റാനാണ് ഞാൻ വന്നത്' (മത്തായി 5:17) നിർഭാഗ്യകരമെന്ന് പറയട്ടെ യഹൂദരെ ലോകം മുഴുവൻ വേട്ടയാടിയിരുന്നത് ക്രിസ്ത്യാനികളാണ്. ക്രിസ്തീയ രാജ്യങ്ങളിൽ നടന്ന കിരാതമായ ഈ യഹൂദ വേട്ടകൾ ചരിത്രത്തെ ശോണിമമാക്കിയ അദ്ധ്യായങ്ങൾ എഴുതി ചേർത്തിട്ടുണ്ട്. നാലായിരം വർഷത്തെ ചരിത്രത്തിൽ പുരാതന കാലത്ത് ദാവീദിന്റെയും സോളമന്റെയും നേതൃത്വത്തിൽ പ്രതാപമുഗ്ദമായ ഏകദേശം നൂറ് വർഷമാണ് ഫലസ്തീനിൽ യഹൂദർക്ക് ഭരണം ലഭിച്ചത്. ബാക്കിയുള്ള കാലങ്ങളിൽ പരസ്പര കലഹവും അരക്ഷിതത്വവും പ്രവാസ ജീവിതവും അടിമ ജീവിതവുമാണ് അവർക്ക് നയിക്കേണ്ടിവന്നത്. യഹൂദരുടെ നാലായിരം വർഷത്തെ ചരിത്രത്തിൽ ക്രിസ്തുവിന് ശേഷം എ.ഡി 380 മുതലാണ് വലിയ മാറ്റം ആരംഭിക്കുന്നത്. ഈ സമയത്താണ് കിഴക്കൻ റോമാ സാമ്രാജ്യത്തിൽ തിയോഡോഷ്യസ് ഒന്നാമൻ ക്രിസ്തുമതത്തെ ഔദ്യോഗിക രാഷ്ട്രമതമായി പ്രഖ്യാപിച്ചത്. അതോടെ ക്രിസ്തീയ റോമാസാമ്രാജ്യത്തിൽ മറ്റു മതങ്ങൾക്ക് പ്രത്യേകിച്ച് യഹൂദ മതത്തിന് സ്ഥാനമില്ലാതെയായി. യഹൂദ വിരോധം അഥവാ ആന്റി സെമിറ്റിസം (Antisemitism) എന്നത് ക്രിസ്തു മതത്തിന്റെ അന്തർഹിതവും ന്യായപ്രമാണപരവുമായ ഒരു ദൈവശാസ്ത്ര നിലപാടായിത്തീർന്നു. ഭൂമിയിൽ അവതരിച്ച ദൈവ പുത്രനായ യേശുവിനെ ക്രൂശിച്ച് കൊന്നത് യഹൂദരാണ് എന്നതാണ് യഹൂദ വിരോധത്തിന്റെ അടിസ്ഥാന കാരണം.

മാത്രമല്ല യഹൂദർ സ്വയം തന്നെ തങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയാണെന്ന് അവകാശപ്പെടുന്നവരാണ്. ബൈബിൾ പറയുന്നു: 'നിന്റെ ദൈവമായ കർത്താവിന്നു നീ വിശുദ്ധ ജനമാണല്ലോ. ഭൂതലത്തിലെ എല്ലാ ജനതകളിൽ നിന്നും നിന്നെ സ്വന്തം ജനമായി കർത്താവു തിരഞ്ഞെടുത്തിരിക്കുന്നു.' (ആവർത്തനം 14:2) ഈ വംശീയ ഡംഭ് തങ്ങൾ വിശേഷപ്പെട്ട ഒരു ജനതയാണെന്ന സ്വയം ബോധവും മറ്റു ജനതകളിൽ നിന്നും യഹൂദർ സ്വയം അകന്നു നിൽക്കാനും കാരണമായി.

### ക്രിസ്ത്യൻ - യഹൂദ വിരോധം: മതപരമായ അടിസ്ഥാന കാരണം.

ക്രിസ്ത്യാനികളും യഹൂദരുമായുള്ള ശത്രുതയുടെ ചരിത്രം ബൈബിളിൽ നിന്നു തന്നെ ആരംഭിക്കാം. വാസ്തവത്തിൽ യേശു കുരിശിൽ വെച്ച് മരിച്ചു എന്ന വാദം അംഗീകരിക്കുകയാണെങ്കിൽ, അത് "തൂങ്ങി മരിച്ചവൻ ദൈവ സന്നിധിയിൽ ശാപഗ്രസ്തൻ (ആവർത്തനം 21:22) എന്ന അക്കാലത്തെ യഹൂദരുടെ ആരോപണം സാധുകരിക്കപ്പെടുകയാണ് ചെയ്യുന്നത്. പഴയ നിയമത്തിലെ ബൈബിൾ പ്രമാണം അനുസരിച്ച് യേശുവിനെ ശപ്തനെന്ന് വരുത്തിതീർക്കാൻ അദ്ദേഹത്തെ തിരസ്ക്കരിച്ച യഹൂദർ കൊണ്ട്പിടിച്ചു ശ്രമിച്ചിരുന്നു. വാസ്തവത്തിൽ യേശുവിനെ കുരിശ് മരണത്തിന് ആദ്യമായി വിധിക്കുന്നത് പീലാത്തോസല്ല. യഹൂദരുടെ മതവിചാരണ സഭയായ സന്നിദ്രിം ആണ്. യേശുവിനെ സന്നിദ്രത്തിൽ വെച്ച് വിചാരണ ചെയ്യുന്ന രംഗം മാർക്കോസ് 14: 53-65, ലൂക്കോസ് 22: 66-71 മത്തായി 26: 57-68 എന്നി

സമാന സുവിശേഷങ്ങളിലും യോഹന്നാൻ 18:12 സുവിശേഷത്തിൽ അൽപം വ്യത്യസ്തമായും രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായി രേഖപ്പെടുത്തിയ യേശുവിന്റെ വിചാരണ ഇപ്രകാരമാണ്: "മഹാപുരോഹിതൻ (കയ്യഫാസ്) വീണ്ടും അവനോട് പറഞ്ഞു: ജീവനുള്ള ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്ത് ഞാൻ ചോദിക്കുന്നു: ഞങ്ങളോട് പറയൂ; ദൈവപുത്രനായ ക്രിസ്തുവാണോ നീ? യേശു അയാളോട് പറഞ്ഞു: താങ്കൾ അങ്ങനെ പറഞ്ഞു. എന്നാൽ ഞാനും നിങ്ങളോട് പറയുന്നു: ഇനി മനുഷ്യപുത്രനെ ശക്തിയുടെ വലത് ഭാഗത്തിരിക്കുന്നവനായും വാനമേഘങ്ങളിൽ വരുന്നവനായും നിങ്ങൾ കാണും. ഉടനെ മഹാപുരോഹിതൻ തന്റെ മേലങ്കി വലിച്ചു കീറിയിട്ടു പറഞ്ഞു: ഇയാൾ ദൈവ ദൂഷണം പറഞ്ഞിരിക്കുന്നു. ഇനി നമുക്ക് സാക്ഷികളെന്തിന്? നിങ്ങൾ ഇപ്പോൾ ഇയാൾ പറഞ്ഞ ദൈവദൂഷണം കേട്ടുവല്ലോ? എന്താണ് നിങ്ങളുടെ തീരുമാനം? അവർ ഉത്തരം പറഞ്ഞു: ഇയാൾ വധ ശിക്ഷ അർഹിക്കുന്നു. (മത്തായി 26: 63-66)

യഹൂദർ തന്നെയാണ് യേശുവിനെ അവരുടെ നിയമമനുസരിച്ച് ക്രൂശിച്ച് കൊല്ലാൻ തീരുമാനിച്ചത്. അന്ന് ഫലസ്തീൻ റോമൻ കോളനിയാണ്. വധശിക്ഷ പോലെയുള്ള കഠിന ശിക്ഷകൾ നൽകാൻ അവർക്ക് അധികാരമില്ല. റോമൻ കോടതിയെയാണ് സമീപിക്കേണ്ടത്. അതിനായി പീലാത്തോസിന്റെ അനുമതി അവർ വാങ്ങുകയാണ് ചെയ്തത്. പീലാത്തോസാകട്ടെ യേശുവിൽ യാതൊരു കുറ്റവും കാണാത്ത നീതിമാനുമായിരുന്നു. അല്ലാതെ ക്രൂശീകരണം പീലാത്തോസ് റോമൻ നിയമമനുസരിച്ച് വിധിച്ചതല്ല. യേശു ക്രൂശിതനായതിന്റെ പൂർണ്ണ ഉത്തരവാദി യഹൂദ മതസഭയും അവർ വ്യാഖ്യാനിച്ച യഹൂദ നിയമങ്ങളുമാണ്. ഭഞാൻ (പീലാത്തോസ്) ഇവനിൽ കുറ്റമൊന്നും കാണുന്നില്ല. യഹൂദർ അയാളോട് പറഞ്ഞു: ഞങ്ങൾക്ക് ഒരു നിയമമുണ്ട് തന്നത്താൻ ദൈവ പുത്രനാക്കുകയാൽ, ഇവൻ ആ നിയമമനുസരിച്ചു മരിക്കണം (യോഹന്നാൻ 19:7) യേശു നിരപരാധിയും നിഷ്ക്കളങ്കനുമാണെന്ന് പീലാത്തോസിന് അറിയാമായിരുന്നു എന്ന് ബൈബിൾ തന്നെ വെളിപ്പെടുത്തുന്നു. അവർ യേശുവിനെ തനിക്ക് ഏൽപ്പിച്ചു തന്നത് അസൂയ നിമിത്തമാണെന്ന് പീലാത്തോസിന് അറിയാമായിരുന്നു.(മത്തായി : 27: 18)

'പീലാത്തോസ് മുഖ്യ പുരോഹിതനോടും ജനത്തോടും പറഞ്ഞു ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല. എന്നാൽ അവർ നിർബന്ധപൂർവ്വം പറഞ്ഞു: ഗലീല മുതൽ ഇവിടം വരെ യൂദയിലെങ്ങും പഠിപ്പിച്ചു കൊണ്ട് ഇവൻ ജനങ്ങളെയെല്ലാം ഇളക്കി വിടുന്നു.' (ലൂക്കോസ് 23::15)

പിലാത്തോസിന് യേശുവിനെതിരെയുള്ള യഹൂദരുടെ ഈ വ്യാജാരോപണം അടിസ്ഥാനരഹിതവുംവ്യാജവുമാണെന്ന് ദൃഢബോദ്ധ്യമുണ്ടായിരുന്നു. അതേസമയം തന്റെ ഭരണ പ്രദേശത്ത് അസ്വസ്ഥതകളില്ലാതെ ക്രമസമാധാനം നോക്കുകയും വേണം. യേശുവിനെ യഹൂദർക്ക്തന്നെപ്രത്യക്ഷത്തിൽവിട്ടു കൊടുത്തുകൊണ്ട് തൽക്കാലം ക്ഷുബിതരായ ജനക്കൂട്ടത്തെ ശാന്തരാക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. യേശു നിരപരാധിയാണെന്ന യാഥാർത്ഥ്യം പീലാത്തോസ് കൈകഴുകി പരസ്യമായി പ്രഖ്യാപിക്കുകയും കഠിന ഹൃദയരായ യഹൂദർ യേശുവിനെ ക്രൂശിച്ചു കൊല്ലാൻ ആവശ്യപ്പെടുകയും ആ പാപം തങ്ങളിലും തങ്ങളുടെ സന്തതികളിലേക്കും ഏറ്റെടുക്കുകയും ചെയ്യുന്ന രംഗം ബൈബിൾ വിവരിക്കുന്നുണ്ട്. ഈയൊരു സംഭവമാണ് ക്രിസ്ത്യാനികളും യഹൂദരും തമ്മിലുള്ള ശത്രുതക്ക് ആധാരം. ബൈബിൾ ആ സംഭവം വിവരിക്കുന്നു:

'ഞാൻ വിചാരിച്ചതു നടക്കാൻ പോകുന്നില്ലെന്നും മറിച്ച് ഒരു ലഹളയുണ്ടായേക്കുമെന്നും തോന്നിയിട്ട് പീലാത്തോസ് കുറച്ച് വെള്ളം എടുത്ത് ജനക്കൂട്ടത്തിന് മുമ്പിൽ വെച്ചു കൈകഴുകി. പറഞ്ഞു: ഭഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. നിങ്ങൾ തന്നെ അത് ഏറ്റുകൊള്ളുക.അപ്പോൾ ജനം ഒന്നിച്ചു പറഞ്ഞു: അവന്റെ രക്തം ഞങ്ങളുടെ മേലിലും ഞങ്ങളുടെ സന്താനങ്ങളുടെ മേലും ആയിക്കൊള്ളട്ടെ' (മത്തായി 27: 24)

ക്രിസ്ത്യാനികൾ തങ്ങളുടെ ദൈവ പുത്രന്റെ ഘാതകരായി അക്കാലത്തെ യഹൂദരെ മാത്രമല്ല കണ്ടത്. ബൈബിളിൽ മത്തായി സുവിശേഷത്തിലുള്ള ഈ വചന പ്രകാരമുള്ള ആ കൊലപാതകത്തിൽ അന്നത്തെ യഹൂദരെയും അവരുടെ സന്തതികളെയും ക്രിസ്ത്യാനികൾ യേശുവിന്റെ ഘാതക പങ്കാളികളായി കണ്ടു. ബൈബിൾ പുതിയ നിയമത്തിൽ മത്തായിയിലെ ഈ ഒരു വാക്യമാണ് തുടർന്ന് വന്ന നൂറ്റാണ്ടുകളിലെ യഹൂദ വേട്ടക്ക് നിദാനമായി തീർന്നത്. നൂറ്റാണ്ടുകളോളം തുടർന്ന് ഈ പീഢനം ആധുനിക കാലത്തെത്തുമ്പോൾ രണ്ടാം ലോക മഹായുദ്ധകാലത്ത് നാസി ജർമ്മൻ രാഷ്ട്രം സ്പോൺസർ ചെയ്ത് നടപ്പാക്കിയ 6 ദശലക്ഷം യഹൂദരെ കൊന്നൊടുക്കിയ ഹോളോകോസ്റ്റ് എന്ന അതി ഭീകരമായ യഹൂദ വേട്ടയിൽ അവസാനിക്കുകയുണ്ടായി. ക്രിസ്തീയ ലോകത്തെ കിരാതമായ യഹൂദ വേട്ടകൾ

ക്രിസ്തുമതം റോമൻ ഔദ്യോഗിക മതമായി പ്രഖ്യാപിക്കപ്പെട്ടത് മുതൽ

തുടർന്ന് വന്ന നൂറ്റാണ്ടുകളിൽ യഹൂദർ ദൈവപുത്രന്റെ ഘാതക രായി പ്രഖ്യാപിക്കപ്പെട്ടു. യഹൂദ മതം മതപരിവർത്തനം നടത്തി വികസിപ്പിക്കുന്നതിൽ താൽപര്യ മില്ലാത്ത വംശമഹിമയിൽ വിശ്വസി ക്കുന്ന മതമായതിനാൽ മത ത്തിൽ ആളെകൂട്ടുന്നത് താൽപ ര്യമില്ലാത്തവരാണ്. എന്നാൽ തി യോക്രാറ്റിക് മിഷിണറി മതമായ കത്തോലിക്കാ സഭ വളരെ ആസൂ ത്രിതമായി യഹൂദരെ നിർബന്ധ പൂർവ്വവും അല്ലാതെയും മതപരി വർത്തനം നടത്താനുള്ള സംരഭ ങ്ങളിൽ മുഴുകിയിരുന്നു. ഇത് അവരുടെ ഒരു മുഖ്യ പരിപാടി കൂടിയായിരുന്നു. കാരണം യഹൂദർക്ക് മിശിഹാ ആയി വന്ന യേശുവിന് സാധിക്കാത്ത കാര്യം പ്രാവർത്തികമാക്കാനായിരുന്നു ക്രിസ്തു സഭക്ക് ആഭിമുഖ്യമുണ്ടാ യിരുന്നത്. അതിന് അവർ സകല വഴികളും അവലംബിച്ചു, പിന്നെ അതിഭയാനകമായ പീഢനമുറകളാണ് അവർക്കെതിരെ അരങ്ങേറിയത്

നമുക്ക് പരിചിതമായ 'സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ' എന്ന പുസ്ത കത്തിന്റെ രചയിതാക്കളായ ലാറി കോളിൻസ് ഡൊമിനിക് ലാപ്പിയർ എന്നിവർ ചേർന്നെഴുതിയ ഭഓ ജെറുസലേംഭ എന്ന പുസ്തകത്തിൽ നിന്നും യഹൂദ പീഢന കഥ ഉദ്ദരിക്കാം

'ചിതറിത്തെറിക്കലിന് (Diaspora)ശേഷം അവർ വന്നുപ്പെട്ട എല്ലാ അഭയകേന്ദ്രങ്ങളിൽ നിന്നും അനുസ്യൂതമായ പീഢനമെന്ന ശാ പം അവരുടെ അഭ്യർത്ഥനയെ ബല പ്പെടുത്തി. മനുഷ്യനെ മനുഷ്യൻ സ്നേഹിക്കണം എന്ന സമർപ്പ ണത്തോടെ ഉയിർത്തെഴുന്നേറ്റ മറ്റൊരു മതത്തിൽ നിന്നാണ് യ ഹുദികൾക്കെതിരെയുള്ള പീഢ നം ഉയർന്നു വന്നത്. മത പരി വർത്തന സംരഭങ്ങളുടെ തീക്ഷ്ണ മായ ആവേശത്തിൽ തങ്ങളുടെ പുർവ്വ സുരികളായ യഹൂദരുടെ മതം മാറ്റത്തിന്ന് ക്രിസ്ത്യാനികൾ പ്രത്യേകം ഊന്നൽ നൽകി.. റോ മിലെ തിയോഡേഷ്യസ് രണ്ടാ മൻ ഇതിന്ന് നിയമപരമായ പ്രോത്സാ ഹനം നൽകി. യഹൂദർ അകറ്റപ്പെട്ട ജനതയാണെന്ന് അദ്ദേഹം വിജ്ഞാ പനം പുറപ്പെടുവിക്കുകയും ഒരു ആത്മീയ വിവേചനം (Spiritual Apparthied) നടപ്പാക്കുകയും ചെയ്തു.

ഗോളിൽ ഫ്റാൻസിലെ രാജാവ് ഡഗോബർട്ട് അവരെ ആട്ടിയോ ടിച്ചു. സ്പെയിനിലെ വിസിഗോ ത്തുകൾ ജൂത മക്കളെ പിടിച്ചെ ടുത്തു മതപരിവർത്തനം ചെയ്യിച്ചു. ബൈസന്റ്യനിലെ ഹിറാക്ലിയസ് ജൂത മതാരാധന നിരോധിച്ചു. കുരിശ് യുദ്ധത്തോടെ സ്പിരിച്വൽ അപ്പാർത്തീട് വ്യവസ്ഥാപിതമായ യഹൂദ വേട്ടയായി മാറി

'ദൈവം അതാഗ്രഹിക്കുന്നു' (God wills it) എന്ന് പറഞ്ഞ് കൂട്ട ഹത്യകൾ അരങ്ങേറി, ജറുസലേം വഴിത്താരയിൽ കണ്ട അശരണരായ യഹൂദികളെ കുരിശു യുദ്ധക്കാർ നിഷ്ക്കരുണം കൊന്നൊടുക്കി. ഇംഗ്ലണ്ടിലെ എഡ്വേർഡ് ഒന്നാ മനും ഫ്രാൻസിലെ ഫിലിപ്സും യഹൂദരുടെ സ്വത്ത് കണ്ട് കെട്ടി സ്വന്തം രാജ്യത്ത് നിന്നും പുറ ത്താക്കി.

മിക്കവാറും എല്ലാ ക്രിസ്തീയ രാജ്യങ്ങളും യഹൂദികൾ സ്വത്ത് വാങ്ങുന്നത് നിരോധിച്ചിരിന്നു. മതപരമായി സംഘടിക്കപ്പെട്ട മദ്ധ്യകാലഘട്ടത്തിലെ കൈതൊഴിൽ വിപണ മേഖലയിൽ ജുതർക്ക് പ്രവേശനം നിഷേധിച്ചു. ജൂതന്മാർക്ക് തൊഴിൽ കൊടുക്കുന്നത് ക്രിസ്തു സഭ നിരോധിച്ചു ക്രിസ്ത്യാനികൾക്കിട യിൽ താമസിക്കാൻ ജുതന്മാരെ അ വദിച്ചില്ല,. 1215-ൽ ചേർന്ന മഹാ കൗൺസിൽ യഹുദർ അകറ്റ പ്പെട്ട ജനവർക്ഷമാണെന്ന് വിളം ബരപ്പെടുത്തുകയും അവരെ തിരി ച്ചറിയുന്ന ഒരു ബാഡ്ജ് ധരിക്ക ണമെന്ന് വിധി പുറപ്പെടുവിക്കു കയും ചെയ്തു. ഇംഗ്ലണ്ടിൽ മോ സസിന്ന് ലഭിച്ച പത്ത് കൽപ്പനകൾ ഉറുക്കുകളാക്കി തിരിച്ചറിയാൻ വേ ണ്ടി അവരുടെ കഴുത്തിൽ കെട്ടു മായിരുന്നു. ഫ്രാൻസിലും ജർമ നിയിലും അത് മഞ്ഞനിറത്തി ലുള്ള 'o'. ചിഹ്നമായിരുന്നു.

പ്ലേഗ്, ദുർമരണങ്ങൾ എന്നിവ യഹുദർ മൂലമാണെന്ന് ആരോപിച്ചു. തവളയുടെ കാലും ചിലന്തിവലയും ക്രിസ്ത്യാനികളുടെ കുടൽ മാലയും ഉപയോഗിച്ചുണ്ടാക്കിയ ചുർണ്ണം ക്രിസ്ത്യാനികളുടെ കിണറുകളിൽ യഹുദികൾ കലക്കുന്നത് കൊണ്ടാണ് പ്ലേഗ്‌വരുന്നതെന്ന്‌വിശ്വസിച്ചുകൊണ്ട് ജുതപീഢനത്തിന്റെ ഒരു തരംഗം യൂറോപ്പിൽ അലയടിച്ചു. 200 യഹുദ സമുദായങ്ങളാണ് ഈ വിദ്വേഷാഗ്നിയിൽ ഹോമി ക്കപ്പെട്ടത്. ഖലീഫമാരുടെ കീഴിലു ണ്ടായിരുന്ന സ്പെയിൻ ഒഴികെ അന്ധകാരാവൃതമായ പശ്ചിമ ലോക ത്ത് യഹുദന്റെ അസ്തിത്വം അംഗീ കരിക്കപ്പെട്ടില്ല. സ്പെയിനിൽ അവർ അഭിവൃദ്ധിപ്പെട്ടു. അവർ അവിടെ നിന്നും ചിതറിത്തെറിച്ചില്ല. 1492-ൽ സ്പെയിനിലെ ഫെർഡിനാന്റും ഇസബല്ലയും മുസ്ലിംകളിൽ നിന്നും ഭരണ മേറ്റെടുത്ത ഉടനെ അതാരംഭിക്കുകയുണ്ടായി. ജർമ്മ നിയിലെ ജുതരെ വാഹനത്തിൽ കയറ്റാൻ പാടില്ലായിരുന്നു. നഗ രത്തിൽ അവർക്ക് പ്രവേശിക്കണ മെങ്കിൽ പ്രത്യേക ചുങ്കം ചുമത്തി. പോളണ്ടിൽ കൊസാക്ക് വിപ്ലവം ദശകത്തിന്നുള്ളിൽ ഒരു ലക്ഷം യഹുദികളെ കൊന്നൊടുക്കി. യഹുദ ജനതയുടെ പകുതിയിലധികം താമസിച്ചിരുന്ന പോളണ്ടിലേക്ക് റഷ്യൻ സാറിന്റെ പട്ടാളം നീങ്ങി യപ്പോൾ അതൊരു ഇരുണ്ട കാല ഘട്ടമായി അവർക്ക് അനുഭവപ്പെട്ടു.. ഫ്രാൻസിൽ 12 വയസ്സു മുതൽ

25 വരെ നിർബന്ധ പട്ടാള ജോലി ചെയ്യണമായിരുന്നു. ശബ്ബത്ത് മെഴുകുതിരികൾക്ക് അവിടെ നികുതി ചുമത്തി. വേശ്യകൾക്ക് നൽകിയിരുന്ന മഞ്ഞക്കാർഡ് കൂടാതെ യഹൂദ സ്ത്രീകളെ വൻ നഗരങ്ങിൽ പ്രവേശിപ്പിച്ചിരുന്നില്ല. റഷ്യയിൽ അലക്സാണ്ടർ രണ്ടാമന്റെ വധത്തിന്ന് ശേഷം യഹൂദ സമുദായങ്ങളെ ഒന്നിന്ന് പിറകെ ഒന്നായിചുട്ടെരിച്ചുകൊണ്ട്പോഗ്രാം അരങ്ങേറി (Larry Colins & Dominique Lappier- O! Jerusalem, p.20)

പ്രഗത്ഭ ചരിത്രകാരനയ വിൽ ഡൂറന്റ് തന്റെ Study of Civilisation എന്ന പുസ്തകത്തിൽ ക്രിസ്തുസഭയുടെ യഹൂദ പീഢനത്തിന്റെ നിരവധി സംഭവങ്ങൾ വിവരിക്കുന്നുങ്ങ്. അതിൽ ഒരു ഉദാഹരണം ഇവിടെ ഉദ്ദരിക്കാം

ചിലപ്പോൾ സെന്റ് ജോൺ കാപിസ്ട്രാനോയെ പോലെ വിശുദ്ധ വിദ്വേഷ പ്രചാരകന്മാർ യഹൂദർക്കെതിരായ ദൈവ ശാസ്ത്ര പീഢനങ്ങളുടെ ബ്ളൂ ലോ (Blue Law) പൂർണ്ണ ശക്തിയോടെ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് തങ്ങളുടെ കേൾവിക്കാരെ ഉൽസാഹഭരിതരാക്കുമായിരുന്നു. പോപ്പ് ഇയുജിനസ് നാലാമനും നിക്കോളസ് അഞ്ചാമനും ഇതിനെ പിന്തുണച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്ന് ഇറ്റലിയിൽ അൽപ്പകാല പ്രഭാവമേ ഉണ്ടായിരുന്നുള്ളു. മറ്റൊരു ഫ്രാൻസിസ്ക്കൻ സന്യാസിയായിരുന്ന ഫെൽട്രിയിലെ ബെർണാർഡിനോവിന്റെ യഹൂദർക്കെതിരെയുള്ള ആക്രമണം അതിരൂക്ഷമായിരുന്നു. മിലാൻ, ഫെറ്റേ, വെനീസ് എന്നിവിടങ്ങളിലെ സിവിൽ നിയമപാലകർക്ക് അദ്ദേഹത്തോട് നിശ്ശബ്ദനാകാനോ സ്ഥലം വിട്ട് പോകാനോ അഭ്യർത്ഥിക്കേണ്ടി വന്നു. 1475 ൽ ട്രെന്റിലെ ഒരു യഹൂദന്റെ വീട്ടിനരികെ മൂന്നു വയസ്സുള്ള കുട്ടി മരിച്ചു കിടക്കുന്നതായികണ്ടു ആ കുഞ്ഞിനെ അതിനടുത്ത് താമസിക്കുന്ന യഹൂദൻ കൊന്നതാണെന്ന് ബെർണാർഡിനോ പ്രഖ്യാപിച്ചു. ട്രെന്റിലെ എല്ലാ ജൂതന്മാരെയും ബിഷപ്പ് ജയിലിലടച്ചു. പെസഹാ ചടങ്ങിന്റെ ഭാഗമായി ആ കുഞ്ഞിന്റെ രകത്ം യഹൂദികൾ കുടിച്ചു വെന്ന് ആരോപിച്ചു യഹൂദികളെ പീഢനങ്ങൾക്ക് വിധേയമാക്കി. അവസാനം ട്രെന്റിലെ എല്ലാ ജൂതന്മാരേയും കൊന്നൊടുക്കി. മരിച്ച കൊച്ചു സൈമണിന്റെ (Little Simon) മൃതശരീരം എംബാം ചെയ്ത് അതൊരു വിശുദ്ധ അവശേഷിപ്പായി പ്രദർശിപ്പിച്ചു. ആയിരക്കണക്കിന് തീർത്ഥാടകർ ഈ പുതിയ ആരാധനാലയത്തിലേക്ക് തീർത്ഥാടകരാ യെത്തി. യഹൂദർ ചെയ്തുവെന്ന് ആരോപിക്കപ്പെട്ട ഈ ക്രൂരകൃത്യം ആൽപ്സ് പർവ്വവതം കടന്ന് ജർമ്മനിയിലും പരന്നു. അവിടെ യഹൂദ വിരോധം തീവ്രമായി. വെനീസിലെ സെനറ്റ് ഇത് ഒരു വിശുദ്ധവ്യാജ കഥയാണെന്ന് പറഞ്ഞ് അപലപിച്ചു. വെനീസിന്റെ പരിധിയിലുള്ള യഹൂദരുടെ കൂട്ടക്കൊലയിൽ നിന്നും രക്ഷിക്കാൻ തീരുമാനിച്ചു. വാർത്തയുടെ നിജസ്ഥിതി അറിയാൻ പൗഡയിൽ നിന്നും ട്രെന്റിലേക്ക് അഭിഭാഷകർ വരികയുണ്ടായി. ജനക്കൂട്ടം അവരെ പിച്ചിച്ചീന്തി കഷണം കഷണങ്ങക്കളാക്കിക്കളഞ്ഞു. സൈമണെ വിശുദ്ധനായി പ്രഖ്യാപിക്കാൻ പോപ്പ് സിക്സ്റ്റസസ്സ് നാലാമനെ നിർബന്ധിച്ചെങ്കിലും അദ്ദേഹം പ്രഖ്യാപനം നടത്തിയില്ല. പീന്നീട് 1582-ൽ ലാണ് കൊച്ചു സൈമണെ വിശുദ്ധനായി പ്രഖ്യാപിച്ചത്.' (Will Durant- The Study of Civilisation. p.721)

'റഷ്യയായിരുന്നു മറ്റൊരു യഹൂദ കശാപ്പുശാല. റഷ്യയിലെ മുന്നു രാജ്ഞിമാരായ കാതറിൻ (1727) ആനി (1739)എലിസബെത്ത്( 1742) എന്നിവർ യഹൂദികളെ റഷ്യയിൽ നിന്നും പുറത്താക്കികൊണ്ടുള്ള ശാസനകൾ പുറപ്പെടുവിച്ചു. പിന്നീട് 1772 ,1793, 1795 എന്നീ വർഷങ്ങളിൽ റഷ്യ തൊട്ടടുത്ത പോളണ്ടിനെ വിഭജിച്ചുകൊണ്ട് മൂന്ന് ഘട്ടങ്ങളിലായി റഷ്യയോട് ചേർക്കുകയുണ്ടായി. അങ്ങിനെ വമ്പിച്ച ഒരു യഹൂദ ജനസഞ്ചയം റഷ്യയിൽ വന്നുകുടി പിന്നോക്ക രാജ്യമായ റഷ്യയിൽ വളരെ ദരിദ്രാവസ്ഥയിലും ദൈന്യാവസ്ഥയിലുമായിരുന്നു യഹൂദികൾ കഴിഞ്ഞിരുന്നത്. അറ്റമില്ലാത്ത പീഢനങ്ങൾ അവർ മതഭ്രാന്തരായ സാറുകളുടെ റഷ്യയിൽ അനുഭവിച്ചു. രാജ്യത്തിന്റെ പടിഞ്ഞാറെ ഭാഗത്ത് ഒരു വേലിക്കകത്ത് ഏതാനും ജില്ലകളിൽ മാത്രം യഹൂദികളുടെ അധിവാസം പരിമിതപ്പെടുത്തി. പെയിൽ ഓഫ് സെറ്റിൽമെന്റ് (Pale of Settlement) എന്നാണ് ഇത് അറിയപ്പെടുന്നത്.' S.Shamir Hassan-Emergence of Political Zionism p.17)

കത്തോലിക്കരിൽ നിന്നും മാത്രമല്ല പേപ്പസിയുടെ കൊള്ളരുതായ്മകൾക്കെതിരെ കലാപവുമായി ഇറങ്ങിപ്പുറപ്പെട്ട പ്രൊട്ടസ്റ്റന്റ് മതസ്ഥാപകനായ മാർട്ടീൻ ലൂഥറും കടുത്ത യഹൂദമത വിരോധിയായിരുന്നു. ഹോളോകാസ്റ്റ് എന്ന അതിഭീകരമായ യഹൂദ ഉന്മൂലനം നടത്തിയത് ന്യായീകരിച്ചത് പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യൻ സഭ സ്ഥാപിച്ച മാർട്ടിൽ ലൂഥറിന്റെ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു.

'1543 ൽ ലൂഥർ പ്രസിദ്ധീകരിച്ച On the Jews and Lies എന്ന ഗ്രന്ഥത്തിൽ, ദൈവ വചനത്തിന്റെ സുതാര്യതയെ പ്രബോധിക്കുന്ന ലൂഥർ യഹൂദ വിരോധത്തിന്റെ പ്രൊട്ടസ്റ്റന്റ് രൂപം അവതരിപ്പിക്കുകയായിരുന്നു. യഹൂദ ആരാധാലയങ്ങളും അദ്ധ്യാപനങ്ങളും ഇ

ല്ലാതാക്കാനും സിനഗോഗുകൾ ചുട്ടുചാമ്പലാക്കാനും മാർട്ടിൻ ലൂഥർ ആഹ്വാനം ചെയ്തു. ലൂഥറുടെ അനിയന്ത്രിതമായ ഈ യഹൂദ വെറി മൂലം ഹിറ്റ്ലറോട് അദ്ദേഹം ഉപമിക്കപ്പെടുന്നു. ലൂഥറുടെ യഹൂദ വിരുദ്ധ രചനകളുടെ ഫലമായാണ് 1918 ലെ ജർമ്മൻ ദേശീയ വാദത്തിന്റെ പുനരുദയമുണ്ടായത് എന്നത് യാദൃശ്ചികമാണ്.' (The Encyclopeadea of Religion- Under the title of- Anti semitism)

ചുരുക്കത്തിൽ പതിനെട്ടാം നൂറ്റാണ്ടുവരെ യഹൂദനെ ക്രിസ്തീയ യൂറോപ്പ് രാജ്യത്തെ പൂർണ്ണ പൗരനായി അംഗീകരിച്ചിരുന്നില്ല. ഫ്യൂഡലിസം കൊടികുത്തി വാണിരുന്ന കാലഘട്ടത്തിൽ മതപരമായ മാനദണ്ഡങ്ങളായിരുന്നു പൗരത്വത്തെ നിർണ്ണയിച്ചിരുന്നത്. യൂറോപ്പിലുടനീളം ഹനിക്കപ്പെട്ട അവകാശങ്ങളുമായി രണ്ടാംകിട പൗരത്വവും പേറി അവഗണനയുടെയും നിന്ദ്യതയുടെയും പുറംമ്പോക്കിൽ യഹൂദർ യൂറോപ്പിലെ ഗട്ടോകളിൽ ആധുനികകാലഘട്ടംവരെ അലഞ്ഞു തിരിയുകയുണ്ടായി.

18-ാം നൂറ്റാണ്ടിലെ വ്യവസായ വിപ്ലവം മുഖ്യധാരയിലേക്ക് യഹൂദരെ കൊണ്ടുവന്നു. മതപരമായ യഹൂദ വിദ്വേഷ പ്രചരണത്തിനു പുറമെ ജനിതക ശാസ്ത്രത്തിന്റെ വരവോടെ വംശീയത എന്ന ഹീനമായ സാമൂഹിക തിന്മക്ക് വ്യാജശാസ്ത്രീയ ഛായ കൈവന്നു. ആര്യൻ വംശീയവാദത്തോടൊപ്പം രക്തശുദ്ധിയുടെയും വംശശുദ്ധിയുടെയും വാദം ഉയർന്നുവന്നു. ക്രിസ്തുമതത്തിലെ പ്രൊട്ടസ്റ്റന്റിസം നയിച്ച മാർട്ടിൻ ലൂഥറിന്റെ ജന്മനാടായ ജർമ്മനിയിൽ നാസികൾ യഹൂദർക്കെതിരെ ഉയർത്തിയത് ഈ വാദമായിരുന്നു. അറുപത് ലക്ഷം യഹൂദരാണ് ഹോളോക്കാസ്റ്റിൽ അവസാനിച്ചത്.


### നോസ്ട്രാ എറ്റേറ്റ് : ചരിത്ര പ്രസിദ്ധമായ പ്രഖ്യാപനം

കത്തോലിക്കാ പ്രൊട്ടസ്റ്റണ്ട് സഭകൾ ചരിത്രത്തിലുടനീളം മറ്റു മതങ്ങളോട് സ്വീകരിച്ച സമീപനം അസഹിഷ്ണുതാപരവും സംഘർഷാത്മകവും മർദ്ദന പരവുമായിരുന്നു. എല്ലാ മതങ്ങളോടുമുള്ള ഈ പ്രതിലോമ സമീപനം സ്വയം തിരിച്ചറിഞ്ഞ സഭയുടെ തിരുത്തൽ രേഖയും പുരോഗമനപരമായ പ്രഖ്യാപനവുമാണ് നോസ്ട്രാ എറ്റേറ്റ്. യഹൂദരോട് സഭ അനുവർത്തിച്ച ശത്രുതാപരമായ സമീപനത്തിന് ഒരു അവസാനമുണ്ടായത് മതപരമായ ഈ പ്രഖ്യാപനത്തിന് ശേഷമാണ്. ജോൺപോൾ രണ്ടാമന്റെയും അതിന് മുമ്പ് ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പയുടെയും ശ്രമഫലമായും നേതൃത്വത്തിൽ ആഗോള കത്തോലിക്കാ സഭയുടെ രണ്ടാം വത്തിക്കാൻ കൗൺസിൽ 1965 ഒക്ടോബർ 28 ന് പുറപ്പെടുവിച്ച ചരിത്ര പ്രസിദ്ധമായ ഒരു ഔദ്യോഗിക പ്രഖ്യാപനമാണ് നോസ്ട്രാ എറ്റേറ്റ് (Nostra Aetate) ഈ ലാറ്റിൻ വാക്കിനർത്ഥം "നമ്മുടെ കാലത്തിൽ' (In Our Time) എന്നാണ്.

അതിനു മുമ്പ് തന്നെ യഹൂദ സ്റ്റേറ്റ് ആയ ഇസ്റയേൽ ക്രിസ്തീയ രാജ്യങ്ങളുടെ സഹായത്തോടെ സിയോണിസത്തിന്റെ ആഭിമുഖ്യത്തിൽ നിലവിൽ വന്നിരുന്നു. കത്തോലിക്കാ സഭയെ കൊണ്ട് ഇത്തരമൊരു ക്ഷമാപണം നടത്താനുള്ള പദ്ധതികൾ നടപ്പാക്കുക എന്നത് ഒരു സിയോണിസ്റ്റ് പദ്ധതി കൂടിയായിരുന്നു. 1963 ൽ മരിക്കുന്നതിന് മുമ്പ് 1960ൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പയും ജൂത ഫ്രഞ്ച് ചരിത്രകാരനുമായ ജൂലസ് ഇസ്ഹാഖുമായി നടത്തിയ കൂടിക്കാഴ്ച്ചയാണ് ഇത്തരമൊരു പ്രഖ്യാപനത്തിന് കളമൊരുക്കിയത്. അദ്ദേഹംഎല്ലാറോമൻകത്തോലിക്കാ പള്ളികളിലും വായിക്കാൻ വേണ്ടി എഴുതിയിരുന്ന മാപ്പ് സാക്ഷ്യം ഇങ്ങനെയാണ്.

'നിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ സൗന്ദര്യം കാണാനോ നമ്മുടെ വിശേഷാവകാശമുള്ള സഹോദരന്മാരുടെ സവിശേഷതകൾ അവരുടെ മുഖത്ത് തിരിച്ചറിയാനോ കഴിയാത്തവിധം നിരവധി നൂറ്റാണ്ടുകളുടെ അന്ധത നമ്മുടെ കണ്ണുകളെ മൂടിയിട്ടുണ്ടെന്ന കാര്യത്തിൽ നാം ബോധവാന്മാരാണ്. കയീന്റെ അടയാളം നമ്മുടെ നെറ്റികളിൽ ഉണ്ടെന്ന് നാം മനസ്സിലാക്കുന്നു. നൂറ്റാണ്ടുകളിലുടനീളം നമ്മുടെ സഹോദരൻ ആബേൽ നാം ചൊരിഞ്ഞ രക്തത്തിൽ അല്ലെങ്കിൽ നാം കാരണമായി വീഴ്ത്തപ്പെട്ട കണ്ണുനീരിൽ കിടന്നിട്ടുണ്ട്. നിന്റെ സ്നേഹം മറന്നുകൊണ്ടാണ് ഞങ്ങൾ അത് ചെയ്തത്. യഹൂദർ എന്ന നിലയിൽ അവരുടെ പേരിനോട് ഞങ്ങൾ വ്യാജമായി ചേർത്ത ശാപത്തിന് ഞങ്ങൾക്ക് മാപ്പ് നൽകേണമേ. അവരുടെ മാംസത്തിൽ നിന്നെ രണ്ടാം പ്രാവശ്യം കൂശിച്ചതിന് ഞങ്ങളോട് ക്ഷമിക്കണമേ. കാരണം ഞങ്ങൾ എന്താണ് ചെയ്തതെന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു.' (Vatican II & the Jews. January 1965)

നോസ്ട്ര എറ്റേറ്റിലെ നാലാം വകുപ്പ് എല്ലാ ജൂതന്മാർക്കുമെതിരായും ചാർത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള "ദൈവഹത്യാ" (Deicide) പാപം റദ്ദ് ചെയ്യുകയുണ്ടായി. ഡയസൈഡ് (Deicide) അഥവാ ദൈവഹത്യ എന്നത് ഒരു ലാറ്റിൻ പദമാണ്. ദൈവം എന്ന അർത്ഥം വരുന്ന "ഡയസ്"(Deus) എന്ന പദവും വധം, കൊല എന്നീ അർത്ഥം വരുന്ന "സിഡിയം" (cidium) എന്ന പദവും ചേർന്നാണ് ദൈവഹത്യ എന്ന് അർത്ഥം വരുന്ന ഡയസൈഡ് എന്ന പദം നിഷ്പന്നമായത്. ബൈബിൾ മത്തായി സുവിശേഷത്തിൽ യേശുവിനെ ക്രൂശി



ച്ച കുറ്റം "ഞങ്ങളുടെ മേലും ഞങ്ങളുടെ സന്താനങ്ങളുടെ മേലും ആയിരിക്കട്ടെ" എന്ന വചനത്തിന്റെ പേരിലായിരുന്നല്ലോ യേശുവിന്റെ കാലത്തിനു ശേഷം യഹൂദ സന്തതിപരമ്പരകളിൽ ആ കുറ്റം ചാർത്തി ക്രിസ്ത്യാനികൾ അവരെ പീഢിപ്പിക്കുകയും കൂട്ടക്കൊലകൾക്ക് വിധേയമാക്കുകയും ചെയ്തത്. യഹൂദരുടെ മേലുള്ള ആ മതപരമായ കുറ്റമാണ് 1965 ലെ നോസ്ട്ര എറ്റേറ്റി റദ്ദാക്കിയത്. ആയിരത്തി എഴുന്നൂറോളം വർഷമായി യഹൂദർ ക്രിസ്തീയ ലോകത്തു നിന്നും അനുഭവിക്കുന്ന മഹാപീഢനങ്ങളിൽ നിന്നുള്ള പൂർണ്ണമായ വിമോചന പ്രഖ്യാപനം കൂടിയായിരുന്നു ഈ രേഖ. പോപ്പ് ബെനഡിക്റ്റ് യഹൂദരുടെ മാഗ്നാ കാർട്ട എന്നാണ് ഇതിനെ വിശേഷിപ്പിച്ചതെങ്കിലും ബിഷപ്പുമാരിൽ നിന്നും രൂക്ഷമായ എതിർപ്പുകൾക്ക് ശേഷമാണ് ആ രേഖ പാസ്സായത്. നോസ്ട്രാ എറ്റേറ്റിയുടെ നാലാം വകുപ്പിലെ ഒരു ഉദ്ദരണി ഇപ്രകാരമാണ്.

"ക്രിസ്ത്യാനികളുടെയും യഹൂദരുടെയും ആത്മീയ പൈതൃകം പൊതുവായുള്ളതും അതി മഹത്വവുമാണ്. ഈ വിശുദ്ധ സൂനഹദോസ് പോഷിപ്പിക്കാനും ശുപാർശചെയ്യാനും ആഗ്രഹിക്കുന്നത് ബൈബിൾ, ദൈവശാസ്ത്ര പഠനങ്ങളുടെയും സാഹോദര്യ സംവാദങ്ങൾക്കുമുപരിയായി പരസ്പര ബഹുമാനവും പരസ്പര ധരണയുമായിരിക്കണം ഫലം എന്നാണ്.

സത്യത്തിൽ, യഹൂദ അധികാരികളും അവരുടെ നേതൃത്വത്തെ പിന്തുടർന്നവരും ക്രിസ്തുവിന്റെ മരണത്തിനായി സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. (13) യേശുവിന്റെ പീഢാനുഭവത്തിൽ എന്തെല്ലാം സംഭവിച്ചുവോ ആ കുറ്റങ്ങൾ എല്ലാ യഹൂദന്മാർക്കെതിരെയും യാതൊരു വകതിരിവില്ലാതെ പിന്നീട് ജീവിച്ചിരിക്കുന്നവർക്കെതിരെയോ ഇന്നത്തെ യഹൂദർക്കെതിരെയോ ചുമത്താൻ കഴിയില്ല. സഭ ദൈവത്തിന്റെ പുതിയ ജനമാണെങ്കിലും, വിശുദ്ധ തിരുവെഴുത്തുകളിൽ പരാമർശിക്കുന്നത് പോലെ യഹൂദ ജനത് ദൈവം നിരസിച്ചവരോ ശപിക്കപ്പെട്ടവരോ ആയി അവതരിപ്പിക്കാൻ പാറ്റില്ല. അതിനാൽ, മതബോധന പ്രവർത്തനത്തിലോ ദൈവവചന പ്രഘോഷണങ്ങളിലോ സുവിശേഷത്തിന്റെ സത്യത്തിനും ക്രിസ്തുവിന്റെ ചൈതന്യത്തിനും അനുസൃതമല്ലാത്ത ഒന്നും പഠിപ്പിക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. (തുടരും)

## അനുസ്മരണം

**ഐ. കെ. സുബൈദ സാഹിബ**

കോഴിക്കോട്, മാത്തോട്ടം ജമാഅത്തിലെ അംഗമായ ഐ. കെ. സുബൈദ സാഹിബ (84) 10- 1- 2025ന് നിര്യാതയായി. ഇന്നാലില്ലാഹി.....മർഹൂം, കെ. പി ഇബ്രാഹിം സാഹിബിന്റെ ഭാര്യയായിരുന്നു.

സാത്വിക ജീവിതം നയിച്ചിരുന്ന സുബൈദ സാഹിബ ഖുർആൻ പരായണത്തിലും പൊതുവായനയിലും വാർത്തകൾ ശ്രവിക്കുന്നതിലും അതീവ അഭിരുചിയുള്ളവരായിരുന്നു. പാവങ്ങളെ സഹായിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ഉംറ നിർവഹിക്കുകയും വിശുദ്ധ ഖാദിയാൽ സന്ദർശിക്കുകയും ചെയ്തിരുന്നു.പരേതയ്ക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

മക്കൾ: നസീർ അഹ്മദ് കെ. പി, നൂറുദ്ദീൻ കെ. പി, മുനീർ കെ. പി, ലൈല കെ. പി, സിറാജുദ്ദീൻ കെ. പി, ഷക്കീല കെ. പി. മരുമക്കൾ: റഹ്മത്ത് കെ. പി, ജസീല സി. കെ. റാഷിദ തസ്നിം, ബി. മൻസൂർ അഹ്മദ് ബി, മർഹൂം അബ്ദുറഹീം ടി. കെ, അബ്ദുൽ ജലീൽ എം. കെ, മർഹൂമ സുഹറ ടി. കെ സഹോദരങ്ങൾ: മർഹൂം മുഹമ്മദ് അലി, ഐ. കെ, അഹ്മദ് കുട്ടി ഐ. കെ, മൊയ്തീൻ കോയ ഐ. കെ, ബഷീർ ഐ. കെ മർഹൂമ നബീസ ഐ. കെ, സുഹറാബി ഐ. കെ.

***ബി. മൻസൂർ അഹ്മദ്, മാത്തോട്ടം***



ലേഖനം

# ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ ഭയപ്പെടണമോ?

ആർട്ട്ഫിഷ്യൽ ഇന്റലിജൻസ് സ്വയം ഒരു വിപത്തല്ല. എല്ലാറ്റിനേയുമെന്നപോലെ നാം എങ്ങനെ അതിനെ ഉപയോഗിക്കുന്നു എന്നതിനനുസരിച്ചാണ് അതിന്റെ നന്മയും തിന്മയും തീരുമാനിക്കപ്പെടുക. മതധാർമിക പരിപ്രേക്ഷ്യത്തിൽ എ ഐ യെ കുറിച്ച് ഒരു അവലോകനം.

**ലവാൽ ഇബ്രാഹിം ഒലാനി, നൈജീരിയ**

ഇത് അവസാനത്തിന്റെ ആരംഭമാണോ? മനുഷ്യ സംസ്കാരം ഒരു വലിയ ദുരന്തത്തിലേക്ക് ആനയിക്കപ്പെടുകയാണോ എന്ന് നമ്മെ ആശങ്കപ്പെടുത്തുന്ന നിമിഷങ്ങളുമായാണ് ഓരോ ദശകവും കടന്നുവരുന്നത്. ലോക മഹായുദ്ധം, കാലാവസ്ഥാ വ്യതിയാനം, രാഷ്ട്രീയ അസ്ഥിരത, സാങ്കേതിക മാറ്റം മുതലായ വിഷയങ്ങൾ നോക്കുകയാണെങ്കിൽ ലോകം അവസാനിക്കാൻ പോകുന്നതായി എളുപ്പത്തിൽ നമുക്ക് തോന്നാവുന്നതാണ്. എന്നാൽ ഇത് യഥാർത്ഥത്തിൽ അവസാനത്തിന്റെ തുടക്കമാണോ അതോ മനുഷ്യ പരിണാമത്തിന്റെ അടുത്ത ഘട്ടം മാത്രമാണോ? ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (AI) സമകാലീന പ്രവണതകൾ വികാസം മുതലായ കാര്യങ്ങൾ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ വിലയിരുത്തുകയാണ് ഇവിടെ.

### AI യുടെ ഉയർച്ചയും ആഗോള ലക്ഷ്യങ്ങളും

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇനിമുതൽ ഭാവിയിലേക്കുള്ള സങ്കൽപ്പമല്ല. അത് വർത്തമാനകാല യാഥാർത്ഥ്യമാണ്. AI യിൽ ആധിപത്യം സ്ഥാപിക്കാനുള്ള ഒരു പുതിയ ആഗോള മത്സരത്തിൽ അമേരിക്കയും ചൈനയും മുൻപന്തിയിലാണ്. ഈ മത്സരമാണ് അതിന്റെ നേട്ടങ്ങളെയും അപകടസാധ്യതകളെയും കുറിച്ചുള്ള ചർച്ചകൾക്ക് കാരണമാവുന്നത്.

കഴിഞ്ഞ മാസം, മുൻ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ പിൻഗാമിയായി പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് സത്യപ്രതിജ്ഞ ചെയ്യുകയുണ്ടായി. ദിവസങ്ങൾക്ക് ശേഷം, അദ്ദേഹം 500 ബില്യൺ ഡോളറിന്റെ 'സ്റ്റാർഗേറ്റ് പ്രോജക്റ്റ്' പ്രഖ്യാപിച്ചു. അമേരിക്കയിലുടനീളം വൻതോതിലുള്ള ഡാറ്റാ സെന്ററുകൾ നിർമ്മിച്ച് മുമ്പോട്ട് കുതിക്കാൻ വെമ്പുന്ന AI പ്രോജക്റ്റാണിത്. പദ്ധതിയുടെ വിശദാംശങ്ങൾ ഇപ്പോഴും അവ്യക്തമാണെങ്കിലും, ഒരു കാര്യം ഉറപ്പാണ് - എ ഐ മാരത്തൺ ഓട്ടമത്സരത്തിൽ ലോകത്തെ നയിക്കാനാണ് യുഎസ് ലക്ഷ്യമിടുന്നത്.


അതേസമയം, ചൈനയുടെ സാങ്കേതിക വ്യവസായവും ലോകത്ത് തരംഗങ്ങൾ സൃഷ്ടിക്കുകയാണ്. ഒരു ചൈനീസ് സ്റ്റാർട്ടപ്പ് അടുത്തിടെ ആരംഭിക്കുകയുണ്ടായി. അമേരിക്കയുടെ ഓപ്പൺ എ ഐ യുടെ ചാറ്റ്ജിപിടി-4 ന് എതിരാളിയായിക്കൊണ്ട് ഓപ്പൺ സോഴ്സ് എ ഐ മോഡലായ ഡീപ് സീക്ക്-ആർ 1 ആണ് ചൈന പുറത്തിറക്കിയത്. ടെക് അനലിസ്റ്റായ ജോസ് അന്റോണിയോയുടെ അഭിപ്രായത്തിൽ, നിരവധി നിർണ്ണായക മികവുകളിൽ ചാറ്റ്ജിപിടിയെ മറികടക്കാനുള്ള കഴിവ് ഡീപ് സീക്ക് ആർജ്ജിച്ചിരിക്കുന്നു എന്ന് വെളിപ്പെടുത്തുകയുണ്ടായി. ഓപ്പൺഎ ഐ യുടെ 7.50 ഡോളറുമായി താരതമ്യപ്പെടുത്തുമ്പോൾ ചൈനയുടെ ദശലക്ഷം ടോക്കണുകൾക്ക് 0.14 ഡോളർ വില വളരെ കുറവാണ്. മോഡലിന്റെ റിലീസ് നെറ്റിസൺമാരിൽ (ഇന്റർനെറ്റിൽ കൂടുതൽ സമയം ചിലവഴിക്കുന്നവർ) നിന്ന് പ്രതികരണങ്ങൾക്ക് കാരണമാവുകയും ഒരു ഘട്ടത്തിൽ സ്റ്റോക്ക് മാർക്കറ്റുകൾ തകർക്കാൻ പോലും കാരണമാവുകയും ചെയ്തു. ഇത് ഓപ്പൺ എ ഐ യുടെ മോഡലുകളുടെ അതിജീവന ശേഷിയെ സംശയത്തിലാക്കുന്നു.

### AGI വാഗ്ദാനമോ അപകടമോ?

എ ഐ യുടെ ഉയർച്ച ഇപ്പോൾ ഒരു വാർത്തയല്ലാതായിരിക്കുന്നു. AGI എന്നാൽ വൈജ്ഞാനിക പ്രവർത്തനങ്ങളിലുടനീളം മനുഷ്യ തലത്തിലുള്ള ബുദ്ധിയുമായി സമാനമായതോ മറികടക്കാൻ കഴിവുള്ളതും വൈവിധ്യമാർന്നതും ബോധാത്മകമായി പ്രവർത്തിക്കാൻ കഴിയുന്നതുമായ ഒരുതരം ആർട്ടിഫിഷ്യൽ ജനറൽ ഇന്റലിജൻസിനെയാണ് ഐ ജി ഐ എന്ന് പറയുന്നത്. അത്തരമൊരു യുഗത്തിലേക്ക് നാം പതുക്കെ പ്രവേശിക്കുകയാണ്. സ്റ്റാർഗേറ്റ് പ്രോജക്റ്റിന് നേതൃത്വം നൽകുന്ന ഓപ്പൺ എ ഐ മേധാവി സാം ആൾട്ട്മാൻ അടുത്തിടെ കമ്പനിയുടെ 'ആദ്യത്തെ എ ഐ ഏജന്റ്' പുറത്തിറക്കാനുള്ള പദ്ധതി പ്രഖ്യാപിച്ചു. ഇതിനെ

'മനുഷ്യ ചരിത്രത്തിലെ ഏറ്റവും ശക്തമായ സാങ്കേതികവിദ്യ' എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും സമീപകാലത്ത് എ ജി ഐയുടെയും വികസനം മനുഷ്യന്റെ നിലനിൽപ്പിന്റെ ചരിത്രത്തിൽ പ്രതീക്ഷയും അപകടസാധ്യതയുമുള്ള ഒരു ഇരുതല മൂർച്ചവാളാണ്. AI യുടെ കഴിവുകൾ ഇപ്പോൾ നമ്മുടെ ചിന്തകൾക്കപ്പുറമാണ്. അതിശയകരമായ ജോലികൾ ചെയ്യാൻ അതിന് കഴിയും. ടെക് അനലിസ്റ്റായ വിൽ ഡഗ്ലസിന്റെ ഒരു ലേഖനത്തിൽ ഓപ്പൺ എ ഐ പുറത്തിറക്കിയ ആദ്യത്തെ എ ഐ ടെക് ഏജന്റായ 'ഓപ്പറേറ്ററുടെ'പ്രവർത്തനം അദ്ദേഹം വിശദീകരിക്കുന്നു. ഓപ്പറേറ്റർ എന്ന് പേരുള്ള കമ്പ്യൂട്ടർ ഏജന്റിന്റെ ഓൺലൈൻ ജോലികൾ അദ്ദേഹം വിശദീകരിക്കുന്നു. ടിക്കറ്റുകൾ ബുക്കുചെയ്യുക, റിസർവേഷൻ നടത്തുക, പലചരക്ക് കടയിലേക്ക് ഓർഡറുകൾ അയക്കുക മുതലായവ. എല്ലാറ്റിന്റെയും കമ്പ്യൂട്ടർ സ്ക്രീൻ ഷോട്ടുകൾ എടുക്കുകയും പിക്സലുകൾ സ്കാൻ ചെയ്യും. അതിലെ ബട്ടനുകളുമായി ഇന്ററാക്റ്റ് ചെയ്യാനും അതിനു സാധിക്കും. എന്നിരുന്നാലും ഈ വിശകലന വിദഗ്ദൻ ഇത്തരം പുരോഗതികളെ ആശങ്കകളോടെയാണ് കാണുന്നത്. സ്വകാര്യതയുടെ ലംഘനം, തെറ്റായ വിവരങ്ങൾ, അനിയന്ത്രിതമായ ഉപയോഗം എന്നിവ വിദഗ്ധരെ ആശങ്കപ്പെടുത്തുന്ന ചില അപകടസാധ്യതകൾ മാത്രമാണ്. ബിബിസി ന്യൂസ്നൈറ്റിന് നൽകിയ അഭിമുഖത്തിൽ, എ ഐ യുടെ ഗോഡ് ഫാദർ ജെഫ്രി ഹിന്റൺ, എഐ യുടെ അനിയന്ത്രിതമായ വികസനത്തെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചു, അതിനെ അദ്ദേഹം 'അസ്തിത്വപരമായ ഭീഷണി'(An existential threat) എന്നാണ് വിശേഷിപ്പിച്ചത്. ആധുനിക വലിയ ഭാഷാ മാതൃകകൾ നമ്മൾ ചിന്തിക്കുന്നതിനേക്കാൾ




വളരെ ശക്തമാണെന്ന് ഹിന്റൺ വിശ്വസിക്കുന്നു. അവ 'ബുദ്ധിയുടെ മികച്ച രൂപംഭ ആണെന്ന് താൻ കരുതുന്നത് എന്തുകൊണ്ടാണെന്ന് അദ്ദേഹം വിശദീകരിക്കുന്നു ഇപ്രകാരമാണ്.

'നിങ്ങൾക്ക് ഒരേ ന്യൂറൽ നെറ്റ്വർക്കിന്റെ നിരവധി പകർപ്പുകൾ നിർമ്മിക്കാൻ കഴിയുമെന്ന് സങ്കൽപ്പിക്കുക (അതായത്10,000 എണ്ണം). ഓരോ പകർപ്പും വ്യത്യസ്തമായ ഡാറ്റ നോക്കാനും അവർ പഠിച്ച കാര്യങ്ങൾ പരസ്പരം പങ്കിടാനും കഴിയുമെന്നും സങ്കൽപ്പിക്കുക. ഓരോ ആളും വ്യത്യസ്ത ബിരുദം നേടുകയും അവരുടെ അറിവ് മറ്റ് 10,000 പേരുമായി പങ്കിടുകയും ചെയ്യുന്നു. ഓരോ 10,000 വ്യക്തികളുള്ളതുമായി അയാളുടെ വിജ്ഞാനം പങ്കിടുമ്പോൾ അയാൾ എത്രത്തോളം ബുദ്ധിമാനാകുമെന്ന് സങ്കൽപ്പിക്കുക', ഹിന്റൺ തുടരുന്നു: നിർഭാഗ്യവശാൽ, ഇത് മനുഷ്യർക്ക് അസാധ്യമാണെങ്കിലും ന്യൂറൽ നെറ്റ് വർക്കുകൾക്ക് സാധ്യമാണ്.

അതുപോലെ, 'ബിസിനസ് ഇൻസൈഡർ' ന് നൽകിയ പ്രത്യേക അഭിമുഖത്തിൽ, ജെഫ്രി ഹിന്റൺ, യാൻ ലെകൺ എന്നിവരോടൊപ്പം AIയുടെ ഗോഡ്ഫാദറായി കണക്കാക്കപ്പെടുന്ന കനേഡിയൻ ഗവേഷണ ശാസ്ത്രജ്ഞനായ യോഷുവ ബെൻജിയോ ഏജന്റിക് AI യുടെ അപകടസാധ്യതയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു.

'ഏജന്റുമാർ (ഏജന്റിക് എ ഐ എന്നാൽ സ്വയം തന്നെ തീരുമാനങ്ങളെടുത്ത് പ്രവർത്തിക്കാൻ ശേഷിയുള്ള എ ഐ ആണ്) ഉണ്ടെങ്കിൽ എ ജി ഐ അല്ലെങ്കിൽ സൂപ്പർ ഇന്റലിജൻസുമായി ബന്ധപ്പെട്ട എല്ലാ വിനാശകരമായ സാഹചര്യങ്ങളും സംഭവിക്കാൻ സാധ്യതയുണ്ട്. ഏജന്റ് ഇതര AI സംവിധാനങ്ങൾ നിർമ്മിക്കുകയാണെങ്കിൽ, അവ ഏജന്റ് സംവിധാനങ്ങളെ നിയന്ത്രിക്കാൻ ഉപയോഗിക്കാം, 'ബെൻജിയോ ബിസിനസ് ഇൻസൈഡറോട്' ഒരു അഭിമുഖത്തിൽ പറയുകയുണ്ടായി.

AI സുരക്ഷയെക്കുറിച്ചുള്ള ഒരു പാനൽ സെഷനിൽ, AI ഏജന്റുമാരുടെ വികസനത്തെ പറ്റി 'ഒരു ചുവന്ന പതാക' എന്നും 'ഏറ്റവും അപകടകരമായ പാത' എന്നുമാണ് ബെൻജിയോ വിശേഷിപ്പിക്കുന്നത്. എന്നിരുന്നാലും, ഡീപ് മൈൻഡിന്റെ മുന്നേറ്റത്തിൽ പ്രോട്ടീൻ മടക്കി വെക്കുന്നത് പോലെ ശാസ്ത്രീയ കണ്ടെത്തലുകളിൽ ഏജന്റിക് സംവിധാനങ്ങൾ ആവശ്യമില്ല. പ്രയോജനകരമായ വഴികളിൽ മാത്രം AI ഉപയോഗിക്കാൻ കഴിയുമെന്ന് അദ്ദേഹം എടുത്തുപറഞ്ഞു.

## AI: ഇരുണ്ട വശം

ഒരു പ്രോഗ്രാമറായ ചാർലി ഹോൾട്ട്സ് തന്റെ എക്സ് പേജിൽ പോസ്റ്റ് ചെയ്ത ഒരു വീഡിയോയിൽ, GPT-4 + vision @elevenlabs model ഉപയോഗിച്ചുള്ള തന്റെ അനുഭവം അദ്ദേഹം ഃ പേജിൽ പങ്കിടുന്നു. അവിടെ എ ഐ മോഡൽ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്ററും ബയോളജിസ്റ്റുമായ ഡേവിഡ് ആറ്റൻബറോയുടെ ശബ്ദത്തെ അനുകരിക്കുകയും ഹോൾട്സിന്റെ ജീവിതം വിവരിക്കുകയും ചെയ്യുന്നു. ഈ വീഡിയോ സോഷ്യൽ മീഡിയയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും നിരവധി പ്രതികരണങ്ങൾ നേടുകയും ചെയ്തു. നെറ്റിസൺമാർ AI മോഡലിന്റെ പ്രകടനത്തെ അഭിന

ന്ദിക്കുകയുമുണ്ടായി.

ഈ സംഭവത്തിന് ഒരാഴ്ചയ്ക്ക് ശേഷം, യഥാർത്ഥ വ്യക്തിയായ സർ ഡേവിഡ് ആറ്റൻബറോ, തന്റെ വിശ്വാസത്തിന് വിരുദ്ധമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഈ AI ആളുകളെ എങ്ങനെ വഞ്ചിക്കുന്നു എന്നതിനെ കുറിച്ച് ആശങ്ക ഉന്നയിച്ചു. ഡേവിഡ് ആറ്റൻബറോ തന്റെ AI പതിപ്പ് വ്യക്തിപരമായി അസ്വസ്ഥതയുണ്ടാക്കുന്നതായി കാണുന്നു. ഡീപ്ഫേക്ക് സാങ്കേതികവിദ്യയിൽ ജനറേറ്റീവ് AI യുടെ ദുരുപയോഗ സാധ്യത ഇത് വ്യക്തമാക്കുന്നു.

AI മോഡലുകളെ പരിശീലിപ്പിക്കാൻ ചോരണം ചെയ്യപ്പെട്ട ഉള്ളടക്കം ഉപയോഗിച്ചുവെന്ന് ആരോപിക്കപ്പെട്ട Meta യുടെ CEO മാർക്ക് സുക്കർബർഗിനെതിരായ സമീപകാല ആരോപണങ്ങളും നമുക്ക് കാണാം. എഐ അൽഗോരിതം ഉപയോഗിച്ച് അവരുടെ സമ്മതമില്ലാതെ ഫേസ്ബുക്ക് ഉപയോക്താക്കളുടെ ഡാറ്റ ശേഖരിക്കാൻ കേംബ്രിഡ്ജ് അനലിറ്റിക്കയെ അനുവദിച്ചതിന് 2022 ൽ അദ്ദേഹത്തിനെതിരെ ഫയൽ ചെയ്ത നിയമനടപടി എടുക്കുകയുണ്ടയി. AI, ഡാറ്റ സ്വകാര്യത ലംഘനങ്ങൾ എന്നിവയെക്കുറിച്ച് വിദഗ്ധർ ആശങ്ക ഉയർത്തുകയാണ്.

ലോകമെമ്പാടും നടക്കുന്ന യുദ്ധങ്ങളിൽ നിലവിൽ ആയുധമാക്കിയ AI സംവിധാനങ്ങൾ ഉപയോഗിക്കുന്ന നിരവധി ഉദാഹരണങ്ങളും ടെക് അനലിസ്റ്റായ നിക്ക് റോബിൻസ്-ഏർലി സ്ഥിരീകരിക്കുന്നു. ഉദാഹരണത്തിന്, ചൈന നിലവിൽ ആയുധങ്ങളുള്ള റോബോട്ട് നായ്ക്കളെ വികസിപ്പിക്കുകയും റഷ്യ-ഉക്രെയ്ൻ യുദ്ധത്തിൽ സായുധ ഡ്രോണുകൾ ഉപയോഗിക്കുകയും ചെയ്യുന്നു.

നിരവധി രാജ്യങ്ങൾ ഇപ്പോൾ യുദ്ധമേഖലയെ അവരുടെ AI സംവിധാനങ്ങളുടെ പരീക്ഷണ കേന്ദ്രമായി ഉപയോഗിക്കുന്നുണ്ട്. ഇത് യുദ്ധത്തിൽ AIയുടെ അനിയന്ത്രിതമായ വിന്യാസത്തെക്കുറിച്ച് അടിയന്തിര ചോദ്യങ്ങൾ ഉയർത്തുന്നു.

### AI യുടെ വികസനത്തെക്കുറിച്ചുള്ള ഇസ്‌ലാമിക ധാർമ്മികത

ഈ ആശങ്കകളുടെ വെളിച്ചത്തിൽ, ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ നൽകുന്ന ധാർമ്മിക മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കേണ്ടത് അത്യാവശ്യമാണ്. വിശുദ്ധ ഖുർആൻ പ്രകൃതിയെക്കുറിച്ചുള്ള പഠനത്തെയും മനുഷ്യരാശിയുടെ പ്രയോജനത്തിനായി അറിവ് ഉപയോഗിക്കുന്നതിനെയും പ്രോത്സാഹിപ്പിക്കുന്ന.

‘*അവർ തങ്ങളുടെ മനസ്സിൽ ചിന്തിച്ചുനോക്കിയിട്ടില്ലേ? അല്ലാഹു ആകാശങ്ങളും ഭൂമിയേയും അവയ്ക്കിടയിലുള്ള വസ്തുക്കളേയും യുക്തിദീക്ഷയോടും നിശ്ചിതകാലത്തേക്കുമായിട്ടല്ലാതെ സൃഷ്ടിച്ചിട്ടില്ല. മനുഷ്യരിൽ അധികമാളുകളും തങ്ങളുടെ നാഥനുമായി കണ്ടുമുട്ടുന്നതിനെ നിഷേധിക്കുന്നവരാണ്.* (സൂറ അർറൂം 30:9)

എന്നിട്ടും, സ്വന്തം നാശം ആസൂത്രണം ചെയ്യരുതെന്ന് വിശുദ്ധ ഖുർആൻ മനുഷ്യരാശിക്ക് മുന്നറിയിപ്പ് നൽകുന്നു:

*‘നിങ്ങളുടെ കൈകളാൽ നിങ്ങളെ (സ്വയം) നാശത്തിൽ ആപതിപ്പിക്കരുത്’* (സൂറ അൽ ബഖറ, 2:196)

ആദ്യത്തെ ആണവ ബോംബ് നിർമ്മിച്ച മാൻഹട്ടൻ പദ്ധതിയാണ് മനുഷ്യരാശി സ്വന്തം നാശം ആസൂത്രണം ചെയ്യുന്നതിന്റെ ഒരു ഉദാഹരണം. ബോംബിന്റെ വിനാശകരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് അറിഞ്ഞതിന് ശേഷം അതിന്റെ വികസനത്തിന് പിന്നിലെ ശാസ്ത്രജ്ഞനായ റോബർട്ട് ഓപ്പൺഹൈമർ അഗാധമായ ഖേദം പ്രകടിപ്പിച്ചു. സമാനമായ രീതിയിൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ തുടക്കക്കാർ ഇപ്പോൾ അതിന്റെ ദ്രുതഗതിയിലുള്ള അനിയന്ത്രിതമായ വികസനത്തെക്കുറിച്ച് ആശങ്കകൾ ഉയർത്തുന്നു. AIയുടെ ഭയപ്പെടുത്തുന്ന ഉയർച്ചയോടെ, ചരിത്രം സ്വയം ആവർത്തിക്കാൻ പോകുന്നുവെന്ന് തോന്നുന്നു.

സർവശക്തനായ അല്ലാഹു നമ്മെ സ്വതന്ത്രമനസ്സോടെയാണ് സൃഷ്ടിച്ചിരിക്കുന്നത്. ശരിയും തെറ്റും വേർതിരിച്ചറിയാനുള്ള കഴിവുകൾ നൽകി അവൻ നമ്മെ അനുഗ്രഹിച്ചു.

*‘നന്മയുടെയും തിന്മയുടെയും രണ്ട് വഴികൾ അവന് നാം കാണിച്ചുകൊടുത്തിട്ടുണ്ട്.’* (സൂറ അൽ ബലദ്, 90:11)

സമാനമായ രീതിയിൽ, ദൈവം നൽകിയ കഴിവുകൾ ഉചിതമായ സമയത്തും സ്ഥലത്തും ഉപയോഗിക്കുന്നതിന് വാഗ്ദത്ത മസീഹ് ഊന്നൽ നൽകിയിട്ടുണ്ട്. (മൽഫുസാത്ത് വാല്യം. 1, പേജ് 34)

വിവരങ്ങൾ പരിശോധിക്കുന്നതിന്റെ പ്രാധാന്യവും വിശുദ്ധ ഖുർആൻ പ്രത്യേകം ഊന്നിപ്പറയുന്നു. *‘വിശ്വസിച്ചവരേ! ദുർമാർഗിയായ ഒരാൾ വല്ല വാർത്തയുമായി നിങ്ങളുടെ അടുക്കൽ വരുകയാണെങ്കിൽ അതിന്റെ (യാഥാർത്ഥ്യം) നിങ്ങൾ ശരിക്കും അന്വേഷിച്ചറിയുക. അറിയാതെ ഒരു ജനതയെ നിങ്ങൾ ഉപദ്രവിക്കുകയും എന്നിട്ട് നിങ്ങൾ ചെയ്ത കൃത്യത്തിൽ ഖേദിക്കുന്നവരാകുകയും ചെയ്യാതിരിക്കാൻ വേണ്ടി.’* (ഖുർആൻ 49:7)

ഇന്റർനെറ്റിലുടനീളം എണ്ണമറ്റ വ്യാജ വിവരങ്ങൾ ഉള്ള ഈ ആധുനിക കാലഘട്ടത്തിൽ ഈ വാക്യം പ്രത്യേകിച്ചും പ്രസക്തമാണ്.

തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കാൻ വിശുദ്ധ ഖുർആൻ മനുഷ്യനോട് അഭ്യർത്ഥിക്കുന്നു:

*‘അവർ അധികാരം കരസ്ഥമാക്കി കഴിഞ്ഞാൽ നാട്ടിൽ കുഴപ്പമുണ്ടാക്കുകയും ഉൽപ്പന്നങ്ങളെയും മനുഷ്യ സന്തതികളെയും*

***നശിപ്പിക്കുകയും ചെയ്യുവാൻ ഓടി നടക്കുന്നതാണ്. എന്നാൽ അല്ലാഹു കുഴപ്പത്തെ ഇഷ്ടപ്പെടുന്നില്ല.'*** (സൂറ അൽ ബഖറ:2:206)

ഈ വാക്യത്തിന്റെ അർത്ഥം വൻശക്തികളായ രാഷ്ട്രങ്ങളിലേക്കും വ്യാപിപ്പിക്കാം; അവർ അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കണം. ധാർമ്മിക മേൽനോട്ടമില്ലാതെ അനിയന്ത്രിതമായ AI വികസനം വാസ്തവത്തിൽ മനുഷ്യരാശിക്ക് കാര്യമായ വിനാശത്തിന് കാരണമാകും. AIയുടെ വികസനത്തിലും ഉപയോഗത്തിലും സന്തുലിതമായ സമീപനത്തിന്റെ ആവശ്യകത ഇത് ആവശ്യപ്പെടുന്നു.

അൽ ഇസ്‌ലാം വെബ്സൈറ്റ് ടീമുമായുള്ള ഒരു അഭിമുഖത്തിൽ AIയുടെ ഉത്തരവാദിത്തപരമായ ഉപയോഗത്തിൽ മനുഷ്യന്റെ മേൽനോട്ടത്തിന്റെ പ്രാധാന്യം ഹുസൂർ തിരുമനസ്സ് ഊന്നിപ്പറയുകയുണ്ടായി. എ ഐ യുടെ ഉപയോഗത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന എല്ലാ വിവരങ്ങളും, പ്രത്യേകിച്ച് ജമാഅത്തുമായി ബന്ധപ്പെട്ടവ ശരിയായിട്ടുള്ളതാണോ എന്ന് ഉറപ്പാക്കാൻ എഡിറ്റ് ചെയ്യുകയും വിശകലനം ചെയ്ത് പരിശോധിക്കുകയും ചെയ്യണമെന്ന് അദ്ദേഹം ഉപദേശിക്കുകയുണ്ടായി. തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് ഒഴിവാക്കാനും അതിന്റെ ദുരുപയോഗത്തിനും പ്രതിരോധ നടപടികൾ വികസിപ്പിക്കേണ്ടതുണ്ടെന്ന് ഹുസൂർ തിരുമനസ്സ് മുന്നറിയിപ്പ് നൽകുകയുണ്ടായി.

മറ്റൊരു അഭിമുഖത്തിൽ AI യെക്കുറിച്ച് സംസാരിക്കുമ്പോൾ, ഈ വിഷയത്തിൽ ആഴത്തിലുള്ള ഗവേഷണം നടത്താൻ ഹുസൂർ തിരുമനസ്സ് അഹ്മദികളെ ആഹ്വാനം ചെയ്യുന്നുണ്ട്. AIക്ക് ഒരു വാചകം നൽകിയപ്പോഴുണ്ടായ തെറ്റിന്റെ ഉദാഹരണം അവിടുന്ന് പങ്കിട്ടു. AI അത് തെറ്റായി വിവർത്തനം ചെയ്ത കാര്യം ഹുസൂർ പരാമർശിക്കുകയുണ്ടായി. ഈ പോരായ്മകൾ ഉണ്ടായിരുന്നിട്ടും, AIയുടെ ഉപയോഗത്തെ ഹുസൂർ അപലപിച്ചില്ല. പകരം, കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിന് അത് സൃഷ്ടിക്കുന്ന വിവരങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു.

### ഉത്തരവാദിത്തമുള്ള AI ക്ക് ആഹ്വാനം

AI വികസിച്ചുകൊണ്ടിരിക്കേ മനുഷ്യർ ഒരു വഴിത്തിരിവിലാണ്. ശാസ്ത്രീയ കണ്ടെത്തലിനും സാമൂഹിക നേട്ടത്തിനുമുള്ള സാധ്യതകൾ വളരെ വലുതാണെങ്കിലും, അനിയന്ത്രിതമായ വികസനത്തിന്റെ അപകടസാധ്യതകൾ അവഗണിക്കാനാവില്ല. സ്വകാര്യത, നീതി, ന്യായം ഉത്തരവാദിത്വം തുടങ്ങിയ ധാർമ്മിക പരിഗണനകൾ AI യുടെ ഉപയോഗത്തിനും വികസനത്തിനും മാർഗനിർദ്ദേശം നൽകേണ്ടതാണ്. അതിനാൽ, AI വികസനത്തിന്റെ അപകടസാധ്യത ലഘൂകരിക്കുന്നതിന് ചില സുരക്ഷാ നടപടികൾ കൈക്കൊള്ളുന്നത് ബുദ്ധിപരമായിരിക്കും.

1. സുതാര്യമായ മാതൃകാ വികസനം : AI സിസ്റ്റത്തിലെ രൂപകൽപ്പന, പരിശീലനം തീരുമാനമെടുക്കൽ മുതലായവയിൽ പക്ഷപാതിത്വങ്ങൾ തിരിച്ചറിയണം.

2. ശക്തമായ സർക്കാർ നിയന്ത്രണങ്ങൾ: വികസിപ്പിച്ചെടുത്ത എല്ലാ AI മോഡലുകളും AI നിയന്ത്രണങ്ങളും മാർഗനിർദ്ദേശങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. ഇത് ദുരുപയോഗം തടയുകയും അപകടസാധ്യത കുറയ്ക്കുകയും ചെയ്യും.

3. അന്താരാഷ്ട്ര നിയന്ത്രണങ്ങൾ: യൂറോപ്യൻ യൂണിയൻ, ഐക്യരാഷ്ട്രസഭ തുടങ്ങിയ കോണ്ടിനെന്റൽ, അന്താരാഷ്ട്ര സംഘടനകൾ ആധുനിക യുദ്ധതന്ത്രങ്ങളിൽ AI യുടെ വികസനവും ഉപയോഗവും നിരോധിക്കുന്ന സമഗ്രമായ നിയമങ്ങൾ നിർമ്മിക്കണം.

അത്തരം നിയന്ത്രണങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനങ്ങൾ ആയുധവൽക്കരണത്തെ തടയുകയും സ്വയംഭരണ ആയുധ സംവിധാനങ്ങളുടെ ഉപയോഗത്തിൽ നിന്ന് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുകയും ചെയ്യും. ഈ സ്ഥാപിത മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെടുന്ന രാജ്യങ്ങൾ അവരുടെ ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനും ലംഘനങ്ങൾ തടയുന്നതിനും കർശനമായ ഉപരോധം നേരിടേണ്ട വിധമായിരിക്കണം നിയമം നിർമ്മിക്കേണ്ടത്. ആഗോള സമാധാനവും സുരക്ഷയും ഉറപ്പാക്കാൻ ആവശ്യമായ നടപടിയാണിത്.

### ഉപസംഹാരം

AI യുടെ അനന്തമായ വികസനം തീർച്ചയായും പ്രയോജനകരമാണ്. എന്നാൽ മറ്റെല്ലാ സാങ്കേതിക മുന്നേറ്റം പോലെ, അതിന് അതിന്റേതായ അപകടസാധ്യതയുണ്ട്. അതിന്റെ അപകടത്തെയും ദുരുപയോഗത്തെയും കുറിച്ചുള്ള ആശങ്കകൾ സാധുതയുള്ളതാണെങ്കിലും, ആധുനിക കാലഘട്ടത്തിൽ അതിന്റെ ഗുണപരമായ സ്വാധീനം നമുക്ക് പൂർണ്ണമായും നിഷേധിക്കാനാവില്ല. AI ഉത്തരവാദിത്തത്തോടെ വികസിപ്പിക്കുകയാണെങ്കിൽ, പ്രകൃതിയെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾ നേടാനും പ്രധാന ശാസ്ത്രീയ മുന്നേറ്റങ്ങളിലേക്ക് നയിക്കാനും സാമ്പത്തിക പ്രതിസന്ധികളെ മറികടക്കാൻ പോലും സഹായിക്കാൻ അതിന് കഴിവുണ്ട്.

AI നമ്മുടെ ഭാവിയെ രൂപപ്പെടുത്തുമോ എന്നതല്ല ചോദ്യം, മറിച്ച് മനുഷ്യരാശിക്ക് ഏറ്റവും മികച്ചത് സംഭാവന ചെയ്യാൻ AI യെ നാം എങ്ങനെ തിരഞ്ഞെടുത്ത് ഉപയോഗിക്കുന്നു എന്നതാണ് പ്രധാന ചോദ്യം.

# കലയും സംഗീതവും

**അഹ്മദിയ്യാ ജമാഅത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (https://www.alislam.org) പ്രസിദ്ധീകരിച്ച സമകാലീന പ്രശ്നങ്ങളെ (ഭൗമേതര ജീവികൾ, വധശിക്ഷ, കലയും സംഗീതവും) സംബന്ധിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരം**

**ചോദ്യം:** ഒരു മുസ്‌ലിമിന് ഭൗമേതര ജീവികളിൽ വിശ്വസിക്കാമോ?

**ഉത്തരം:** ***'ആകാശങ്ങളുടേയും ഭൂമിയുടേയും അതു രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടേയും സൃഷ്ടിപ്പും അവന്റെ അടയാളങ്ങളിൽ പെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ അവൻ കഴിവുള്ളവനത്രെ'*** (വിശുദ്ധ ഖുർആൻ 42:32)

ഈ വചനം ഭൗമേതര ജീവികൾ ഉണ്ടാകാനുള്ള സാദ്ധ്യതയെക്കുറിച്ചല്ല പറയുന്നത്. ഭൗമേതര ജീവികൾ ഉണ്ട് എന്ന് അസന്ദിഗ്ദമായി പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ കഴിവുകൾ അനന്തമാണ്. അതിനെ പരിമിതപ്പെടുത്തുക മനുഷ്യന് അസാദ്ധ്യമാണ്. അവൻ ഇഛിക്കുന്നതനുസരിച്ച് ജീവികളെ സൃഷ്ടിക്കാൻ കഴിവുള്ളവനുമാണ്.

**ചോദ്യം:** ഇസ്‌ലാമിൽ വധശിക്ഷ ഉണ്ടോ?

**ഉത്തരം:** ഇസ്‌ലാമിലെ പ്രതിക്രിയാ നിയമം കൊലപാതകത്തെ ഫലപ്രദമായി തടയുകയും മനുഷ്യ ജീവിതത്തെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്. മനുഷ്യ ജീവനെ അതിക്രൂരമായ രീതിയിൽ ഹനിക്കുന്നതിനെതിരെ മിക്കവാറും എല്ലാ മനുഷ്യ സമൂഹങ്ങളും ഇസ്‌ലാമും വധശിക്ഷ അനുവദിക്കുന്നു. എങ്കിലും കുറ്റകൃത്യം നിർവ്വഹിച്ചവർക്കും അതിന് വിധേയരായവർക്കും സദ്ഫലങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ മാപ്പ് കൊടുക്കുന്നതിനും ഇസ്‌ലാം അനുവദിക്കുന്നു. അബ്രഹാമിക്ക് മതങ്ങളിൽ നിന്നും വ്യത്യസ്തമായി 'പകരത്തിന് പകരം' എന്ന ശിക്ഷാ നിയമം ഇസ്‌ലാമിലില്ല. 'ഒരു കവിളത്തടിച്ചാൽ മറ്റേകവിളും കാണിച്ചു കൊടുക്കുക' എന്ന ക്രിസ്ത്യൻ രീതി അവലംബിച്ചാൽ അത് സമൂഹത്തെ അപകടപ്പെടുത്തുമാറ് കുറ്റവാളികൾക്ക് കൊലപാതകം തുടരാനുള്ള സ്വാതന്ത്ര്യം അനുവദിക്കലായിരിക്കും. 'കണ്ണിന് പകരം കണ്ണ് പല്ലിന് പകരം പല്ല്' എന്ന യഹൂദ രീതി അനുവർത്തിച്ചാൽ അത് മനുഷ്യ ഹൃദയത്തിൽ നിന്ന് മാപ്പ് എന്ന സങ്കൽപ്പം ഇല്ലാതാക്കും. ഇസ്‌ലാം ഈ രണ്ടു മാർഗ്ഗവും അനുവർത്തിക്കുന്നില്ല. ഇസ്‌ലാം എല്ലാ കാര്യത്തിലും ഒരു മധ്യനിലയാണ് കൈകൊള്ളുന്നത്. ഇസ്‌ലാം കുറ്റകൃത്യങ്ങൾ വിപാടനം ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്നതോടൊപ്പം മാപ്പിന്റെയും കാരുണ്യത്തിന്റെയും ഗുണങ്ങൾ പ്രാവർത്തികമാക്കാനുള്ള വാതായനങ്ങൾ തുറന്നിടുകയും ചെയ്യുന്നു. (Reference: The Holy Qur'an. Arabic Text with English Translation and Short Commentary. Edited by Malik Ghuram Farid. Ch.2, verse 180 footnote 204A. )

**ചോദ്യം:** കലയേയും സംഗീതത്തേയും കുറിച്ചുള്ള ഇസ്‌ലാമികാദ്ധ്യാപനങ്ങൾ എന്താണ്?

(ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)ന്റെ വിശദമായ മറുപടി)

**ഉത്തരം:** ഈ ചോദ്യം വാസ്തവത്തിൽ വിവിധ സന്ദർഭങ്ങൾക്കനുസരിച്ചുള്ള ഒരു ചോദ്യമാണ്. ഓരോ സാഹചര്യങ്ങൾക്കനുസരിച്ചും ഈ ചോദ്യത്തിനുള്ള ഉത്തരം ആപേക്ഷികമായി മാറിക്കൊണ്ടിരിക്കുന്നതുമാണ്. വിശുദ്ധ ഖുർആൻ താത്വികമായി **ലഗ്‌വ്** നെപ്പറ്റി സംസാരിക്കുന്നുണ്ട്. വിശ്വാസികളെ അഥാവാ ഇബാദുർറഹ്മാനെ കുറിച്ച് പ്രതിപദിക്കുമ്പോൾ അതിൽ **'ലഗ്‌വി മുഅ്‌രിളൂൻ'** അവർ നിഷ്ഫലവും മൂല്യരഹിതവും അസംബന്ധവുമായ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നു എന്ന് പറയുന്നു. അതെല്ലാം ആപേക്ഷികമാണ്. അത് വ്യക്തികൾതോറും വ്യത്യസ്തങ്ങളുമാണ്. ഒരാൾക്ക് അസംബന്ധം എന്ന് തോന്നുന്നത് മറ്റൊരാൾക്ക് അസംബന്ധമാകണമെന്നില്ല. ഓരോ ആളുടെയും ആർജിതമായ അഭിരുചികളും വിഭിന്നമായിരിക്കും. ആത്മീയ നിലവാരവും വിഭിന്നമായിരിക്കും. അതുകൊണ്ട് ഒരുകാര്യം എല്ലാവർക്കും മൊത്തത്തിൽ തെറ്റാണ് എന്ന് പ്രഖ്യാപിക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല.. കാരണം ഇസ്‌ലാമിൽ നിരോധനത്തിന്ന് ഘട്ടങ്ങളുണ്ട്. ചില സ്ഥലങ്ങളിൽ ഇസ്‌ലാം തീരുമാനമെടുക്കാക്കാനുള്ള അധികാരം ഒരളവുവരെ വിശ്വാസികൾക്ക് വിടുകയാണ് ചെയ്യുന്നത്. അവർക്ക് ഒരു തരത്തിലുള്ള ചിന്താ സ്വാതന്ത്ര്യവും പ്രവർത്തന സ്വാതന്ത്ര്യവും നൽകപ്പെട്ടിട്ടുണ്ട്. ഇസ്‌ലാം ഇത്തരം കാര്യങ്ങളിൽ കഠിനമോ ചടുലമോ ആയ നിയമങ്ങൾ നിർമ്മിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തിട്ടില്ല. കാരണം അങ്ങനെയാ

ണെങ്കിൽ മുഴുവൻ സമൂഹത്തിനും ജീവിതം വളരെ ദുസ്സഹമായി മാറും. എന്തായാലും ചില ആളുകൾ അത്തരം വീക്ഷണത്തിൽ ചോദ്യങ്ങൾ ചോദിക്കുന്ന പ്രവണത കാണിക്കാറുണ്ട്. അവർ ആഗ്രഹിക്കുന്ന വിധത്തിലുള്ള ഉത്തരം ലഭിക്കാൻ വേണ്ടിയാണ് അവർ ചോദിക്കുന്നത്. അവരുടെ ആഗ്രങ്ങൾക്കനുസരിച്ചുള്ള ഉത്തരം നൽകിയാൽ അത് പ്രയാസകരമായിമാരും.

മാത്രല്ല, ഉത്തരം നൽകപ്പെട്ടാൽ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന കാര്യങ്ങളെപ്പറ്റി നിങ്ങൾ ചോദിക്കരുത് എന്നാണ് തത്വത്തിൽ ഖുർആൻ നമ്മോട് പറഞ്ഞത്. മറുപടി പറഞ്ഞാൽ വഹിക്കാൻ കഴിയാത്ത കാര്യങ്ങളെപ്പറ്റി ചോദിക്കാൻ പാടില്ല. അതൊരു പക്ഷേ നിങ്ങൾക്ക് ഇഷ്ടപ്പെടുകയില്ല. അതുകൊണ്ട് ഇസ്‌ലാം ചില മേഖലകൾ ശ്രദ്ധിക്കാതെ വിട്ടിരിക്കുകയാണ്. ആ മേഖല ഇസ്‌ലാം ബോധപൂർവ്വം അവഗണിച്ചതാണ്.

അതിന്റെ തത്വം ഞാൻ വിശദീകരിച്ചു കഴിഞ്ഞു. പല വ്യക്തികളും വളർച്ചയുടെ പല ഘട്ടങ്ങളിലുള്ളവരും വിവിധ സമീപനങ്ങളും അഭിരുചിയുമുള്ളവരായി കാണപ്പെടുന്നു. അതുകൊണ്ട് ലഗ്‌വ് ഓരോ വ്യക്തികൾക്കും അവരവരുടെ താൽപര്യങ്ങൾക്കനുസരിച്ച് പല വിധത്തിൽ വ്യാഖ്യാനിക്കാൻ സാധിക്കും.

ഉദാഹരണത്തിന് പാശ്ചാത്യ സമൂഹത്തിൽ നിന്ന് ഒരാൾ ഇസ്‌ലാം മതം സ്വീകരിച്ചുവെന്നിരിക്കട്ടെ, ഉടനെ തന്നെ അയാളുടെ കലാ വിഷയത്തിലുള്ള താൽപര്യത്തിനെതിരായി ഒരു 'ഫത്‌വ' (ഇസ്‌ലാമിക നിയമ കൽപ്പന) പുറപ്പെടുവിച്ചാൽ അയാൾക്ക് അത് ഉൾക്കൊള്ളാനാകില്ല. എന്ന് മാത്രമല്ല ഇത് വളരെ അസ്വഭാവികം എന്ന് കരുതി അയാൾക്ക് ഇസ്‌ലാമിലുള്ള വിശ്വാസം തന്നെ നഷ്ടമാനും മതി. ഇസ്‌ലാം എവിടെയെല്ലാം അസന്നി



ഗ്ദവും വ്യക്തമായി നിരോധനം പറഞ്ഞിട്ടില്ലയോ അവിടെയെല്ലാം കൂടുതൽ ഗൗരവതരമായ കാര്യങ്ങളിലേക്ക് ജീവിത യത്നം തിരിച്ചു വിടാനുള്ള ഇടങ്ങളാണ്. ഈ പദത്തിന്ന് (ലഗ്‌വ്) ഞാൻ മനസ്സിലാക്കിയ അർത്ഥം ഇതാണ്. ഇതുതന്നെയാണ് ഏറ്റവും നല്ല വ്യാഖ്യാനം.

കൂടുതൽ ഉന്നതമായ ഒരു ജീവിത ക്രമത്തിലേക്ക് ഗൗരവതരമായ വിഷയത്തോടെ ഒരാളുടെ ജീവിതയത്നം മാറുകയാണെങ്കിൽ അയാളുടെ ലഗ്‌വ് ഒരു കൊച്ചുകുട്ടിയുടെ ലഗ്‌വ് ൽ നിന്നും ഭിന്നമായിരിക്കും. ഒരു കുട്ടി ഹോപ്സ്കോച് (Hop Scotch ഒരു തരം കുട്ടികളുടെ കളി) കളിക്കുന്നുവെന്ന് കരുതുക. ഹോപ്സ്കോച്ച് കളി മുതിർന്ന ഒരു മാന്യവ്യക്തിയെ സംബന്ധിച്ച് ഒരു ലഗ്‌വ് ആയിരിക്കും. അയാളുടെ പ്രായം അയാളുടെ ബഹുമാന്യത മറ്റെല്ലാം വെച്ച് അതൊരു **ലഗ്‌വ്** ആയിരിക്കും. ഈ പറയപ്പെട്ട കളി കുട്ടികളെ സംബന്ധിച്ചിടത്തോളം വളരെ നല്ലതുമാണ്.

മനുഷ്യർ ആത്മീയതയിൽ പോലും വിഭിന്ന നിലവാരമുള്ളവരാണ്. ഖുർആൻ ഓതുന്നതിലും മതത്തെക്കുറിച്ച് കനപ്പെട്ട പുസ്തങ്ങൾ വായിക്കുന്നതിലും അഭിരുചിയുള്ള ഒരാൾക്ക് ഒരു നോവൽ നിങ്ങൾ നൽകുകയാണെങ്കിൽ അതിൽ അയാൾക്ക് താൽപര്യമുണ്ടാകണമെന്നില്ല. അത് അയാളെ സംബന്ധിച്ചിടത്തോളം വെറും ഒരു **ലഗ്‌വ്** ആയേക്കാം. ചിലയാളുകൾ ഗൗരവപ്പെട്ട വിഷയങ്ങളിൽ തലപുകയ്ക്കുന്നു. അത്തരക്കാരുടെ ശ്രദ്ധ വളരെയേറെ സമയം നോവൽ വായനയിലേക്ക് മാറ്റുകയാണെങ്കിൽ അവർ ഒരിക്കലും അതിന്ന് മുതിരുന്നില്ല. അവരുടെ ശ്രദ്ധ ഗൗരമായ ഒരു സംഗതിയിൽ നിന്നും നിഷ്ഫലമായ ഒന്നിലേക്കോ ഉപകാര പ്രദമായ ഒന്നിൽ നിന്നും ഉപയോഗശൂന്യമായ ഒന്നിലേക്കോ മാറില്ല. ഈ **ലഗ്‌വ്** അവരെ സംബന്ധിച്ചിടത്തോളം നിരോധിക്കപ്പെട്ടതാണ്. അത് അവരുടെ ജീവിത പുരോഗതിക്ക് വിഘാതമായി നിൽക്കുന്നതാണ്.

അതിനാൽ ഈ നിർവ്വചന പ്രകാരം ജീവിതത്തിന്റെ ഗഹനമായ അന്വേഷണങ്ങളെ തടസ്സപ്പെടുത്തുമാറ് **ലഗ്‌വ്** ഇടപെടുമ്പോൾ ചില മേഖലകളിലെ കാര്യങ്ങളിൽ ഒരളവോളം അയാളിൽ ദോഷം ചെയ്യുന്നു. ആ അർത്ഥത്തിൽ അത് പ്രവർത്തിക്കുമ്പോൾ അത് ലഗ്‌വ് ആണ്, അത് ഒഴിവാക്കപ്പെടേണ്ടതാണ്.

**ലഗ്‌വ്** ന് വളരെ വിശാലമായി നിർവ്വചിക്കപ്പെടേണ്ട ഒരു മേഖല

യുണ്ട്. വാസ്തവത്തിൽ അത് ചിലപ്പോൾ ഇസ്‌ലാമിൽ വളരെ ഗുരുതരമായ പാപമായിത്തീരുന്ന ഒരു കുറ്റമായി മാറും. ഉദാഹരണത്തിന്, നിങ്ങൾ ടി വി യോ ചില ലൈറ്റ് ഷോയോ, നോവലോ മറ്റെന്തെങ്കിലുമാകട്ടെ കാണുന്നതിലോ വായിക്കുന്നതിലോ മുഴുകിയിരിക്കുകയാണ്. അപ്പോൾ പ്രാർത്ഥനയുടെ സമയം ആഗതമായി, ആ സന്ദർഭത്തിൽ നിങ്ങൾ ആസ്വദിച്ചു കൊണ്ടിരിക്കുന്നവയെല്ലാം ലഗ്‌വ് ആയി മാറുന്നു. അത് നേരിട്ട് നിരോധിക്കപ്പെട്ടിട്ടില്ല. എന്നാൽ അത്രത്തോളമെത്തിയാൽ അത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ കുറ്റമായിരിക്കും. പള്ളിയിൽ നിന്നും ബാങ്ക്‌വിളി മുഴങ്ങി, നിങ്ങൾക്ക് പള്ളിയിൽ എത്തിച്ചേരാനും സാധിക്കും. എന്നാൽ നിങ്ങൾ ടിവിയിൽ സംപ്രേക്ഷണം ചെയ്യുന്ന പരിപാടിയിലോ കളിയിലോ വിനോദങ്ങളിലോ, അതെന്തുമായിക്കൊള്ളട്ടെ അവയിൽ ഗാഢമായി മുഴുകിയിരിക്കുകയും പ്രാർത്ഥന മറക്കുകയും ചെയ്യുമ്പോൾ ആ **ലഗ്‌വ്** ഒരു പാപമായിത്തീരും. അതിന്ന് അല്ലാഹുവിൽ പങ്കുകാരെ ചേർക്കുന്ന ബിംബപൂജയുടെ ഒരു ഭാവം കൈവരുന്നു. കാരണം, ഇത്തരം നിഷ്ഫലമായ കർമ്മങ്ങളും താൽപര്യങ്ങളും ഗൗരവതരവും സുപ്രധാനവുമായ ഒരു കാര്യത്തിൽ തടസ്സം നിൽക്കുകയാണ് ഇവിടെ ചെയ്യുന്നത്.

അതിനാൽ **ലഗ്‌വ്** എന്നത് വ്യാഖ്യാനിക്കാൻ വളരെ ബുദ്ധിമുട്ടുള്ള ഒരു പദമാണ്. എന്നിരുന്നാലും അതിന്റെ തത്വസാരം ഞാൻ വ്യാഖ്യാനിച്ചിരിക്കുന്നു. അതിന് വിവിധ സന്ദർഭങ്ങളിൽ വിവിധങ്ങളായ പ്രാധാന്യങ്ങളാണ് ഉണ്ടാവുക, **ലഗ്‌വ്** ചിലപ്പോൾ വളരെ ഗുരുതരമായ പാപമായി മാറും. ചിലപ്പോൾ സാധാരണമായ കാര്യമായിരിക്കും. ആത്മീയതയിൽ വളരെ ശക്തമായ അഭിരുചികളുള്ള വളരെ സാത്വികരായ ചില മുതിർന്ന ആളുകൾ പോലും ചില തരം ലഗ്‌വു കളിൽ ആമഗ്നരായിരിക്കും. അത്തരത്തിൽ അവർ മുഴുകിയിരിക്കുന്ന ലഗ്‌വുകൾ പ്രത്യക്ഷമായതോ ബഹിർഭാഗസ്ഥമായതോ ആയ **ലഗ്‌വ്** ആയിരിക്കും. അവ ചില ഉദ്ദേശ്യങ്ങൾക്ക് വേണ്ടിയുള്ളതായിരിക്കും. അവ ഒഴിവാക്കപ്പെടേണ്ട **ലഗ്‌വ്** ആണെന്ന് പറയാൻ സാധ്യമാവില്ല. സാധാരണ സാഹചര്യത്തിൽ ലഗ്‌വിന്റെ ഗുണം ഇല്ലാത്തതും മറ്റു ചില സന്ദർഭങ്ങളിൽ ലഗ്‌വിന്റെ ഗുണം ഉള്ളതും ആയിരിക്കും.

ഉദാഹരണത്തിന് നിങ്ങൾ ഒരു പിക്നിക്കിലാണ് എന്ന് കരുതുക. നിങ്ങളുടെ മാനസികാവസ്ഥ തികച്ചും മറ്റൊന്നായിരിക്കും. നിങ്ങൾ അപ്പോൾ കുട്ടികളുമായി കളിക്കും. സാധാരണ ജീവിതത്തിൽ നിങ്ങൾ ചിന്തിക്കുക പോലും ചെയ്യാത്ത കാര്യങ്ങൾ നിങ്ങൾ ചെയ്തെന്നു വരും. അത് ഒരിക്കലും ഖുർആനിൽ വിവരിച്ചത് പോലെയുള്ള **ലഗ്‌വ്** ആകുന്നില്ല. കാരണം അത് ഒരു ഉദ്ദേശ്യത്തിന് വേണ്ടിയുള്ളതാണ്. അത് നിങ്ങളെ അൽപ്പ സമയം ആനന്ദിപ്പിക്കും. അത് മറ്റ് നിഷ്ക്കളങ്കമായ കളികളോ ഹോബിയോ പോലെയല്ല. ബെറ്റ് വെക്കാതെ നിങ്ങൾക്ക് കാർഡ്സ് കളിക്കാം. നിങ്ങൾക്ക് ലുഡോയോ മറ്റെന്തെങ്കിലും കളികളിലും വിനോദങ്ങളിലുമോ ഏർപ്പെടാം. നിങ്ങളെ കുറച്ച് നേരത്തേക്ക് സന്തോഷിപ്പിക്കുന്ന എന്തുമാകാം. അതിന്റെ ഉദ്ദേശ്യം വിനോദമാണ്. അതിനായി ചില ഉപാധികൾ കൈകൊള്ളാം. സാധാരണ ജീവിതത്തിലെ അത്തരം ഉല്ലാസങ്ങൾ നിങ്ങളെ ഗൗരവപ്പെട്ട വിഷയങ്ങളിൽ നിന്നു വ്യതിചലിപ്പിക്കും എന്നും അത് **ലഗ്‌വ്** ആണെന്നും പ്രഖ്യാപിക്കുന്നത് നിരർത്ഥകമാണ്. അത് ചില സന്ദർഭങ്ങൾക്ക് വേണ്ടിയുള്ളത് മാത്രമാണ്. അത് **ലഗ്‌വ്** ആവുന്നില്ല. അത് വിശാലമായൊരു വിഷയമാണ്.

ഈയൊരു പശ്ചാത്തലത്തിൽ ഞാൻ സംഗീതത്തെക്കുറിച്ചുള്ള നിങ്ങളുടെ ചോദ്യത്തിലേക്ക് വരാം. സംഗീതം പോലെയുള്ള കാര്യങ്ങൾ വിശുദ്ധ ഖുർആനിൽ നിരോധിച്ചിട്ടില്ല. ചില സന്ദർഭങ്ങളിൽ റസൂൽ തിരുമേനി(സ) അറേബ്യയിൽ ഉപയോഗിച്ച സംഗീതോപകരണമായ ദഫ്ഫ് അനുവദിച്ചതായി നാം വായിക്കുന്നു. മറ്റുചിലപ്പോൾ സംഗീതോപകരണങ്ങളിൽ നിന്നുമുള്ള സംഗീതശബ്ദങ്ങൾ റസൂൽ തിരുമേനി(സ) ശ്രദ്ധിക്കുന്നതിൽ വിപ്രതിപത്തി കാണിച്ചു. അവിടുന്ന് അത് കേട്ടപ്പോൾ ഇഷ്ടപ്പെട്ടില്ല. ശരിയായ സമീപനം ഇതിന്ന് രണ്ടിന്നും ഇടക്കാണ്. ഇതിൽ ഉള്ളടങ്ങിയ തത്വശാസ്ത്രം നിങ്ങൾ മനസ്സിലാക്കിയാൽ പിന്നീട് എന്തുകൊണ്ട് റസൂൽ തിരുമേനി(സ) ഒന്ന് അനുവദിക്കുകയും മറ്റേത് നിരോധിക്കുകയും ചെയ്യാത്തത് എന്നതിനെ സംബന്ധിച്ച് ശരിയായ കാര്യങ്ങൾ ഗ്രഹിക്കാൻ സാധിക്കുന്നതാണ്. ഇതിലുള്ള വസ്തുത എന്തെന്നാൽ, അത്തരം സംഗീതം അല്ലാഹുവിനോടുള്ള സ്നേഹം പ്രാർത്ഥനയോടുള്ള അനുരക്തി, മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം അതുകൊണ്ട് അത്തരം സംഗീതങ്ങൾ നിങ്ങൾ ശക്തമായി ഒഴിവാക്കേണ്ടതാണ്. നിങ്ങളുടെ ജീവിതത്തിന്റെ പ്രധാന കാര്യങ്ങളിൽ നിന്നും നിങ്ങളുടെ ശ്രദ്ധ തിരിച്ചു കളയുന്നതാണ്. അതിന്ന് അടിമപ്പെടും പോലെ അതൊരു മനോഗ്രസ്തിയായി നിങ്ങളിൽ വളരുകയാണെങ്കിൽ അത് ഒരു പാപമായി മാറുന്നതാണ്. എന്നാൽ ഇക്കാലത്ത് ലോകത്ത് എല്ലാ കോണുകളിൽ നിന്നും സം ഗീതം ഒഴുകുമ്പോൾ അത് നിനച്ചിരിക്കാതെ ശ്രദ്ധയിൽ പെടുക എന്നത് സാധാരണമാണ്. നിങ്ങൾ കഠിനമായി ശ്രമിച്ചാൽ പോലും സംഗീതം ഒഴിവാക്കാൻ സാദ്ധ്യമല്ല. അക്കാരണത്താൽ സംഗീതം ഒരിക്കലും ശ്രവിക്കാൻ പാടില്ല എന്ന് ഞാൻ പ്രഖ്യാപിക്കുന്നില്ല. അത് വളരെ ശക്തമായ

ഒരു പ്രസ്താവനയാണ്. വിശുദ്ധ ഖുർആൻ അങ്ങനെ പറഞ്ഞിട്ടുമില്ല.

ഇതിൽ നിന്നും ദഫ്ഫ് ആ രീതിയിൽ ഉപയോഗിക്കുന്നത് അനുവദനീയമാണ് എന്നും അത്പോലെയുള്ള മറ്റു സംഗീതങ്ങൾ നിരോധിക്കപ്പെടേണ്ടതാണ് എന്നുമുള്ള നിഗമനത്തോട് ഞാൻ യോജിക്കുന്നില്ല. കാരണം ദഫ്ഫ് അറേബ്യയിൽ മാത്രം കണ്ടുവരുന്ന സംഗീതോപകരണമാണ്. ആ കാലഘട്ടത്തിൽ നിന്നു സംഗീതശൈലി എത്രയോ മാറി. ദഫ്ഫ് എന്ന സംഗീതോപകരണം വാദനം ചെയ്യപ്പെടുമ്പോൾ അത് ഒരു ഉദ്ദേശത്തിന് വേണ്ടിയായിരിക്കുമല്ലോ. ആ സമയത്ത് അത് ഉപയോഗിക്കപ്പെടുന്നത്. അത്കൊണ്ട് ഞാൻ നൽകിയ നിർവ്വചനം ഇവിടെ നന്നായി ചേരുന്നു. ഉദാഹരണത്തിന് റസൂൽ തിരുമേനി(സ) മക്കത്ത് പ്രവേശിക്കുമ്പോഴാണ് ദഫ്ഫ് മുട്ടിയതായി നാം കാണുന്നത്. അപ്പോൾ ചില സ്ത്രീകളും യുവതികളും ഒരു പാട്ട് പാടി ദഫ്ഫ് മുട്ടുകയും ചെയ്തു. അത് ഒരു പ്രത്യേക തരത്തിലുള്ള സംഗീതോപകരണമണ്. ദഫ്ഫ് ഒരു ഭാഗം ആവരണം ചെയ്യപ്പെട്ടതും മറുഭാഗം തുറന്നു കിടക്കുന്നതുമാണ്. അതുകൊണ്ട് ചില ഉലമാക്കന്മാർ ഈ ആകൃതിയിലുള്ള സംഗീതോപകരണങ്ങൾ മാത്രം അനുവദിക്കപ്പെടുകയും മറ്റെല്ലാ വിധത്തിലുള്ള സംഗീതോപകരണങ്ങളും നിരോധിക്കപ്പെടേണ്ടതുമാണെന്നും അനുമാനിക്കുന്നു. അത് ശുദ്ധ വങ്കത്തമാണ്. കാരണം റസൂൽ തിരുമേനി(സ) വരാനിരിക്കുന്ന എല്ലാ കാലത്തേക്കുമായിട്ടാണ് നമുക്ക് മാർഗ്ഗ ദർശനവും ആദർശങ്ങളും മാതൃകകളും നൽകിയത്. ഒരു പ്രത്യേക കാലത്തേക്കായിട്ട് മാത്രമുള്ള അദ്ധ്യാപനങ്ങളല്ല.

അതിനാൽ റസൂൽ തിരുമേനി(സ) സർവ്വകാലത്തേക്കായി ചെയ്ത എല്ലാ കാര്യങ്ങളുടെയും സമഗ്രമായ തത്വങ്ങൾ സ്വീകരിക്കുന്നതിന് പകരം എല്ലാം സസൂക്ഷ്മം എടുക്കുകയാണെങ്കിൽ നിങ്ങൾ ചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ മാത്രം പരിമിതപ്പെട്ടവനായിപ്പോകും. അതിനപ്പുറത്തേക്ക് നിങ്ങൾക്ക് ഒരടി മുന്നോട്ട് പോകാനാകില്ല. റസൂൽ തിരുമേനി(സ) ഒരിക്കലും കാർ ഓടിച്ചിട്ടില്ല. നിങ്ങൾക്ക് നൽകപ്പെട്ട ആധുനികമായ ഒരു സുഖസൗകര്യങ്ങളും അവിടുന്ന് ഉപയോഗിച്ചിട്ടില്ല. അപ്പോൾ എന്തുകൊണ്ട് റസൂൽ തിരുമേനി(സ)യുടെ സമസ്ത ജീവിത മാതൃകയും അതുപോലെ അനുധാവനം ചെയ്യണമെന്ന നിഗമനത്തിൽ നിങ്ങൾ എത്തിചേരുന്നില്ല.? അതായത് അവിടുന്ന് ഭക്ഷിച്ച് ഒരു പ്രത്യേക ധാന്യം കൊണ്ടുണ്ടാക്കിയ അതേ റൊട്ടി കഴിക്കാൻ അനുവദിക്കുകയും മറ്റെല്ലാം നിരോധിക്കുകയും വേണമെന്ന നിഗമനത്തിൽ നിങ്ങൾ എത്തിചേരുന്നില്ല.? അന്നത്തെ രീതിയിലുള്ള വസ്ത്രങ്ങൽ അനുവദിക്കുകയും ഇക്കാണുന്ന വസ്ത്രങ്ങളെല്ലാം നിരോധിക്കണമെന്നും നിങ്ങൾ പറയുന്നില്ല.? ഈ രീതിയിലാണ് നിങ്ങൾ നിഗ്മനത്തിലെത്തിച്ചേരുന്നതെങ്കിൽ ജീവിതം മുഴുക്കെ വിലക്കുകൾക്കും നിരോധനങ്ങൾക്കും വിധേയമായിത്തീരും. കാരണം, റസൂൽ തിരുമേനി(സ) കാലത്തെ അതേ ജീവിതമാതൃക വളരെ കുറച്ച് മാത്രമേ നമ്മുടെ ജീവിതത്തിലുള്ളൂ. അവിടുന്ന് ഒരിക്കലും ഇക്കാണുന്ന ഇലക്ട്രിക്ക് ബൾബുകൾ ഉപയോഗിച്ചിട്ടില്ല. അക്കാലത്ത് ഈ ക്യാമറകൾ കണ്ടുപിടിക്കപ്പെട്ടിരുന്നില്ല. അവിടുന്ന് ഒരിക്കലും സ്വന്തം ഫോട്ടോ എടുത്തിട്ടില്ല. ആ നിലക്ക് ഈ ഫോട്ടോ എടുപ്പും അതിന്ന് നിന്നുകൊടുക്കലുമെല്ലാം നിരോധിക്കപ്പെടേണ്ടതല്ലേ.?

അതിനാൽ നിങ്ങളുടെ മനസ്സ് തുറക്കുക. ഇസ്ലാമിന്റെ തത്വശാസ്ത്രം എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കുക. നിരോധിക്കപ്പെടേണ്ട കാര്യങ്ങൾ വിശുദ്ധ ഖുർആൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അനുവദിച്ചിട്ടുള്ള കാര്യങ്ങളും വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനിടക്ക് ചില അതിർത്തിയിലെ ആളില്ലാ സ്ഥലങ്ങൾ പോലെയുള്ള ഇടങ്ങളിലേക്ക് തത്വങ്ങളിലൂടെ വെളിച്ചം വീശുകയും ചെയ്തിരിക്കുന്നു. അതിർത്തികൾ ചിലപ്പോൾ അവിടെ നിന്ന് ഇവിടേക്കും ഇവിടെ നിന്ന് അവിടെക്കുമായി ചുഴിമണൽക്കാറ്റ് പോലെ മാറിക്കൊണ്ടിരിക്കും. ഞാൻ ഇവിടെ പ്രതിപാദിച്ച നോമാൻസ് ലാന്റിലും അനുവദീനമായവയും അരുതാത്തത്തും ഉണ്ട്. സാഹചര്യത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. അവ ഒരു ഭാഗത്ത് ഞെക്കുമ്പോൾ മറു ഭാഗത്ത് വീർത്തുവരും. സംഗീതവും പെയിന്റിംങ്ങും ഈ മേഖലയിൽ ലഗ്വിന്റെ കീഴിലുള്ള വിഷയങ്ങളാണ്. ഇത് ജീവിതവ്രതമായി മാറുമ്പോൾ നിങ്ങൾ സൃഷ്ടിക്കപ്പെട്ട ഉന്നതമൂല്യങ്ങളെ തടസ്സപ്പെടുത്തുന്നു. ആ അവസ്ഥയിലാണ് അത് നിരോധിക്കപ്പെടുന്നത്. അത് നിങ്ങളുടെ ജീവിതത്തിന്റെ ഗൗരവമായ വിഷയങ്ങളിൽ ഇടപെടുന്നില്ലെങ്കിൽ അത് നിങ്ങളുടെ നാഡീവ്യൂഹത്തെ അൽപ്പസമയത്തേക്ക് ലഘുവായി ഊർജ്ജസ്വലമാക്കാനുള്ളതോ അല്ലെങ്കിൽ നിങ്ങളുടെ നാഡിഞരമ്പുകൾക്ക് ആശ്വാസം കിട്ടുവാനുള്ളതോ ആയിരിക്കും. ഇത് നിരോധിക്കപ്പെടേണ്ടതാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ചുരുങ്ങിയത് യാതൊരു വിധത്തിലും പാടില്ലാത്ത വിധം നിരോധിക്കപ്പെടേണ്ടതില്ല എന്ന് ഞാൻ കരുതുന്നു.

ചില ആസ്വാദനങ്ങൾ അത് വിധേയപ്പെടലായി മാറാറുണ്ട്. പാകിസ്താനിൽ ഞാൻ അറിയുന്ന ചിലർ ഹിന്ദി ഗാനങ്ങൾ ഇഷ്ടപ്പെടുന്നവരാണ്. അവർ ഗാനങ്ങൾ ആലപിക്കാറുമുണ്ട്. ഇത് അവരുടെ ഉന്മാദമായി മാറിയതിന്റെ ഫലമായി അവർക്ക് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനോ അവരു

ടെ മതപരമയ കടമകൾ നിറവേറ്റാനോ സാധ്യമാവാതെ വരുന്നു. അവരുടെ പഠനത്തിന്റെ ശ്രദ്ധയെ അത് ബാധിക്കുന്നു. അവർ വാഗ്ദത്ത മസീഹിന്റെ(അ) പുസ്തകങ്ങൾ വായിക്കുന്നില്ല. റസൂൽ തിരുമേനിയുടെ(സ) ഹദീസുകൾ പാരായണം ചെയ്യാൻ അവർക്ക് സമയംകിട്ടുന്നില്ല. ഖുർആൻ പോലും അവർ പാരായണം ചെയ്യുന്നില്ല. അത് അവരുടെ സ്വഭാവമായി മാറുന്നു. ഈ അസംബന്ധകരമായ പാട്ടുകളുടെ മൂല്യമാവട്ടെ മൂന്നാംകിട നിലവാരത്തിലുള്ളതാണ്. എന്നാൽ അവ മ്യൂസിക്കിന്റെ അകമ്പടിയോടെ പാടുമ്പോൾ അവയിലുള്ള താൽപര്യം വളരെയധികവും ആഴത്തിലുള്ളതുമായിത്തീരുന്നു. അവരുടെ ജീവിതം മുഴുവൻ ഇത്തരം സംഗീതം കേൾക്കുമ്പോൾ സംത്രാസം കൊള്ളുന്നു. അവർ അത്തരം മ്യൂസിക്കിൽ മുഴുകുമ്പോൾ മറ്റൊന്നും അവർക്ക് ശ്രദ്ധിക്കാൻ കഴിയുന്നില്ല. ഇത് ഒരുതരം അഡിക്ഷനാണ്. ഈ അവസ്ഥയിലെത്തുമ്പോൾ അത് ഹറാമാണ്(നിരോധിക്കപ്പെടേണ്ടതാണ്) ഇസ്‌ലാമിലെ നിർബന്ധ കാര്യങ്ങളിലുള്ള ഇടപെടലാണ്. ആത്മീയ പുരോഗതിയുടെ മാർഗ്ഗത്തിൽ ഒരു തടസ്സവുമാണ്.

ആരെങ്കിലും ഒരാൾ തങ്ങളുടെ ആത്മീയ പുരോഗതിയിൽ ശ്രദ്ധിക്കുന്നുവെന്നിരിക്കട്ടെ. ഉദാഹരണത്തിന്, അയാൾ തന്റെ റേഡിയോ ഓൺ ചെയ്തു. അപ്പോൾ ഒരു പാട്ട് ആയിരുന്നു കേട്ടുകൊണ്ടിരുന്നത്. അയാൾ അത് ഇഷ്ടപ്പെടുകയും അൽപ്പനേരം അത് കേട്ടു നിൽക്കുകയും ചെയ്തു. അദ്ദേഹത്തിന് അതിനുള്ള സമയമുണ്ടായിരുന്നു. അയാൾ തന്റെ സമയം ഒട്ടും പാഴാക്കിയിരുന്നുമില്ല. അയാൾ അത് ഉടൻ തന്നെ നിറുത്തണമെന്നും അല്ലെങ്കിൽ അയാൾ കാഫിറോ (അവിശ്വാസി) അല്ലെങ്കിൽ മറ്റെന്തെങ്കിലോ ആകുമെന്നും പ്രഖ്യാപിക്കുന്നത് വിഢിത്തമാണ്. അത് ഒരിക്കലും ഇസ്‌ലാമിന്റെ ഹലാൽ ഹറാം സങ്കൽപ്പത്തിന് നിരക്കുന്നതല്ല.

അപ്രകാരം, ചിത്രം വരയ്ക്കുന്നത് നമ്മുടെ യജമാനനായ മുഹമ്മദ് മുസ്തഫാ തിരുമേനി(സ) സമ്പൂർണ്ണമായും നിരോധിച്ചിട്ടുണ്ടെന്ന് ചില ആളുകൾ പറയുന്നു. അവരെ സംബന്ധിച്ചിടത്തോളം ചിത്രങ്ങൾ വീട്ടിൽ സൂക്ഷിക്കാനോ വരക്കാനോ പാടില്ല. അവർ വസ്തുതകൾ മനസ്സിലാക്കുന്നില്ല. റസൂൽ തിരുമേനി(സ) നിരോധിച്ച ചിത്രങ്ങൽ വിഗ്രഹങ്ങളുടെ ചിത്രങ്ങളായിരുന്നു. ആ ഒരു കാലഘട്ടത്തിൽ ക്യാമറയിൽ ചിത്രങ്ങളെടുക്കുക എന്ന വിഷയം തന്നെ ഉദിക്കുന്നില്ല. ക്യാമറ അന്ന് കണ്ടുപിടിക്കപ്പെട്ടില്ല. ചിത്രങ്ങൾ വരയ്ക്കുന്നതും പെയിന്റിങ്ങുകളുമെല്ലാം തന്നെ സാങ്കൽപ്പിക ദൈവങ്ങളുടെ പടങ്ങൾ വരയ്ക്കാൻ മതപരമായ ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നു. റസൂൽ തിരുമേനി(സ)യുടെ കാലത്ത് അറേബ്യയിൽ യാതൊരു വിധ കലകളും നമുക്ക് കണാൻ സാദ്ധ്യമല്ല. യഥാർത്ഥ ചിത്രങ്ങൾ വരയ്ക്കുന്ന ആളുകളെ വിദൂരമായിപ്പോലും കാണാൻ സാദ്ധ്യമല്ല. അക്കാലത്ത് ഏതെങ്കിലും കലാകാരന്മാർ വരച്ച ഒരു പ്രകൃതി ദൃശ്യം പോലും നിങ്ങൾക്ക് കാണാൻ സാദ്ധ്യമല്ല. ആരുടെയെങ്കിലും ഛായാചിത്രങ്ങൾ രചിച്ചത് കാണാൻ സാദ്ധ്യമല്ല. ഏതെങ്കിലും യഥാർത്ഥമായ ഒരു പ്രത്യേക സന്ദർഭത്തിന്റെയോ ചിത്രവും കാണാൻ സാദ്ധ്യല്ല. വരച്ച ചിത്രങ്ങളെല്ലാം നോവൽ ചിത്രങ്ങളാണെന്ന് മാത്രമല്ല ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമായ കഥകളിലെ ചിത്രങ്ങളുമാണ്. അതിൽ സാങ്കൽപ്പിക വിഗ്രഹങ്ങളുടെ ചിത്രങ്ങളുണ്ടായിരുന്നു. അല്ലാഹുവിൽ പങ്കുചേർത്തവരുടെ ചിത്രങ്ങളും അവിടെയുണ്ടായിരുന്നു. അവർ വരച്ച ചിത്രങ്ങളോ അല്ലെങ്കിൽ ബിംബങ്ങളായി കൊത്തിയെടുക്കപ്പെട്ട ചിത്രങ്ങളോ ആണ് അവിടെ ഉണ്ടായിരുന്നത്.


എവിടെയാണ് നമ്മുടെ റസൂൽ തിരുമേനി(സ) ഇവ നിരോധിച്ചത്? അവിടുത്തെ തിരുസന്നിധിയിൽ വെച്ച് വരക്കപ്പെട്ട ജീവിതത്തിലെ ഒരു യഥാതഥ സന്ദർഭത്തിന്റെ ചിത്രീകരണം അവിടുന്ന് നിരോധിച്ചതായി യാതൊരു തെളിവുമില്ല. അവിടുന്ന് ചിത്രങ്ങൾ നിരോധിച്ചതിന്റെ ഉദ്ദേശ്യം നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അവിടുത്തെ മനസ്സിലുണ്ടായിരുന്നിട്ടില്ലാത്ത മേഖലയിലേക്ക് കൂടി അത് വലിച്ചു നീട്ടുന്നത് ഒട്ടും ശരിയല്ല. യഥാതഥ ചിത്രരചനക്ക് (ആർട്ടിസ്റ്റിക്ക്റിയലിസം) എതിരായി അവിടുന്ന് സംസാരിച്ചിട്ടില്ല. കാരണം അത് മതപരമായ കാര്യത്തിൽ ഇടപെടുന്നില്ല എന്നതിനാലാണ്. ഇവിടെ നമുക്ക് കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. വിഗ്രഹ നിർമ്മാണം ഇസ്‌ലാമിലെ അല്ലാഹുവിന്റെ ഏകത്വ സങ്കൽപ്പത്തിന് വിരുദ്ധമാണ്. അതിനാൽ ബിംബാരാധനയിലേക്ക് നയിക്കുന്നതെല്ലാം നിരുത്സാഹപ്പെടുത്തണം. അത് മനസ്സിലാക്കാവുന്നതാണ്. പക്ഷേ, എവിടെയെങ്കിലും യഥാർത്ഥമായ പ്രകൃതിദൃശ്യങ്ങളോ മറ്റു യഥാർത്ഥമായ രചനകളോ സൃഷ്ടിക്കപ്പെട്ടാൽ അത് എങ്ങനെ നിരോധിക്കാൻ സാധിക്കും? അത് നിരോധിക്കപ്പെടാനോ എന്റെ മനസ്സിൽ അത് നിരോധിക്കാനോ സാധ്യമല്ല. അത് കൊണ്ട് ചിത്രരചന ഹറാമാണെന്ന് പ്രഖ്യാപിക്കാൻ സാധ്യമല്ല. പക്ഷേ അത് നിങ്ങളുടെ ആൺകുട്ടികളിലും പെൺകുട്ടികളിലും ഒരു ഒഴിയാ ബാധയായി മാറുകയും അത് ജീവിതത്തിന്റെ ഗൗരവതരമായ കാര്യങ്ങൾക്ക് വിഘാതമായി നിൽക്കുകയും ചെയ്യുകയാണെങ്കിൽ അവിടം വെച്ച് അത് നിർത്തണം. അത് ഒരു **ലഗ്വ്** ആയി മാറുന്നു. അത്തരം **ലഗ്വ്** ആണ് ഖുർആനിൽ നിരോധിക്കപ്പെട്ടത്.

ലേഖനം

# ഹൃദയം: ചലനാത്മകമായ ദിവ്യാത്ഭുതം

**ശാരീരികവും ആത്മീയവുമായും മനുഷ്യന്റെ കേന്ദ്ര സ്ഥാനത്ത് പ്രവർത്തിക്കുന്ന അവയവമാണ് ഹൃദയം. ആധുനിക ശാസ്ത്രം ഹൃദയത്തിന്റെ അത്ഭുതകരമായ നിർമ്മിതിക്ക് മുമ്പിൽ വിസ്മയിച്ചു നിൽക്കുന്നു.**

**മൂസ്സാ സത്താർ യു.കെ**



ടിക്. ടിക് , ടിക്, ടിക് സ്ഥിരമായ ആ സ്പന്ദനം ഹൃദയത്തിന്റേതാണ്. ചെറുതും എന്നാൽ ശക്തവുമായ ഹൃദയ പേശി ഓരോ സെക്കൻഡിലും ഓരോ മിനിറ്റിലും അവിശ്രമം പ്രവർത്തിക്കുന്നു. ശാരീരികമായും വൈകാരികമായും നാം ഹൃദയത്തെ പൂർണ്ണമായും -ആശ്രയിക്കുന്നുണ്ടെങ്കിലും പലപ്പോഴും അതിന്റെ ശാന്തവും അശ്രാന്തവുമായ മാന്ത്രിക സിദ്ധി നാം വിസ്മരിക്കുന്നു. എന്തെങ്കിലും തകരാറ് സംഭവിക്കുന്നതുവരെ, നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും നമ്മുടെ നെഞ്ചിൻ കൂടിനുള്ളിൽ വിശ്രമമില്ലാതെ കിറുകൃത്യതയോടെ പ്രവർത്തിക്കുന്ന മഹിഷ്ഠമായ ഈ അവയവത്തെ നാം ശ്രദ്ധിക്കാറില്ല. ഇത് കേവലം ഒരു അവയവത്തേക്കാൾ അധികമായി സൃഷ്ടിയുടെ ഒരു ദിവ്യാത്ഭുതമാണ്. തികച്ചും ആസൂത്രിതമായി നിർമ്മിക്കപ്പെട്ടതും സങ്കീർണ്ണമായി രൂപകൽപ്പന ചെയ്യപ്പെട്ടതുമാണ് മനുഷ്യഹൃദയം.

മനുഷ്യ ഹൃദയം-സങ്കീർണ്ണതയുടെയും പ്രതിരോധശേഷിയുടെയും അത്ഭുതം-രാവും പകലുമായി നമ്മിലേക്ക് ജീവൻ പമ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. രക്തക്കുഴലുകളുടെ സങ്കീർണ്ണമായ ശൃംഖലകളിലൂടെ രക്തം ഒഴുക്കിവിടുന്നു. ഓരോ കോശത്തെയും കോശകലകളെയും അവയവത്തെയും പോഷിപ്പിക്കുന്നു. അതിന്റെ കുറ്റമറ്റ രൂപകൽപ്പന അതിന്റെ സങ്കീർണ്ണവും അശ്രാന്തവുമായ പ്രവർത്തനം ആവർത്തിക്കാൻ ശ്രമിക്കുന്ന ശാസ്ത്രജ്ഞരെയും എഞ്ചിനീയർമാരെയും വിസ്മയഭരിതരാക്കുകയാണ്.

ലണ്ടനിലെ ഇമ്പീരിയൽ കോളേജിലെ നാഷണൽ ഹാർട്ട് ആൻഡ് ലങ് ഇൻസ്റ്റിറ്റ്യൂട്ടിലെ കാർഡിയാക് ഫാർമക്കോളജി എമെറിറ്റസ് പ്രൊഫസറും കാർഡിയാക് സയൻസിലെ പ്രമുഖ വിദഗ്ധനുമായ ഡോ സിയാൻ ഇ. ഹാർഡിംഗ് ദി എക്സ്ക്യുസൈറ്റ് മെഷീനിൽ (Exquisite Machine) ഇങ്ങനെ അഭിപ്രായപ്പെടുന്നു:


'ചൊവ്വ പര്യവേക്ഷണം നടത്താൻ നമുക്ക് ഒരു പേടകം അയയ്ക്കാം, ലോകത്തിന്റെ അറിവ് നമ്മുടെ കൈകളിലെ ഒരു ഫോണിൽ ഒതുക്കാം. ജനിതകപരമായി ഒരു ഭ്രൂണത്തെ പരിഷ്ക്കരിക്കാം. പക്ഷേ നമുക്ക് ഇതുവരെ ജീവനുള്ള ഒരു ഹൃദയം നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല'.

ഹൃദയം കേവലം ഒരു പമ്പ് മാത്രമല്ല. കോശങ്ങൾ, തന്മാത്രകൾ, ഊർജ്ജം എന്നിവയുടെ രമ്യമനോഹരമായ സമന്വയമാണ് ഹൃദയം. എല്ലാം യോജിച്ച് പ്രവർത്തിക്കുന്നു. ഇത് പ്രതിദിനം 100,000 തവണ മിടിക്കുകയും 7,600 ലിറ്റർ രക്തം രക്തക്കുഴലുകളുടെ വിശാലമായ ശൃംഖലയിലൂടെ പമ്പ് ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഇത് സമയബന്ധിതം എന്നതിനേക്കാൾ കൂടുതലായി മറ്റു കാര്യങ്ങളും നിർവ്വഹിക്കുന്നു. നമ്മൾ വിശ്രമിക്കുകയാണെങ്കിലും ഓടുകയാണെങ്കിലും ചിരിക്കുകയാണെങ്കിലും കരയുകയാണെങ്കിലും നമ്മുടെ ആവശ്യങ്ങൾക്ക് അനുസൃതമായി ഹൃദയം അതിന്റെ വേഗത ക്രമീകരിക്കുന്നു. നമ്മുടെ ബോധപൂർവമായ നിയന്ത്രണമില്ലാതെ തന്നെ ഒരിക്കലും ഒരു സ്പന്ദനവും പോലും നഷ്ടപ്പെടുത്താത്ത ഒരു ചെറിയ പവർഹൌസ് ആണ് ഹൃദയം.

ഹൃദയത്തിന്റെ യാത്ര മനുഷ്യന്റെ ജനനത്തിന് മുമ്പുതന്നെ ആരംഭിക്കുന്നു. പലപ്പോഴും ഗർഭധാരണം കഴിഞ്ഞ് 22 ദിവസത്തിനുള്ളിൽ തന്നെ ഹൃദയം മിടിപ്പ് ആരംഭിക്കുന്നു. ഇത് അതിന്റെ ആജീവനാന്ത ദൗത്യത്തിന്റെ തുടക്കത്തെ അടയാളപ്പെടുത്തുന്നു. അതിന്റെ കോശങ്ങൾ ശക്തവും വഴക്കമുള്ളതുമായ ഒരു സംവിധാനമാണ്. അത് ഓരോ സ്പന്ദനത്തിലും സങ്കോചിക്കുകയും വികസിക്കുകയും ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും രക്തം തള്ളുകയും ചെയ്യുന്നു. ഈ അസാധാരണമായ അവയവത്തിന് നാല് അറകളുണ്ട്. അവ തികഞ്ഞ താളക്രമത്തിൽ നിറയുകയും ശൂന്യമാക്കുകയും ചെയ്യുന്നു. ശ്വാസകോശത്തിൽ നിന്ന് ഓക്സിജൻ അടങ്ങിയ രക്തം ശേഖരിച്ച് ശരീരത്തിലുടനീളം വിതരണം ചെയ്യുന്നു. ഓരോ അറയും വൺ-വേ വാതിലുകളോ വാൽവുകളോ ഉള്ള ഒരു മുറിപോലെ പ്രവർത്തിക്കുന്നു. അത് കൃത്യമായി തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നു. ഇത് സുപരിചിതമായ ടിക്, ടിക് ശബ്ദം സൃഷ്ടിക്കുന്നു.


ഹൃദയത്തിന് കൊറോണറി ധമനികൾ എന്ന് വിളിക്കുന്ന രക്തക്കുഴലുകളുടെ പ്രവർത്തന നിരതമായ ഒരു സമർപ്പിത ശൃംഖലയുണ്ട്. അതാണ് ഹൃദയത്തിന്റെ നിരന്തരമായ പ്രവർത്തനത്തിന് ഇന്ധനം പകരുന്നത്. അത് സ്വന്തം ജലസേചന സംവിധാനത്താൽ നനച്ച ഒരു പൂന്തോട്ടം പോലെ അതിനെ ശക്തവും സജീവവുമായി നിലനിർത്താൻ പുതിയ ഓക്സിജൻ നൽകുന്നു. അത്തരം സങ്കീർണ്ണമായ രൂപകൽപ്പന യാദൃശ്ചികതയുടെ ഫലമായിരിക്കില്ല എന്ന് തീർച്ച. അത് ഒരു ഉദ്ദേശ്യത്തെയും ധിഷണയേയും പ്രതിഫലിപ്പിക്കുന്നു.

ലോഹത്തിൽ നിന്നോ പ്ലാസ്റ്റിക്കിൽ നിന്നോ വ്യത്യസ്തമായി, ഈ 'പ്രകൃതിദത്ത യന്ത്രം' ജീവനുള്ള കോശങ്ങൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. കാർഡിയോമയോസൈറ്റുകൾ, മൈറ്റോകോൺഡ്രിയ എന്നറിയപ്പെടുന്ന ചെറിയ തന്മാത്രാ 'പവർ സ്റ്റേഷനുകൾ' കൊണ്ട് ഹൃദയം നിറഞ്ഞിരിക്കുന്നു. ഇത് ചെറിയ ബാറ്ററികൾ പോലെ ജീവിതകാലം മുഴുവൻ ഊർജ്ജം നൽകുന്നു. വളരെ നിർണ്ണിതമായ ഘടനയോടെ, കാർഡിയോമയോസൈറ്റുകൾ താളാത്മകമായ വൈദ്യുത ഉത്തേജനത്തോട് പ്രതികരിക്കുകയും ശരീരത്തിന് ചുറ്റും രക്തം ചംക്രമണത്തിനുള്ള കൃത്യമായ ശക്തി പ്രദാനം ചെയ്യുകയും ചെയ്യുന്നു. ഈ അതുല്യമായ ഹൃദയകോശങ്ങൾ തലച്ചോറിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുകയും അതിന്റേതായ താളം ക്രമീകരിക്കുകയും ചെയ്യുന്നു. ഓരോ സെല്ലിലും, ചെറിയ പവർ സ്റ്റേഷനുകൾ ഈ താളം നിലനിർത്തുന്നു. ഹൃദയകോശങ്ങൾ ഇത്തരം മൈറ്റോകോൺഡ്രിയയാൽ നിറഞ്ഞിരിക്കുന്നു, ഇത് ജീവിതകാലം മുഴുവൻ നിർത്താതെ സ്പന്ദിക്കാൻ അവക്ക് ശക്തിയും ഊർജ്ജവും നൽകുന്നു. ഇടവേളകളൊന്നുമില്ലാതെ അശ്രാന്തമായി പ്രവർത്തിച്ചുകൊണ്ട് ഒരു ആയുഷ്ക്കാലത്തേക്ക് അവയെ രൂപകൽപ്പന ചെയ്തതായി തോന്നുന്നു.



**എഫ് ഡി എ അംഗീകരിച്ച താൽക്കാലിക കൃത്രിമ ഹൃദയം**

ഹൃദയം അതിന്റേതായ വൈദ്യുത സിഗ്നലുകൾ പോലും സൃഷ്ടിക്കുന്നു. സിനോട്രിയൽ നോഡ് (SinoatrialNode) എന്നറിയപ്പെടുന്ന ഒരു സ്വാഭാവിക പേസ് മേക്കറാണിത്. ഈ പേസ് മേക്കറുടെ സിഗ്നലുകളാണ് ഒരു ഓർകാസ്ട്രാ



***ETH സൂറിച്ചിന്റെ ഫങ്ഷണൽ മെറ്റീരിയൽ ലാബിൽ 2017 ൽ സൃഷ്ടിച്ച സോഫ്റ്റ് ടോട്ടൽ ആർട്ടിഫിഷ്യൽ ഹാർട്ട് ഒരു സ്വാഭാവിക ഹൃദയത്തെ അനുകരിച്ചുകൊണ്ടാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. പക്ഷേ ഒരു ഹൈബ്രിഡ് മോക്ക് സർക്കുലേഷനിൽ 3,000 സ്പന്ദനങ്ങൾ (30 മുതൽ 50 മിനിറ്റ് വരെ) മാത്രമേ നിലനിൽക്കൂ.***

കണ്ടക്ടറെ പോലെ കൃത്യമായ ഇടവേളകളോടെ ഓരോ സങ്കോച വികാസത്തെയും നിയന്ത്രിക്കുന്നത്. ഈ വൈദ്യുത ഇംപൾസ് സിസ്റ്റം വളരെ വിശ്വസനീയമാണ്. അത് നമ്മൾ ഉണർന്നിരിക്കുകയാണെങ്കിലും ഉറങ്ങുകയാണെങ്കിലും പ്രവർത്തിക്കുന്നു. ഇത് ഹൃദയത്തിന്റെ സ്വയംഭരണ കൃത്യതയുടെ തെളിവാണ്. രസകരമെന്നു പറയട്ടെ 'സ്റ്റാൻഫോർഡ് മെഡിസിൻ' പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ മസ്തിഷ്ക ന്യൂറോണുകളുടെ അത്ഭുതകരമായ അനുകരണ സവിശേഷത കാരണം സിനോട്രിയൽ നോഡ് സെല്ലുകളെ അവയുടെ സവിശേഷതകൾ കാരണം 'ബയോളജിക്കൽ കാമിലിയോണുകൾ' എന്ന് വിളിക്കുന്നു.

മൈക്രോസ്കോപ്പിക് തലത്തിൽ, ഓരോ ഹൃദയമിടിപ്പും വൈദ്യുത പ്രവാഹങ്ങൾ സൃഷ്ടിക്കുന്ന അയോണുകളുടെയും തന്മാത്രകളുടെയും ഒരു ബാലെ നൃത്തം പോലെയാണത്. സോഡിയം, പൊട്ടാസ്യം, കാൽസ്യം തുടങ്ങിയ അയോണുകൾ ഹൃദയകോശങ്ങളിലേക്കും പുറത്തേക്കും നീങ്ങുകയും സങ്കോചങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് വളരെ കൃത്യമായ ഒരു പ്രക്രിയയാണ്, ചെറിയ അസന്തുലിതാവസ്ഥ പോലും ക്രമരഹിതമായ ഹൃദയമിടിപ്പിലേക്ക് നയിച്ചേക്കാം. ഈ സംവിധാനം ഒരു യാദൃശ്ചിക ക്രമീകരണമാണെന്ന് പറയുന്നത് വിഡ്ഢിത്തം മാത്രമായിരിക്കും.

പതിറ്റാണ്ടുകളായി ഗവേഷകർ ഈ രൂപകൽപ്പനയിൽ അത്ഭുതപ്പെട്ടിരിക്കുകയായിരുന്നു. ഹൃദയമിടിപ്പ് അനുകരിക്കുന്ന യന്ത്രങ്ങൾ ഗവേഷകന്മാർ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും, ഒരു യഥാർത്ഥ മനുഷ്യഹൃദയത്തിന്റെ സ്വഭാവികമായ പൂർണതയുടെ അടുത്തുപോലും അവ എത്തുന്നില്ല. അത്തരം സങ്കീർണ്ണത ഒരു സ്രഷ്ടാവിന്റെ സ്പർശനമുള്ള ബുദ്ധിപരമായ രൂപകൽപ്പനയുടെ അത്ഭുതത്തെയാണ് സൂചിപ്പിക്കുന്നത്.

മെക്കാനിക്കൽ പ്രവർത്തനങ്ങൾക്കപ്പുറം, ഹൃദയത്തിന് അതിന്റേതായ 'ചെറിയ മസ്തിഷ്കം' ഉണ്ട്. തലച്ചോറിലേക്ക് നേരിട്ട് വിവരങ്ങൾ അയയ്ക്കുന്ന സെൻസറി ന്യൂറൈറ്റുകൾ എന്നറിയപ്പെടുന്ന ന്യൂറോണുകളുടെ നന്നായി അനുശീലനം ചെയ്ത ശൃംഖലയാണിത്. ആരോഗ്യമുള്ള ഹൃദയത്തിൽ ഏകദേശം 40,000 സെൻസറി ന്യൂറൈ

റ്റുകൾ അടങ്ങിയിരിക്കുന്നു. ഹൃദയത്തിന്റെ നാഡീവ്യൂഹം കമാൻഡുകൾക്കായി നിഷ്ക്രിയമായി കാത്തിരിക്കുന്നില്ല. തത്സമയ സിഗ്നലുകളുടെ അടിസ്ഥാനത്തിൽ പ്രതികരിക്കാനും ക്രമീകരിക്കാനും, ആവശ്യമുള്ളപ്പോൾ സ്വതന്ത്രമായി പ്രവർത്തിക്കാനും ഇതിന് കഴിയും. ഹൃദയവും തലച്ചോറും തമ്മിലുള്ള ഈ ദ്വിമുഖ ആശയവിനിമയം നമ്മുടെ വികാരങ്ങളെയും തീരുമാനമെടുക്കലിനെയും മൊത്തത്തിലുള്ള ക്ഷേമത്തെയും ബാധിക്കുന്നു.

ഹൃദയത്തിന് എല്ലാ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ കഴിയും എന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. കേടുപാടുകൾ സംഭവിക്കുമ്പോൾ, അത് സ്വയം നന്നാക്കും. ചിലപ്പോൾ പുതിയ പാതകളിലൂടെ രക്തയോട്ടം വഴിതിരിച്ചുവിടുന്നു. ഹൃദയത്തിന്റെ രൂപകൽപ്പന അനുകരിക്കാനും തൽസമ രൂപങ്ങളുണ്ടാക്കാനുമുള്ള നമ്മുടെ ശ്രമങ്ങൾ ഹൃദയം എത്രമാത്രം ഉദാത്തവും ഉന്നതവുമായ ഒരു സംവിധാനമാണെന്ന് നമ്മെ നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്നു. ഹൃദയത്തെ അനുകരിക്കാൻ നടത്തിയ നൂതന ആശയങ്ങൾ നിറഞ്ഞ ഓരോ ശ്രമവും ആത്യന്തികമായി തിരിച്ചടികൾ നേരിടുന്നു. നമ്മുടെ ഹൃദയങ്ങളെ അതുല്യമാക്കുന്ന പ്രതിരോധശേഷിയുള്ള പ്രകൃതിയുടെ നിർമ്മാണ വൈഭവം ശാസ്ത്രജ്ഞരെ അമ്പരപ്പിക്കുകയും വിനയാന്വിതരാക്കുകയും ചെയ്യുന്നു.

അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയുടെ അന്തരിച്ച പ്രസിഡന്റ് ആൽഫ്രഡ് ബോവ് പറഞ്ഞത്:

'ദൈവം നൽകിയ നമ്മുടെ ഹൃദയം ഊർജ്ജം ഉൽപ്പാദിപ്പിക്കാനും പൾസ് ഉയർത്താനും കുറയ്ക്കാനും ശേഷിയുമുള്ള ചലനാത്മകമായി സന്തുലനം ചെയ്യപ്പെട്ടതും നന്നായി അനുശീലനം ചെയ്യപ്പെട്ടതുമായ അവയവമാണ്. ഒരു കൃത്രിമ ഹൃദയത്തിന് അത് ഒരിക്കലും ചെയ്യാൻ സാദ്ധ്യമല്ല.'



***2024-ൽ, ബിവാകോർ ടൈറ്റാനിയം കൊണ്ട് ഒരു ടോട്ടൽ ആർട്ടിഫിഷ്യൽ ഹാർട്ട് സൃഷ്ടിച്ചു, ഇത് ഫ്ലെക്സിബിൾ അറകളോ പമ്പിംഗ് ഡയഫ്രമോ ആവശ്യമില്ലാതെ വ്യായാമ സമയത്ത് ഒരു വ്യക്തിയെ നിലനിർത്താൻ പര്യാപ്തമാണ്.***

ശാസ്ത്രം ഹൃദയത്തിന്റെ പ്രവർത്തനത്തിന്റെ സങ്കീർണതകൾ വിശദീകരിക്കുമ്പോൾ, വാഗ്ദത്ത മസീഹും അഹ്മദിയാ മുസ്‌ലിം സമൂഹത്തിന്റെ സ്ഥാപകനുമായ ഹദ്റത്ത് മിർസ ഗുലാം അഹ്മദ്[അ] നമ്മുടെ ജീവിതത്തിൽ നമ്മുടെ ആത്മീയ അസ്തിത്വത്തെ നിലനിർത്താൻ ഹൃദയം വഹിക്കുന്ന മറ്റൊരു നിർണായക പ്രവർത്തനത്തെ എടുത്തുകാണിക്കുകയുണ്ടായി. –. അദ്ദേഹം പറഞ്ഞു: 'മനുഷ്യജീവിതത്തെ നിലനിർത്തുന്നതിൽ തികച്ചും നിർണായകമായ പങ്കാണ് രക്തചംക്രമണം. ഹൃദയം അല്ലെങ്കിൽ 'ഖൽബ്' (ഹൃദയം എന്നതിന്റെ അറബി വാക്ക്) ആണ് ശക്തമായി നിർവ്വഹിക്കുന്നത്. അതേ രീതിയിൽ, എല്ലാ തരത്തിലുള്ള ആത്മീയ പുരോഗതിയും ഹൃദയത്തിന്റെ ശക്തിയെ ആശ്രയിച്ചിരിക്കുന്നു. ഇക്കാലത്ത് ബുദ്ധിശൂന്യരായ ചില തത്ത്വചിന്തകന്മാരുണ്ട്. അവർ എല്ലാ നല്ല പുരോഗതിയും തലച്ചോറിനാണ് നൽകുന്നത്. എന്നിരുന്നാലും, യുക്തിയും തെളിവുകളും അളക്കാനുള്ള കഴിവ് മാത്രമേ മസ്തിഷ്ക്കത്തിന് ഉള്ളൂ എന്ന് അത്തരം ആളുകൾ മനസ്സിലാക്കുന്നില്ല. ചിന്താശേഷിയുടെയും ഓർമ്മ നിലനിർത്താനുള്ള കഴിവും ഉള്ളത് തലച്ചോറിന്നാണെങ്കിലും ഒരു മേധാവിയുടെ സ്ഥാനത്തേക്കുയർത്തുന്ന ഗുണമാണു

ഹൃദയത്തിനുള്ളത്. മനസ്സ് എന്നത് നിർബന്ധിതവും യാന്ത്രികവുമായ ഒരു പ്രക്രിയാണ് പിന്തുടരുന്നത്. എന്നാൽ ഹൃദയം ഇതിൽ നിന്ന് മുക്തമാണ്. ഹൃദയം നിർബന്ധപൂർവ്വമല്ലാത്തതും സ്വാഭാവികവുമായ രീതിയിൽ പ്രവർത്തിക്കുന്നു. ഈ കാരണത്താലാണ് ഹൃദയം സിംഹാസനത്തിന്റെ അധിപനുമായി ഒരു സാമീപ്യം പുലർത്തുന്നത്. ഹൃദയത്തിന് തെളിവുകളുടെ സഹായമില്ലതെ ഇന്ദ്രിയ ഗോചരണത്തിലൂടെ മാത്രം സത്യം ഗ്രഹിക്കാൻ കഴിയും.' *(മൽഫൂസാത്ത് വോ. 2 പേ 119- 2019)*

തെളിവ് ആവശ്യമില്ലാതെ മാധുര്യത്തിലേക്ക് നേരിട്ട് ആകർഷിക്കപ്പെടുന്ന ഉറുമ്പിനെപ്പോലെ ദൈവം ഹൃദയത്തിന് സവിശേഷമായ ഒരു സഹജാവബോധം നൽകിയിട്ടുണ്ട്. ഉറുമ്പുകൾക്ക് എവിടെ പോകണമെന്ന് അറിയാവുന്നത് പോലെ യുക്തിസഹമായ വിശകലനം ആവശ്യമില്ലാതെ ഹൃദയം സത്യവും അതിന്റെ ദിശയും മനസ്സിലാക്കുന്നു. ഒരുപക്ഷേ അതുകൊണ്ടാണ് 'നിങ്ങളുടെ ഹൃദയത്തെ പിന്തുടരുക' എന്ന് നാം പറയുന്നത്. ഹൃദയം ദൈവവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അതിൽ ഉള്ളടങ്ങിയ ഒരു ആന്തരിക ജ്ഞാനമാണ് നമ്മെ നയിക്കുന്നത്. അതേസമയം മസ്തിഷ്കം അതിനെ വിവരങ്ങൾ നൽകി മാത്രം പിന്തുണയ്ക്കുകയാണ് ചെയ്യുന്നത്. നമ്മുടെ യഥാർത്ഥ മൂല്യങ്ങളും ജീവിതോദ്ദേശങ്ങളും ഹൃദയത്തിന്റെ അത്യഗാതങ്ങളിൽ വേരൂന്നിയതും നമ്മുടെ ഉള്ളിൽ അന്തർലീനവുമാണെന്ന് ആത്മീയ ശുദ്ധി തേടുന്നവർ മനസ്സിലാക്കുന്നു.

ഹൃദയത്തിന്റെ ഭാരം ഒരു പൗണ്ടിൽ കുറവാണ്. ഒരു അവയവം എന്നതിനെക്കാൾ ഹൃദയത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. അത് ഒരു മഹിഷ്ഠമായ ഒരു സംവിധാനമാണ്. രക്തം പമ്പ് ചെയ്യുന്നതിനപ്പുറം, വികാരങ്ങളുടെയും സ്നേഹത്തിന്റെയും അഭിലാഷങ്ങളുടെയും കേന്ദ്രമായി ഇത് പ്രവർത്തിക്കുന്നു. നൂറ്റാണ്ടുകളായി കവികളെയും കലാകാരന്മാരെയും അതിന്റെ രഹസ്യങ്ങൾ വാക്കുകളിലും ഗാനങ്ങളിലും പകർത്താൻ പ്രചോദിപ്പിക്കുന്നു. എന്തുകൊണ്ടാണിത്? മനുഷ്യചിന്തകൾ പ്രകടിപ്പിക്കുന്നതിൽ വാക്കുകൾ പലപ്പോഴും പരാജയപ്പെടുന്നത് ഹൃദയം അനുഭവിക്കുന്നു. സ്നേഹത്തിന്റെ ആഴം, നഷ്ടത്തിന്റെ വേദന, ബന്ധത്തിന്റെ സന്തോഷം, ഈ വികാരങ്ങൾ ആത്മാവിനെ ഇളക്കിമറിക്കുന്നു. സർഗ്ഗാത്മകതയെ ജ്വലിപ്പിക്കുകയും ഹൃദയത്തെ കാലാതീതമായ ഒരു ചിന്തയുടെ ഉറവിടമാക്കി മാറ്റുകയും ചെയ്യുന്നു. എന്നാൽ അതിന്റെ ഏറ്റവും വലിയ സാക്ഷാത്ക്കാരം ഒരു ഉയർന്ന ലക്ഷ്യത്തിലേക്കാണ്. വിശുദ്ധ ഖുർആൻ നമ്മെ മനോഹരമായി ഓർമ്മിപ്പിക്കുന്നത് പോലെ: **'അതെ! 'അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ ഹൃദയങ്ങൾക്ക് ആശ്വാസം കൈവരൂ.'** (13:29) ദൈവത്തെ അന്വേഷിക്കുന്നതിൽ, ഹൃദയം ഒരു പ്രചോദനം മാത്രമല്ല യഥാർത്ഥ ശാന്തിയും അത് കണ്ടെത്തുന്നു. ശാരീരികവും ആത്മീയവുമായ അത്ഭുത സംവിധാനം എന്ന നിലക്ക് അതിന്റെ പങ്ക് പൂർത്തിയാക്കുകയും ചെയ്യുന്നു.

അതിശയകരമെന്നു പറയട്ടെ, ഹൃദയത്തിന്റെ അത്ഭുതം മനുഷ്യർക്കും അപ്പുറത്തേക്ക് വ്യാപിക്കുന്നു. നീണ്ട കഴുത്തിൽ ഗുരുത്വാകർഷണത്തിനെതിരെ രക്തം പമ്പ് ചെയ്ത് പ്രവർത്തിക്കുന്ന ഹൃദയങ്ങളുള്ള ജിറാഫുകൾ മുതൽ മനുഷ്യന് നീന്താൻ കഴിയുന്നത്ര വലിയ ഹൃദയമുള്ള തിമിംഗലങ്ങളിൽ വരെ ഹൃദയം പ്രവർത്തിക്കുന്നു. മിനിറ്റിൽ 1,200 തവണ വരെ ഹൃദയമിടിപ്പുള്ള ചെറിയ ഹമ്മിംഗ് ബേർഡുകളിൽ വരെ ഓരോ ജീവിയുടെയും ഹൃദയവും അതിന്റെ അതുല്യമായ ആവശ്യങ്ങൾക്ക് അനുയോജ്യമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അത് ഒരു മാനിന്റെ വേഗത നിലനിർത്തുകയോ സമുദ്രത്തിന്റെ മഞ്ഞു മൂടിയ ആഴത്തിൽ ഒരു തിമിംഗലം പമ്പ് ചെയ്യുകയോ ആകട്ടെ. ഓരോ ഹൃദയവും പരിപൂർണ്ണ സ്രഷ്ടാവിന്റെ ജ്ഞാനത്തിന് സാക്ഷ്യം വഹിക്കുന്നു.

കൃത്രിമ ഹൃദയങ്ങൾക്ക് രക്തം പമ്പ് ചെയ്യാൻ കഴിയുമെങ്കിലും യഥാർത്ഥ ഹൃദയത്തിന്റെ പ്രതിരോധശേഷി, സംവേദനക്ഷമത, സ്വയം ക്രമീകരിക്കുന്ന ബുദ്ധി എന്നിവ അതിനില്ല. ശാസ്ത്രത്തിന് ഇനിയും തുറക്കാൻ കഴിയാത്ത ഒരു നിഗൂഢത, ഒരു മാന്ത്രികത, സ്വാഭാവിക ഹൃദയത്തിൽ ഉണ്ട്.

ശക്തവും എന്നാൽ ദുർബലവുമായ ഹൃദയം സ്രഷ്ടാവിന്റെ ജ്ഞാനത്തിന്റെ ഓർമ്മപ്പെടുത്തലാണ്. പ്രത്യേക ഉദ്ദേശ്യത്തോടെ രൂപകൽപ്പന ചെയ്ത ഒരു മഹിതമായ അവയവമാണ്. ശാസ്ത്രജ്ഞരെയും അതിന്റെ സ്പന്ദനം അനുഭവിക്കുന്നവരെയും ഒരുപോലെ അത് അത്ഭുതപ്പെടുത്തുന്നു. അത് മിടിക്കുന്നിടത്തോളം കാലം പരമോന്നത സ്രഷ്ടാവിന് മാത്രം സൃഷ്ടിക്കാൻ കഴിയുന്ന എഞ്ചിനീയറിംഗിനുള്ള ആദരസൂചകമായി അത് ഓരോ ജീവിയിലും നിലകൊള്ളുന്നു.

ഖുർആനിലെ 23-ാം അധ്യായത്തിലെ 79-ാം വാക്യത്തിൽ അല്ലാഹു നമ്മെ ഓർമിപ്പിക്കുന്നു:

**'അവനത്രെ നിങ്ങൾക്ക് ചെവികളും കണ്ണുകളും ഹൃദയങ്ങളും ഉണ്ടാക്കിതന്നത്'.**

***വിവ കെ.വി.ഹസ്സൻ കോയ കോഴിക്കോട്, എ.എം***

AL-ISLAM

# സത്യദൂതൻ

## 100 വർഷത്തെ പത്രാധിപന്മാർ

**തയ്യാറാക്കിയത് : ബി. മൻസൂർ അഹ്മദ് മാത്തോട്ടം**

1. 1925- 1926




എച്ച്. ഹുസൈൻ സാഹിബ്

2. 1926 - 1927



വി. അബ്ദുൾ ഖയ്യൂം സാഹിബ്

3. 1927-1928



എൻ. ഹാമിദ് സാഹിബ്

4. 1928-1935 സത്യദൂതൻ പ്രസിദ്ധീകരിച്ചില്ല.

5. 1935-1952 എൻ. ഹാമിദ് സാഹിബ്


6. 1952-1954 സത്യദൂതൻ പ്രസിദ്ധീകരിച്ചില്ല.

7. 1954-1958




മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ്

8. 1958-1968



എൻ അബ്ദുർ റഹീം സാഹിബ്

9. 1969-1972




മൗലാനാ അബുൽ വഫാ സാഹിബ്

10. 1972-1974 എൻ. ഹാമിദ് സാഹിബ്


11. 1974-1979 എൻ. അബ്ദുർറഹിം സാഹിബ്.

12. 1979-1987



സിദ്ദീക് അമീറലി സാഹിബ്

13. 1987-1988



ബി. യം കോയാ സാഹിബ്

14. 1988-1998 എൻ. അബ്ദുർറഹീം സാഹിബ്

15. 1998-2001



മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്

16. 2001-2025



എ. എം. മുഹമ്മദ് സലീം സാഹിബ്

# ഉക്രെയ്ൻ യുദ്ധം:
## റഷ്യക്കനുകൂലമായി അമേരിക്കയുടെ വൻ മാറ്റം




അമേരിക്കൻ പ്രസിഡണ്ട് ഡോണാൾഡ് ട്രംപിന്റെ രണ്ടാം ഭരണം ലോകത്ത് ആശങ്കയും അസ്വസ്ഥതയും സൃഷ്ടിച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. മൂന്ന് വർഷം മുമ്പ് 2022 ഫെബ്രവരി 24 ന് ആരംഭിച്ച റഷ്യ- ഉക്രെയ്ൻ യുദ്ധം കൗതുകവും ആശങ്കയുമുയർത്തുന്ന ഒരു വഴിത്തിരിവിൽ എത്തിനിൽക്കുകയാണ്. രണ്ടാമത് അധികാരത്തിൽ തിരിച്ചെത്തിയ ശേഷം ട്രംപ് ആരംഭിച്ച തീരുവാ യുദ്ധം യൂറോപ്യൻ രാജ്യങ്ങളുമായി സംഘർഷത്തിൽ നിൽക്കവേയാണ് ഉക്രെയ്ൻ യുദ്ധത്തിൽ യൂറോപ്യൻ രാജ്യങ്ങളെ തഴഞ്ഞ് റഷ്യയുമായി കൈകോർക്കുന്ന ട്രംപിന്റെ പുതിയ നയംമാറ്റം ലോകത്തെ അമ്പരപ്പിച്ചിരിക്കുന്നത്. മാത്രമല്ല ഐക്യരാഷ്ട്ര സഭയിലെ ജനറൽ അസംബ്ലിയിൽ റഷ്യൻ അക്രമത്തെ അപലപിച്ചുകൊണ്ട് യൂറോപ്യൻ രാജ്യങ്ങളുടെ പിന്തുണയോടെ ഉക്രെയ്ൻ അവതരിപ്പിച്ച പ്രമേയത്തിൽ റഷ്യക്കൊപ്പം ചേർന്ന് അമേരിക്ക എതിർത്ത് വോട്ട് ചെയ്തിരിക്കുകയാണ്. യൂറോപ്പിന്റെ സുരക്ഷയുടെ കാവൽക്കാരൻ എന്ന നിലക്ക് 32 അംഗ നാറ്റോ സഖ്യത്തിന്റെ നേതൃത്വവും അമേരിക്കക്കാണ്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ധ്രുവീകരിക്കപ്പെട്ട ലോക ശാക്തിക ചേരിയുടെ ഒരു വശത്ത് റഷ്യയും മറുവശത്ത് അമേരിക്കയുമായി ലോക രാഷ്ട്രങ്ങൾ ഏറെകുറെ അണിനിരന്നിരിക്കുകയാണ്. അങ്ങനെയുള്ള അവസരത്തിലാണ് പെട്ടെന്നുള്ള ഈ നയം മാറ്റം.

മൂന്ന് വർഷം മുമ്പ് റഷ്യ ഉക്രെയ്നെ ആക്രമിച്ചതോടെ ആരംഭിച്ച യുദ്ധത്തിൽ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളുമായിരുന്നു ഉക്രെയ്നു പിന്നിൽ ശക്തമായി നിലകൊണ്ടിരുന്നത്. വിനാശകരമായ ആ യുദ്ധം തുടരവെയാണ് അസ്ഥിരമായ നയങ്ങൾക്ക് കുപ്രസിദ്ധനായ ട്രംപ്, ഉക്രെയ്ൻ പ്രസിഡണ്ട് വൊളോഡമിർ സെലൻസ്കിയേയും യൂറോപ്യൻ യൂണിയനെയും ഒഴിച്ചു നിർത്തികൊണ്ട് ഉക്രെയ്ൻ-റഷ്യാ യുദ്ധം അവസാനിപ്പിക്കുമെന്ന് പറയുന്നത്. ട്രംപിന്റെ ഈ നീക്കം ഉണ്ടാക്കിയ ആശയക്കുഴപ്പവും സംഘർഷവും അന്തർദേശീയ രാഷ്ട്രീയ രംഗത്ത് സന്നിഗ്ദ്ധതകളും ആശയകുഴപ്പങ്ങളും സൃഷ്ടിച്ചിരിക്കയാണ്. ഉക്രയ്ൻ ആക്രമിച്ച റഷ്യയെ ഒറ്റപ്പെടുത്താൻ ലോക രാജ്യങ്ങളോട് ആഹ്വാനം ചെയ്ത് റഷ്യക്കെതിരെ ഉപരോധമടക്കം ആഹ്വാനം ചെയ്ത രാജ്യമായിരുന്നു അമേരിക്ക. ഗൂഢമാർഗ്ഗങ്ങളിലൂടെയുള്ള നയതന്ത്രവും വ്യവസ്ഥാപിത നിയമങ്ങളെയും നീതിതത്ത്വങ്ങളോടുള്ള തിരസ്ക്കാരവും പതിവാക്കിയ രാജ്യങ്ങളാണ് അമേരിക്കയും ഇസ്റയേലും. ഭൗതിക ലാഭവും സ്വന്തം ലാഭേഛയും മാത്രം ലക്ഷ്യം വെക്കുന്ന അമേരിക്കയുടെ നയവും നയ വഞ്ചനയും ലോകം പല സന്ദർഭങ്ങളിലും തിരിച്ചറിഞ്ഞതാണ്.

ഉക്രെയ്ൻ റഷ്യാ യുദ്ധം അവസാനിപ്പിക്കാൻ സഊദി തലസ്ഥാനമായ റിയാദിൽ യു എസ്സ്-റഷ്യ മന്ത്രിതല ചർച്ചക്ക് ശേഷം അടുത്ത ദിവസങ്ങളിൽ തന്നെ ട്രംപ് പുടിൻ കൂടിക്കാഴ്ച്ചക്കുള്ള വേദി ഒരുങ്ങുകയാണ്. സഊദി ഉന്നതതല ഉച്ചകോടിയിൽ ഉക്രെയ്നെയും യൂറോപ്യൻ പ്രതിനിധികളെയു വിളിച്ചിരുന്നില്ല. അമേരിക്ക റഷ്യ വിരുദ്ധ നയം ഉപേക്ഷിച്ച് യുദ്ധത്തിന് ഉത്തരവാദി ഉക്രെയ്ൻ ആണെന്നാണ് ട്രംപിന്റെ പുതിയ കണ്ടെത്തൽ. ഏകാതിപധിയായ സെലൻസ്കി തിരഞ്ഞെടുപ്പ് നടത്താതെ ഭരണത്തിൽ തുടരുന്നതിനാണ് യുദ്ധം

നീട്ടികൊണ്ട് പോകുന്നതെന്ന് റഷ്യൻ പക്ഷത്ത് നിന്നു കൊണ്ടുള്ള ട്രംപിന്റെ പരസ്യ വിമർശനം ലോക രാഷ്ട്രങ്ങളെ ആകമാനം അമ്പരപ്പിക്കുകയും ആശയ കുഴപ്പത്തിലാക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല യുദ്ധകാലത്ത് അമേരിക്ക ചെയ്ത സഹായത്തിന് പകരമായി യുക്രെയ്ന്റെ പകുതി ധാതുവിഭവങ്ങൾ (50,000 കോടി ഡോളർ) അമേരിക്കക്ക് നൽകണമെന്ന ട്രംപിന്റെ ഹീനമായ ആവശ്യം പ്രസിഡന്റ് സെലെൻസ്കി തള്ളി. താൻ രാജ്യത്തെ വിറ്റതല്ലെന്നും പ്രതിരോധിക്കുകയാണ് ചെയ്തതെന്നും ഇത്രയും ഭീമമായ തുകക്കുള്ള സഹായം അമേരിക്ക നൽകിയിട്ടില്ലെന്നും സെലൻസ്കി തിരിച്ചടിച്ചു. റഷ്യയുടെ നുണ കുമിളകളിൽ കുടുങ്ങിയിരിക്കയാണ് ട്രംപ് എന്നും റഷ്യക്ക് മുന്നിൽ കീഴടങ്ങാൻ തന്റെ രാജ്യത്തെ ആർക്കും നിർബന്ധിക്കാനാകില്ലെന്നും സെലൻസ്കി പറഞ്ഞു. തങ്ങളെ മാറ്റി നിർത്തിയുള്ള ഒരു കരാറും ഉക്രെയ്ൻ അംഗീകരിക്കില്ലെന്ന് സെലൻസ്കി പറഞ്ഞു. സെലൻസിക്കെതിരെയുള്ള ട്രംപിന്റെ പരാമർശത്തെ ജർമൻ ചാൻസലർ ഓൾഫ് ഷോൾസും യു.കെ പ്രധാനമന്ത്രി കെയിൻ സ്റ്റാർമറും യൂറോപ്യൻ യൂണിയൻ ഉന്നത വാക്താവ് കാജാ കല്ലാസും അപലപിക്കുകയുണ്ടായി. വാക്പോരിന് ശേഷം ഉക്രെയ്നെ അനുനയിപ്പിക്കാൻ അമേരിക്ക ശ്രമിക്കുന്നുണ്ട്. ഉക്രെയ്ന്റെ അമൂല്യമായ ധാതു സമ്പത്ത് യുദ്ധസഹായത്തിനും യുദ്ധം നിർത്താനും പകരമായി അവശ്യപ്പെട്ട ട്രംപിന്റെ സമ്മർദ്ദത്തിന് സെലൻസ്കി വഴങ്ങി എന്നാണ് ഇതെഴുതുമ്പോൾ കിട്ടിയ അവസാന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. യുദ്ധം നിർത്തുന്നതിലും ലാഭം കൊയ്യുന്ന ട്രംപിന്റെ നീതിബോധം എന്തായിരിക്കും? ലാഭത്തിലും നേട്ടത്തിലും മാത്രം കണ്ണ് നട്ട് തത്വദീക്ഷയില്ലാതെ രാഷ്ട്രീയം കളിക്കുന്ന ട്രംപ് എന്ന ദുർമോഹി ഇനി എന്തെല്ലാം അനർത്ഥങ്ങളും നയവഞ്ചനകളുമാണ് ചെയ്തുകൂട്ടുക എന്ന് കാണേണ്ടിയിരുക്കുന്നു.

ട്രംപ് അധികാരമേറ്റെടുത്തതിന് ശേഷം അദ്ദേഹത്തെ കാണാൻ പോയത് മൂന്ന് ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള രാഷ്ട്ര തലവന്മാർ മാത്രമാണ്. ഇസ്റയേൽ പ്രധാനമന്ത്രി ബഞ്ചമിൽ നെതന്യാഹു, ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി, ജോർദ്ദാൻ രാജാവ് അബ്ദുല്ലാ ഇബ്നു അൽ ഹുസൈൻ എന്നിവരാണവർ. ഒരൊറ്റ യൂറോപ്യൻ രാഷ്ട്രതലവനും ട്രംപിനെ സന്ദർശിച്ചിട്ടില്ല. ഇതിനിടെയുണ്ടായ മറ്റൊരു സംഭവവികാസം, യു എസ്സിന്റെ പ്രത്യക്ഷ സഹായമില്ലാതെ കിഴക്കൻ യൂറോപ്പിൽ അതിദ്രുതം സേനാ വിന്യാസം നടത്തുന്നതിനുള്ള കഴിവ് പരിശോധിച്ച് നാറ്റോ ബൾഗേരിയ, റൊമാനിയ ഗ്രീസ് എന്നിവിടങ്ങളിൽ സെറ്റഡ് ഫാസ്റ്റ് ഡാർട്ട് 2025 എന്ന് പേരിട്ട സൈനിക അഭ്യാസത്തിൽ 9 നാറ്റോ രാജ്യങ്ങളിൽ നിന്നുള്ള പതിനായിരത്തോളം സൈനികരാണ് പങ്കെടുക്കുന്നത്. അമേരിക്കയും, കാനഡയും 30 യൂറോപ്യൻ രാജ്യങ്ങളും ചേർന്ന സൈനിക സഖ്യമാണ് 1949 ൽ സ്ഥാപിതമായ നാറ്റോ. ട്രംപ് റഷ്യക്ക് അനുകൂലമായി കരാറുണ്ടാക്കി ഉക്രെയ്ൻ യുദ്ധം അവസാനിപ്പിക്കുമോ എന്നാണ് യൂറോപ്യൻ രാജ്യങ്ങളുടെ ഭീതി.

അമേരിക്കയെ നയിക്കുന്നത് ഇസ്റയേലും യഹൂദ ലോബിയുമാണെന്ന് തോന്നുമാറ് അമേരിക്ക ഇസ്റയേലിന് വേണ്ടി എല്ലാ ലോക മര്യാദകളും കാറ്റിൽ പറത്തി അവരുടെ ആജ്ഞാനുവർത്തിയായി മാറിയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇസ്റയേൽ താൽപര്യങ്ങൾക്ക് വേണ്ടി എന്തും ചെയ്യാൻ തയ്യാറായി നിൽക്കുകയാണ് ആ രാജ്യം.

അമേരിക്കയുടെ പ്രത്യക്ഷമായ നയം മാറ്റത്തിന്റെ പശ്ചാത്തലത്തിൽ അവരുടെ പശ്ചിമേഷ്യൻ നയം കൂടി നാം പരിശോധിക്കേണ്ടതുണ്ട്. ഇസ്റായേലിന് അനുകൂലമായി അവരുടെ അയൽ രാജ്യമായ സിറിയയിൽ റഷ്യ സ്വീകരിച്ച നയവും ഇസ്റയേലുമായുള്ള ഒരു ഒത്തുകളിയായിരുന്നു. സിറിയയിൽ റഷ്യയുടെ സഹായത്തോടെ ഭരിച്ചിരുന്ന ബശ്ശാറുൽ അസദിനെ ഇസ്റയേലിന്റെയും തീവ്രവാദികളുടെയും ആക്രമണത്തിൽ നിന്ന് റഷ്യ സംരക്ഷിക്കുമെന്നാണ് നാം കരുതിയത്. എന്നാൽ സംഭവിച്ചതെന്താണ്.? റഷ്യ ബശ്ശാറിനെ പ്രതരോധിക്കാനൊന്നും പോയില്ല. കുറഞ്ഞ ദിവസം കൊണ്ട് സിറിയയിൽ ഭരണം പിടിച്ച ഹൈഅത്ത് തഹ്രീർ അശ്ശാം (എച്ച് ടി എസ്) നേതാവ് അബൂ മുഹമ്മദ് അൽ ജൂലാനി യാതൊരു തടസ്സങ്ങളുമില്ലാതെ ബശ്ശാറിനെ പുറത്താക്കി സിറിയൻ ഭരണം പിടിച്ചെടുക്കുകയാണുണ്ടായത്. അൽ ജൂലാനിയെ അൽഖായിദാ ബന്ധം ആരോപിച്ച് അമേരിക്ക ഭീകരനായി പ്രഖ്യാപിച്ചതാണ്. മാത്രമല്ല അയാളെ പിടികൂടുന്നവർക്ക് ഒരു കോടി ഡോളർ ഇനാം വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. ഇപ്പോൾ അമേരിക്ക ജൂലാനിയുടെ ഭീകരത പിൻവലിച്ചു. ഇസ്റയേലിന്റെ നല്ല അയൽക്കാരനായി ഇപ്പോൾ ഭരണം നടത്തുകയാണ്. പശ്ചിമേഷ്യ സന്ദർശിച്ച യു എസ് നയതന്ത്ര സംഘവും അൽ ജൂലാനിയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. അങ്ങനെ കൊടും ഭീകരൻ ജൂലാനി ഒറ്റയടിക്ക് സമാധാനത്തിന്റെ വെള്ളരി പ്രാവായി മാറിയിരിക്കുന്നു. പക്ഷേ ഹൈഅത്ത് തഹ്രീർ അശ്ശാം (എച്ച്

ടി എസ് ) അമേരിക്കയുടെ ഭീകര പട്ടികയിൽ ഇപ്പോഴുമുണ്ട്. ആവശ്യം, കഴിഞ്ഞാൽ ജൂലാനിയെ വീണ്ടും ഭീകരനാക്കി അയാൾ ഭരിക്കുന്ന സിറിയയെ അമേരിക്കയും ഇസ്റ യേലും ചേർന്ന് മുഴുവൻ പിടിച്ചടക്കി അവസാനം ഇസ്റയേലിനോട് ലയിപ്പിക്കാനും സാധ്യതയുണ്ട്. അപ്പോൾ സിറിയയിലെ സ്വാഭാ വിക ഭരണാധികാരി ബശ്ശാറിനെ അക്രമിച്ചു പുറത്താക്കി എന്ന ദു ഷ്പ്പേരില്ലാതെ ജൂലാനി എന്ന ഭീകരനെ പുറത്താക്കിക്കൊണ്ട് ഇസ്റയേലിന് അയൽ രാജ്യമായ സിറിയ പിടിച്ചെടുക്കാനും തങ്ങ ളുടെ രാജ്യത്തോട് കൂട്ടി ചേർത്ത് വികസിപ്പിക്കാനും പദ്ധതിയാണോ ഇതെന്ന് സംശയിക്കാവുന്നതാണ്. ഇറാഖിൽ ചെയ്ത രീതി ഇതാണ്. അമേരിക്കയും റഷ്യയും ഭീകരത യുടെ നരകം സൃഷ്ടിക്കുന്നതും സ മാധാനത്തിന്റെ സ്വർഗ്ഗം സൃഷ് ടിക്കുന്നതും ഇങ്ങനെയാണ്. ഇതാ ണ് വൻശക്തികൾ സൃഷ്ടിക്കുന്ന നയതന്ത്ര മായാജാലം.

ഗസ്സാ യുദ്ധം അവസാനിപ്പിക്കു മെന്ന് പറഞ്ഞാണ് ഇസ്റയേലി ന്റെ മാനസ പുത്രനായ ട്രംപ് സമാ ധാനത്തിന്റെ ദൂതനായി അമേരിക്ക യിൽ തിരഞ്ഞെടുപ്പിൽ മത്സരി ച്ച് ജയിച്ചത്. പ്രസിഡണ്ടായതിന് ശേഷം സിയോണിസത്തിന്റെ ഒരു ജീവനക്കാരനെപ്പോലെയാണ് അദ്ദേഹം പെരുമാറുന്നത്. ഇസ്റ യേലിന് നിരുപാധിക പിന്തുണ യും ആയുധങ്ങളും വാഗ്ദാനം ചെ യ്ത് ഗസ്സാ യുദ്ധം വീണ്ടും പുനരു ജ്ജീവിക്കാനും നിരാലബരായ ഫലസ്തീനികളെ ഗസ്സയിൽ നിന്നും പുറത്താക്കാനും ഗസ്സയെ ഇസ്റയേ ലിനോട് കൂട്ടിചേർക്കാനുമുള്ള അണിയറ നീക്കങ്ങളാണ് ട്രംപ് ന ടത്തിക്കൊണ്ടിരിക്കുന്നത്. ഇസ്റ യേൽ അനുകൂല തീവ്രവാദികളെ തന്റെ ഭരണകൂടത്തിലേക്ക് ട്രംപ് തിരുകി കയറ്റിയിരിക്കുകയാണ്. ഗസ്സയും വെസ്റ്റ് ബാങ്കും ഇസ്റയേ ലിനോട് കൂട്ടിചേർക്കണമെന്ന കടുത്ത നി ലപാടുള്ള യഥാസ്ഥി തിക ഇവാഞ്ചലിക്കൽ ക്രിസ്ത്യനി യും ഇസ്റയേൽ അനുകൂല തീവ്ര വാദിയുമായ മൈക്ക് ഹഖാബി ആണ് അമേരിക്കയുടെ ഇസ്റയേലി ലേക്കുള്ള ട്രംപ് ഭരണകൂടത്തിന്റെ നിയുക്ത അംബാസഡർ. ഇസ്റ യേൽ ഫലസ്തീൻ എന്നിങ്ങനെ നിർ ദ്വിഷ്ട ദ്വിരാഷ്ട്ര വാദം എന്നൊ ന്നില്ല. അത് അയുക്തികവും അപ്രാ യോഗികമാണെന്നാണ് അയാളുടെ നിലപാട്. ട്രംപിന്റെ നാഷനൽ സെക്യൂരിറ്റി അഡ്വൈസറായി നിയ മിക്കപ്പെട്ട മൈക് വാൾട്സ് പറ ഞ്ഞത് ഇസ്റയേലിനെ അവരുടെ പ്രവർത്തി തീർക്കുവാൻ അനുവ ദിക്കുക എന്നാണ്. ട്രംപിന്റെ സെ ക്രട്ടറി ഓഫ് സ്റ്റേറ്റ് മാർക്കോ റൂബി യോ, ഡിഫൻസ് സെക്രട്ടറി പീറ്റർ ഹെഗ്സെത് ഇവരെല്ലാം കടുത്ത ഇസ്റയേൽ പക്ഷപാതിത്വമുള്ള ഒരേ തൂവൽ പക്ഷികളാണ്. കൂടാതെ ട്രംപിന്റെ യഹൂദ മതത്തിലേക്ക് മാ റിയ മകൾ ഇവങ്കാ അവരുടെ ഭർ ത്താവ് ജാറെഡ് കുശ്നർ എന്നി വരും ഭരണ കൂടത്തിലുണ്ട്. യു എന്നിൽ ട്രംപ് നിയമിച്ച് എലീസെ സ്റ്റെഫാനിക്. 2017 ൽ അദ്ദേഹം പറ ഞ്ഞത് ഇസ്റയേൽ യഹൂദരുറ്റെ ഒരു 'ബിബ്ലിക്കൽ അവകാശമാണ്' എന്നാണ്. ജെറുസലേം മുഴുവനും ഇസ്റയേലിന്റെ തലസ്ഥാനം ആ ണെന്നാണ് ട്രംപിന്റെ തന്നെ പ്രഖ്യാ പിത നിലപാട്.

യൂറോപ്യൻ യൂണിയനെ (ഇ യു) ഇസ്റയേലിനും സിയോ ണിസത്തിനും അനഭിമതരാക്കാൻ പല കാരണങ്ങളുണ്ടാകാം. ഒന്ന് ചരിത്രപരമാണ്. യഹൂദരെ ഏറ്റവും കൂടുതൽ പീഡിപ്പിച്ചത് യൂറോപ്പിലെ ക്രിസ്തീയ രാജ്യങ്ങളാണ് എന്നതാ യിരിക്കാം. രണ്ടാമത്തേത് യൂറോപ്പി ന് ഫലസ്തീനിനോട് അൽപ്പാൽപ മായി കൂടിവരുന്ന അനുഭാവവും അവരുടെ ജനാധിപത്യബോധവുമാ ണ്. അമേരിക്കയെ പോലെ യൂറോ പ്യൻ രാജ്യങ്ങൾ ഇസ്റയേലിന് അത്രമാത്രം അടിമപ്പെട്ടിട്ടില്ല. 1999 ലെ ബെർലിൻ പ്രഖ്യാപനത്തിലാണ് ഫലസ്തീൻ രാഷ്ട്രമെന്ന ആശയ ത്തെ യൂറോപ്യൻ യൂണിയൻ ആദ്യമായി അംഗീകരിച്ചത്. അതിനു മുമ്പ്, യൂറോപ്യൻ യൂണിയനും അതിന്റെ മുൻഗാമിയായ യൂറോപ്യൻ കമ്മീഷനും 1973 മുതൽ പലസ്തീ നികളെ 'ഒരു ജനത' ആയി അംഗീ കരിക്കുകയും അവർക്ക് ഒരു 'ജന്മ ദേശം' ഉണ്ടായിരിക്കേണ്ടതിന്റെ ആവ ശ്യകതയും അവരുടെ 'അവകാശം' പ്രയോഗിക്കാനുള്ള സ്വാതന്ത്ര്യ വും ഫലസ്തീൻ അവകാശങ്ങളെ നിയമ വിധേയമാക്കിക്കൊണ്ടുള്ള വിവിധ അവകാശ പ്രഖ്യാപനങ്ങ ളിലൂടെ യൂറോപ്യൻ രാജ്യങ്ങൾ വിളംബരപ്പെടുത്തിയതാണ്. ഫല സ്തീനിനും ഇസയേലിനും ദ്വിരാ ഷ്ട്ര വാദമാണ് ഇ യു വിന്റെ ഔ ദ്യോഗിക നിലപാട്. ഇസ്റയേലിന്റെ അധിനിവേശ ഭൂമിയിലെ പാർ പ്പിട നിർമ്മാണം ഇ യു ശക്തമായി എതിർക്കുന്നു. ഗസ്സ യുദ്ധത്തിലെ ഇസ്റയേലിന്റെ അമിതമായ ആയുധ പ്രയോഗത്തെയും കഠിനമായി അപ ലപിക്കുന്നു. ഇ യു ഫലസ്തീനി കൾക്ക് ഗണ്യമായ സാമ്പത്തിക സഹായവും ഗസ്സയിൽ വികസന സഹായവും വാഗ്ദാനം ചെയ്തി ട്ടുണ്ട് തീർച്ചയായും ഇതൊന്നും ഫസ്തീനികളെ കൂട്ടകൊല ചെയ്ത് അവരുടെ ഭൂമി കൈക്കലാക്കാൻ ശ്രമിക്കുന്ന ഇസ്റയേലിന് രസി ക്കുന്ന കാര്യമാകില്ല. ലോകത്തിന്റെ നീതി തത്ത്വങ്ങൾ പാലിക്കാത്ത ഇസ്റയേലിനും അവരുടെ താ ളത്തിനനുസരിച്ച് തുള്ളുന്ന തൻ കാര്യം മാത്രം നോക്കുന്ന സ്വാർത്ഥ രായ അമേരിക്കക്കും അനിഷ്ടത്തിന് കാരണമാകുന്ന കാര്യങ്ങളാണ്.

# www.mta.tv




## Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA's future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA's programs being unmatched in their high level of quality.

Published on 07.03.2025

Pages 44
RNI No. 3332/1957, Registered KL/EKM/726/2024-26
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without
Prepayment **The Sathyadoothan Monthly**

Vol: 97 Issue.03
Price Rs. 30/-

**വായിക്കുക, വരിക്കാരാവുക!**

# സത്യദൂതൻ

**Rs. 30/-**



**ഒരു നൂറ്റാണ്ട് പിന്നിട്ട**
**മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

# SUBSCRIBE

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

G Pay
accepted here

ISLAM INTERNATIONAL
PUBLICATIONS
+91 94470 86862

9447086862@okbizaxis

BHIM UPI

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
***Email : sathyadoothan1@gmail.com***
***Phone No: 9447086862 (G. Pay)***

ഈ ക്യൂആർ കോഡ് ഉപയോഗിച്ച്
വരിസംഖ്യ അയക്കുന്നവർ രസീതിന്റെ
സ്ക്രീൻ ഷോട്ട്, പേര്, വിലാസം എന്നിവ
സർക്കുലേഷൻ മാനേജർക്ക് അയച്ചു
നൽകുവാൻ താൽപര്യപ്പെടുന്നു.
9995950052

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Oset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.